സ്പെഷ്യൽ പാക്കേജിലൂടെ ചെറിയതോതിലെങ്കിലും സഹായിക്കാൻ ഗവൺമെന്റ് സന്മനസ്സ് കാണിച്ചുവെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. അത് ഗവൺമെന്റിന്റെ നേട്ടമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ അടയ്ക്ക കൃഷിക്കാരുടെ പ്രശ്നം പറഞ്ഞു. അടയ്ക്ക സംഭരിക്കാൻ ഗവൺമെന്റ് തയ്യാറായി. ഓരോ സന്ദർഭത്തിലും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഗവൺമെന്റ് കൃഷിക്കാരെ സഹായിക്കാൻ മുന്നോട്ടു വന്നിട്ടുണ്ട്. എങ്കിലും ഈ മേഖലയിൽ ഇന്ന് നമ്മൾ ആഗ്രഹിക്കുന്ന വിധത്തിലുള്ള ഉണർവ്വ് ഉണ്ടാക്കിക്കൊണ്ട് കാർഷിക മേഖലയെ രക്ഷിക്കാൻ ഗവൺമെന്റിന് പൂർണ്ണമായും കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സമ്പദ്ഘടനയുടെ ഒരു വലിയ പങ്കും മുതൽക്കൂട്ടുന്നത് കാർഷിക മേഖലയിൽ നിന്നാണ്. ഏതാണ്ട് അയ്യായിരം-ആറായിരം കോടിയോളം രൂപ സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് മുതൽക്കൂട്ടുന്ന കാർഷിക മേഖലയിൽ നിന്ന് ഇന്ന് ഒന്നും കിട്ടാത്ത സാഹചര്യത്തിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്. അതിന് ഉത്തരവാദി കഴിഞ്ഞ കാലഘട്ടത്തിൽ സംസ്ഥാനം ഭരിച്ച മാർക്സിസ്റ്റ് പാർട്ടിയും എൽ.ഡി.എഫ്. ഗവൺമെന്റും ഇന്ന് രാജ്യം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റുമാണ്. ഇന്ന് ഈ രാജ്യം ഭരിക്കുന്ന ബി.ജെ.പി.-യുടെ ഗവൺമെന്റ് ഓരോ കാർഷിക ഉൽപ്പന്നവും ഇറക്കുമതി ചെയ്യുന്നതിനുള്ള ഡ്യൂട്ടി ദിവസേന കുറച്ചുകൊണ്ടിരിക്കുകയാണ്. 300 ശതമാനം ഡ്യൂട്ടി ചുമത്തിയിരുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇന്ന് ഏതാണ്ട് മുപ്പതും നാൽപ്പതും ശതമാനം വരെ നികുതി കുറച്ച് ചുമത്തിക്കൊണ്ട് മറ്റ് രാജ്യങ്ങളിൽനിന്നും കാർഷിക ഉൽപ്പന്നങ്ങൾ ഇഷ്ടംപോലെ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഇവിടെ കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. വിയറ്റ്നാമിൽ നിന്നും ഇൻഡോനേഷ്യയിൽനിന്നും ശ്രീലങ്ക വഴി നമ്മുടെ സംസ്ഥാനത്തിലേക്ക് കുരുമുളക് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും കൂടുതൽ മെച്ചപ്പെട്ട കുരുമുളക് ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിൽ ഏറ്റവും നല്ല കുരുമുളക് ഉണ്ടായിരിക്കെ ഇൻഡോനേഷ്യയിലേയും വിയറ്റ്നാമിലേയും ഒന്നിനും കൊള്ളാത്ത കുരുമുളക് ശ്രീലങ്ക വഴി ഇറക്കുമതി ചെയ്തുകൊണ്ട് കേരളത്തിലെ കുരുമുളകുമായി കൂട്ടിക്കലർത്തി വീണ്ടും എക്സ്പോർട്ട് ചെയ്തുകൊണ്ട് കുത്തകമുതലാളിമാർക്ക് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്നതിന് സാഹചര്യം ഉണ്ടായിരിക്കുന്നു. അതിന് വഴിയൊരുക്കിക്കൊടുത്തിരിക്കുന്നത് ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റാണ്. ഇങ്ങനെ കഴിഞ്ഞ കാല ഗവൺമെന്റുകളുടെ പിടിപ്പുകെട്ട നയത്തിന്റെ ഫലമായി കേരളത്തിലെ പാവപ്പെട്ട കൃഷിക്കാർ ഇന്ന് അധോഗതിയിൽ എത്തിയിരിക്കുന്നു. അവരെ രക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് കാർഷിക മേഖലയിൽ അൽപ്പംകൂടി ഉണർവ്വോടുകൂടി പ്രവർത്തിച്ചുകൊണ്ട് ഈ മേഖലയെ രക്ഷിക്കാൻ പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കാൻ യു.ഡി.എഫ്. ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും മുന്നോട്ടു വരണമെന്നാണ്. വയനാട് പോലെയുള്ള പിന്നോക്ക ജില്ലകളെ സംബന്ധിച്ച് അവിടത്തെ ജനങ്ങൾ കർഷകർ-വളരെയേറെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു നിലയിലുള്ള നടപടിയും ഈ വകുപ്പ് സ്വീകരിക്കുന്നില്ല. നിസ്സംഗമായ ഒരു നിലപാട് അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അത് കേരളത്തിലെ തെങ്ങ് കൃഷിക്കാർക്ക് ഒരു കാരണവശാലും ഗുണം ചെയ്യില്ല.

കൊപ്ര സംഭരണത്തെ സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഞങ്ങൾ ശക്തമായ വിമർശനം ഉന്നയിച്ചു. അന്ന് സഖാവ് വി.എസ്.-ന് എതിരായി ശ്രീമതി ഗൗരിയമ്മ പൊട്ടിത്തെറിച്ചു. ഇങ്ങനെ ഒരു സംഭവം നടന്നിട്ടില്ല എന്ന് വരുത്തിത്തീർക്കാൻ കാര്യമായ ശ്രമമാണ് അന്ന് നടന്നത്. എന്നാൽ സംഭരണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷിച്ച ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം ജീവനക്കാർക്ക് എതിരായിട്ട് നടപടി എടുത്തതായിട്ട് 337-ാം നമ്പർ സ്റ്റാർഡ് ചോദ്യത്തിന്, സഭയിൽ ശ്രീമതി ഗൗരിയമ്മ ഉത്തരം നൽകുകയുണ്ടായി. കുറ്റമറ്റ രീതിയിൽ കൊപ്ര സംഭരണം നടത്തി നാളികേര കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കാൻ ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഈ വകുപ്പ് ഇപ്പോൾ കാണിക്കുന്ന പിടിപ്പുകേട് ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ അടയ്ക്കാ കൃഷിക്കാർ ഉള്ള ജില്ലയാണ് കാസർകോഡ്. 47 ആളുകളാണ് ഈ മേഖലയിൽ വായ്പ തിരിച്ചടക്കാൻ കഴിയാതെ, സാമ്പത്തിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തത്. ഇന്ന് മംഗലാപുരത്തുള്ള 'കാംപ്കോ' എന്ന സ്ഥാപനത്തെയാണ്, അടയ്ക്കാ സംഭരണത്തിന്റെ ചുമതല മൊത്തമായി ഏൽപ്പിച്ചിരുന്നത്. കേരളത്തിൽ ആകെ 'കാംപ്കോ'യ്ക്ക് ഉള്ള സംഭരണ സംവിധാനങ്ങൾ 18 കേന്ദ്രങ്ങളിൽ ആണ്. യഥാർത്ഥ കൃഷിക്കാരന് അടയ്ക്കാ കൊണ്ടുകൊടുക്കണമെങ്കിൽ കൃഷിഭവന്റെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. എന്നാൽ കൃഷിഭവനിൽ നിന്ന് യഥാസമയം സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ട് സാധാരണ കൃഷിക്കാർക്ക് 'കാംപ്കോ' നൽകുന്ന ആനുകൂല്യം നേടിയെടുക്കാൻ കഴിയുന്നില്ല. സർക്കാർ 'കാംപ്കോ' വഴി നൽകുന്ന ആനുകൂല്യങ്ങൾ മുഴുവൻ കുത്തക സംഭരണക്കാർ, കുത്തക കച്ചവടക്കാർ പൂർണ്ണമായി അടിച്ചെടുക്കുന്ന സാഹചര്യമാണ് ഉണ്ടായത്. അടയ്ക്കാ കൃഷിക്കാർക്ക്, പ്രത്യേകിച്ച് പാക്കേജ് പദ്ധതി പ്രകാരം നടപ്പിലാക്കിയ കാർഷിക കടാശ്വാസ പദ്ധതിയുടെ ഭാഗമായി കൊടുക്കാമെന്ന് പറഞ്ഞ 10 കോടി രൂപയിൽ രണ്ടു കൊല്ലം കൊണ്ട് 8 കോടിയാണ് കൊടുത്തത്. ആ കൊടുത്തത് തന്നെ സാധാരണ ആളുകൾക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. കാസർകോട് ജില്ലയിൽ നീലേശ്വരം കാർഷിക കോളേജ് ഉൾപ്പടെയുള്ള പ്രസിദ്ധമായ കാർഷിക ഗവേഷണസ്ഥാപനങ്ങളുണ്ട്. ആ കോളേജുകളേയും മഞ്ചേശ്വരത്തെ കൃഷി വിജ്ഞാന കേന്ദ്രത്തേയും എല്ലാം പൂർണ്ണമായി നശിപ്പിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. 66 ലക്ചറർമാർ ആവശ്യമുള്ള നീലേശ്വരത്തെ കാർഷിക കോളേജിൽ ഇന്ന് 26 പേരാണ് ഉള്ളത്. അവിടുത്തെ കുട്ടികൾ മറ്റു സ്ഥലങ്ങളിലേക്ക് ട്രാൻസ്ഫർ വാങ്ങിച്ച് പോകുകയാണ്. ആ സ്ഥാപനം സംരക്ഷിക്കാനാവശ്യമായ സംവിധാനം ഉണ്ടാകുന്നില്ല. മനോഹരമായ, വിപുലമായ കെട്ടിട സമുച്ചയം കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

കോളേജിന്റെ ഭാഗമായി അവിടെ നിൽക്കുമ്പോൾ കാസർകോട് ജില്ലയോട് സഹജമായി കാണിക്കുന്ന അവഗണനയിലൂടെ ഈ കൃഷി വിജ്ഞാന കേന്ദ്രത്തെ നശിപ്പിക്കുകയാണ്. പീലിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ 36 ശാസ്ത്രജ്ഞൻമാരെ ആവശ്യമുണ്ട്. 20 ൽ താഴെ ശാസ്ത്രജ്ഞൻമാർ മാത്രമാണ് ഇപ്പോൾ അവിടെയുള്ളത്. ഭാഷാ ന്യൂന പക്ഷങ്ങൾക്ക് കൃഷിയെ സംരക്ഷിക്കാൻ.....

മി. സ്പീക്കർ : യേസ്, നൗ കൺക്ലൂഡ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കൃഷി വിജ്ഞാനത്തിൽ പരിശീലനം നൽകാൻവേണ്ടി ആരംഭിച്ചതാണ് മഞ്ചേശ്വരത്തെ കൃഷി വിജ്ഞാന കേന്ദ്രം. ഒരൊറ്റ സയന്റിസ്റ്റാണ് അവിടെയുള്ളത്. ഇങ്ങനെ പിന്നോക്ക മേഖലയിൽ അതുപോലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നമ്മുടെ കാർഷിക പരിരക്ഷണ സംവിധാനങ്ങളിൽ ന്യായമായ അറിവ് സമ്പാദിക്കാൻ ആവശ്യമായ സംവിധാനങ്ങളുള്ള സ്ഥാപനത്തെ എങ്ങനെ കൊന്ന് കൊലവിളിക്കാം എന്നുള്ളതിന് ഈ സ്ഥാപനങ്ങളോടുള്ള സമീപനം നല്ല ദൃഷ്ടാന്തമാണ്. എല്ലാ മേഖലയിലും ഈ വകുപ്പ് ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് എതിര് നിൽക്കുകയാണ്. ഒരു വകുപ്പും മന്ത്രിയുമില്ലാത്ത നിലയിലേക്ക് കേരളത്തിലെ കാർഷിക മേഖലയെ തകർത്തിരിക്കുന്ന ഈ അവസ്ഥയിൽ ഈ വകുപ്പിന് ഒറ്റ നയാപൈസ പോലും കൊടുക്കരുതെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, കൃഷി, പിന്നോക്ക-പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ ഞാൻ പിൻതാങ്ങുകയാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാർഷിക മേഖലയേയും അതുപോലെതന്നെ നമ്മുടെ സമൂഹത്തിന്റെ അടിത്തട്ടിലുള്ള പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിന്റെയും ക്ഷേമത്തിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു കൊണ്ട് മുന്നോട്ട് പോകുകയാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കുഞ്ഞിരാമൻ കേരളത്തിലെ കൃഷിവകുപ്പിനെ സംബന്ധിച്ച് ചില പരാമർശങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്നിനും കൊള്ളാത്ത വകുപ്പ് എന്ന നിലയിലാണ് അദ്ദേഹത്തിന്റെ പരാമർശം. അങ്ങനെയാണ് അദ്ദേഹത്തിന്റെ പ്രസംഗം ഇവിടെ അവസാനിപ്പിച്ചത്. അക്കാര്യം നമുക്കറിയാം. ആര് എന്തെല്ലാം പറഞ്ഞാലും കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ചിരുന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ ഭരണ കാലത്ത് കേരളത്തിലെ കാർഷിക മേഖല തകർന്ന് തരിപ്പണമായി. കൃഷിക്കാരുടെ ഗതികേട് കണ്ട ഒരു കാലമായിരുന്നു അത്. ഏതാണ്ട് ഇരുപത്തിനാലായിരത്തോളം കോടി രൂപയുടെ ബാദ്ധ്യതയുമായി അധികാരത്തിൽ വന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിന്റെ ഭാവി സുരക്ഷിതത്വം കാർഷികമേഖലയെ നിലനിർത്തിക്കൊണ്ടു പോകേണ്ടതിന്റെ അനിവാര്യത എന്നിവ മനസ്സിലാക്കിക്കൊണ്ടുതന്നെ കാർഷിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് പരിണതപ്രജ്ഞയായ, ഈ സഭയിലെ ഏറ്റവും മുതിർന്ന, ബഹുമാന്യയായ കെ. ആർ. ഗൗരിയമ്മയ്ക്ക് തന്റെ വകുപ്പിലൂടെ നിരവധി നേട്ടങ്ങൾ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ദിവസം മുമ്പ് യു.ഡി.എഫ്. കൺവീനർ ഉമ്മൻചാണ്ടി എം.എൽ.എ. റബ്ബർ കൃഷി സംബന്ധിച്ച് ഒരു കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നു. അദ്ദേഹം എന്താണ് പറഞ്ഞത് ? കേന്ദ്ര ഗവൺമെന്റ് വീണ്ടും റബ്ബർ ഇറക്കുമതി ചെയ്യാൻ വേണ്ടി ആലോചിക്കുന്നു. അതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. ഈ ഗവൺമെന്റ് വരുമ്പോൾ റബ്ബറിന്റെ വില 21 രൂപയായിരുന്നു. അത് 54 രൂപ വരെയായി ഉയർന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ഭരണനേട്ടങ്ങളുടെ ഭാഗമായിത്തന്നെ കാർഷിക മേഖലയിൽ ഒരു പരിധി വരെയെങ്കിലും നേട്ടങ്ങളുണ്ടാക്കി മുന്നോട്ടുപോകാൻ കഴിഞ്ഞു. അത്തരം ഒരു സാഹചര്യത്തിലാണ് ഇവിടെ റബ്ബർ വീണ്ടും ഇറക്കുമതി ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത്. അതിനാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇവിടെ ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. നമ്മുടെ രാജ്യത്ത് ഇറക്കുമതി ചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് നമുക്ക് ചുമത്താവുന്ന ഡ്യൂട്ടി എത്രമാത്രം ചുമത്താൻ കഴിയുമോ അത്രയും ചുമത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖലയെ രക്ഷിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് ശക്തമായി മുന്നോട്ടു പോകണം. അതിന് ഈ സഭയിലെ ഭരണ പ്രതിപക്ഷ ഭേദമില്ലാതെ, കേരളത്തിന്റെ കാർഷിക മേഖലയുടെ രക്ഷയ്ക്കുവേണ്ടി അതിന്റെ ഉയർത്തെഴുന്നേൽപ്പിനുവേണ്ടി കൂട്ടായ പരിശ്രമം ആവശ്യമാണെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്.

അതുപോലെ കേരള സംസ്ഥാനത്ത് ഇന്ന് ഒരു പരിധിവരെ റബ്ബർ, തെങ്ങ്, ഉൾപ്പെടെയുള്ള കാർഷികവിളകൾക്ക് വിലയിൽ അൽപ്പം വർദ്ധന ലഭിച്ചിട്ടുണ്ട്. കാപ്പി കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന ജില്ലകളാണ് വയനാട്, ഇടുക്കി തുടങ്ങിയവ. അതുപോലെ കുരുമുളക് ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന ജില്ലകളാണ് മലയോരജില്ലകളെല്ലാം. കാപ്പിയുടെയും കുരുമുളകിന്റെയും വിലയ്ക്ക് ഒരു മാറ്റവുമില്ല. ഇന്നും വില താഴോട്ട് വരികയാണ്. കുരുമുളകിനും വില കുറഞ്ഞുവരുന്നു. കുരുമുളകിനും കാപ്പിക്കുമൊക്കെ വിലത്തകർച്ച ഉണ്ടാകുമ്പോൾ വിപണിയിൽ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിക്കൊണ്ട് അവ സംഭരിച്ചുകൊണ്ട് കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഡിസംബർ-ജനുവരി മാസങ്ങളിൽ ഇതിന്റെ സീസൺ ആരംഭിക്കുമ്പോൾത്തന്നെ ഗവൺമെന്റ് അതിനുവേണ്ടി ആവശ്യമായ നടപടികളുമായി മുന്നോട്ടു വന്നുവെങ്കിൽ മാത്രമേ ഇത്തരം കൃഷിക്കാരെ രക്ഷിക്കാൻ കഴിയൂ. അല്ലാതെ നക്കാപിച്ച നൂറോ ഇരുന്നൂറോ രൂപ ഇവിടത്തെ പാവപ്പെട്ട കൃഷിക്കാർക്ക് പാക്കേജിന്റെ പേരിൽ കൊടുത്തതുകൊണ്ട് അവർ രക്ഷപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ചുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിക്കൊണ്ട് കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകണം. കേരളത്തിൽ കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് 6 മൊത്ത വ്യാപാര കേന്ദ്രങ്ങൾ തുറക്കുന്നുവെന്നു പറഞ്ഞു. എന്നാൽ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനു വേണ്ടിയുള്ള ഇ.ഇ.സി.-യുടെ ഭാഗമായുണ്ടാക്കിയ മാർക്കറ്റ് എവിടെയും തുറന്നു പ്രവർത്തിക്കുന്നില്ല. സുൽത്താൻബത്തേരിയിൽ ഇതിന്റെ ഭാഗമായി ഒരു മാർക്കറ്റ് ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പണി പൂർത്തിയായിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് അത് ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. പക്ഷെ അത് പോയി. വൈദ്യുതി കണക്ഷൻ പോലും അവിടെ കിട്ടിയില്ല. കോടിക്കണക്കിന് രൂപ മുതൽ മുടക്കി ഉണ്ടാക്കിയിരിക്കുന്ന മൊത്ത വ്യാപാരത്തിനു വേണ്ടിയുള്ള അത്തരം കെട്ടിടങ്ങളും സംവിധാനങ്ങളും ഇന്ന് ആർക്കും ഉപയോഗപ്പെടാതെ കിടക്കുന്നു. അത് തുറന്ന് പ്രവർത്തിപ്പിക്കേണ്ടത് ആവശ്യമാണ്. അങ്ങനെ പ്രവർത്തിക്കുന്ന ഘട്ടം വന്നാൽ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾ അവിടെ കൊണ്ടുപോയി സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. പക്ഷെ, എല്ലാം വിഭാവനം ചെയ്തിട്ട് വർഷങ്ങൾ 7 പിന്നിട്ടു. ഇന്നു വരെ ആ മാർക്കറ്റുകൾ തുറന്നു പ്രവർത്തിക്കുവാൻ ആവശ്യമായ തീരുമാനം ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ആ മാർക്കറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ട് പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാൻ മുന്നോട്ടു വരണം.

ശ്രീ. കെ. കെ. ഷാജു : സർ, ചർച്ച ഇവിടെ തുടങ്ങിവച്ചുകൊണ്ട് ശ്രീ. കെ. വി. കുഞ്ഞിരാമൻ കേരളത്തിലെ കാർഷിക മേഖലയാകെ തകർന്നടിഞ്ഞുവെന്ന് പറയുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ് നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങളായ നെല്ലിന്റേയും റബ്ബറിന്റേയും നാളികേരത്തിന്റേയും വില ഇരട്ടിയായി, നെല്ല് കിന്റലിന് 490 രൂപയും ഒരു നാളികേരത്തിന്, ഒന്നര രൂപയും, റബ്ബറിന്റെ വില 21 രൂപയും ആയിരുന്നത് ഏതാണ്ട് പല മടങ്ങ് ഇരട്ടിയായി വർദ്ധിച്ചുവെന്ന വിവരം അങ്ങേയ്ക്ക് അറിയാമോ ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, നേരത്തെ അതിനെക്കുറിച്ച് സൂചിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു കിലോ റബ്ബറിന് 21 രൂപയായിരുന്നു. ഇന്ന് അത് 54 രൂപയായി ഉയർന്നു. കാപ്പിയുടെ വില വർദ്ധിച്ചു. കുരുമുളകിന്റെ വില വർദ്ധിച്ചു. ഒരു തേങ്ങയ്ക്ക് ഒന്നര രൂപയായിരുന്നത് 5 രൂപ വരെ വർദ്ധിച്ചു. അങ്ങനെ കർഷകന്റെ വിളകൾക്ക് എല്ലാത്തിനും വില വർദ്ധനവ് ഉണ്ടായി. എന്നാൽത്തന്നെ വീണ്ടും വിലത്തകർച്ച ഉണ്ടാകുന്ന വിധത്തിൽ കേന്ദ്രഗവൺമെന്റ് നടപടികൾ മുന്നോട്ടുപോവുകയാണ്. ഇത്തരം കാർഷികോല്പന്നങ്ങൾ സംഭരിച്ചുകൊണ്ട് കർഷകരിൽനിന്ന് അവരെ രക്ഷിക്കുവാൻ ആവശ്യമായ നടപടി ഉണ്ടായാൽ മാത്രമേ കേരളത്തിന് രക്ഷപ്പെടാൻ കഴിയൂ.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, കേരളത്തിലെ കാർഷിക മേഖലയിൽ ഉള്ള നിരവധിപേർ ആത്മഹത്യ ചെയ്യുന്നുവെന്ന പരാതിയാണ് കാർഷിക മേഖലയെ സംബന്ധിച്ച ചർച്ചയിൽ കഴിഞ്ഞ ദിവസം ഇവിടെ മുഴങ്ങിക്കേട്ടത്. ഇപ്പോൾ അതില്ലായെന്നും സ്വാഭാവിക മരണങ്ങളാണ് നടക്കുന്നതെന്നും അങ്ങ് സൂചിപ്പിച്ചു. കാർഷിക മേഖലയിൽ മറ്റൊരു വലിയ ദുരന്തം നടക്കുകയാണ്. വളർന്നുവരുന്ന പുതിയ തലമുറയ്ക്ക് കാർഷിക രംഗത്തോട് യാതൊരു താല്പര്യവുമില്ലാതെ മുന്നോട്ടുപോവുകയാണ്. ഈ തലമുറയെ കാർഷിക രംഗത്തേക്ക് തിരിച്ചുവിടാനുള്ള എന്തെങ്കിലും നിർദ്ദേശം അങ്ങയുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, കാർഷിക രംഗത്ത് യുവജനങ്ങളെ പങ്കാളികളാക്കുവാൻവേണ്ടി 1991-96-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് ചെറുപ്പക്കാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പദ്ധതിക്ക് ഇവിടെ രൂപം കൊടുത്തിരുന്നു. വിദ്യാസമ്പന്നരായ ചെറുപ്പക്കാർ കാർഷികവൃദ്ധിയിലേക്ക് വരാൻ വൈമനസ്യം പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഇന്നത്തെ മാറിയ സാഹചര്യത്തിൽ മറ്റു തൊഴിലുകൾക്ക് സാധ്യതയില്ല എന്നുള്ളതുകൊണ്ട് ഈ രംഗത്തേക്ക് അവരെ കൊണ്ടുവരാനും, അവരെ അതിന് പ്രോൽസാഹിപ്പിക്കുവാനുമുള്ള, നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്,.... പ്ളീസ്,... യുവർ ടൈം ഈസ് ഓവർ.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, ഇത്രയും കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആത്മാർത്ഥതയുണ്ടാകണം. ഒരു കാര്യംകൂടി സൂചിപ്പിക്കുവാനുണ്ട്. കാർഷികോല്പന്നങ്ങളുടെ വിലതകർച്ചയിൽ ഇഞ്ചിയുടെ വില തകർച്ചയിൽ കൃഷി ക്കാർ വലിയ ബുദ്ധിമുട്ടു അനുഭവിച്ചിരുന്നു. ഇന്ന് ഒരു പരിധിവരെ ഇഞ്ചിക്ക് നല്ല വില ലഭിക്കുന്നുണ്ട്. ഇഞ്ചിക്ക് ഗവൺമെന്റ് ഈടാക്കിയിരുന്ന ടാക്സ് ഒഴിവാക്കിക്കൊണ്ട് ആ കൃഷിയെ സഹായിക്കുവാൻവേണ്ടി ഗവൺമെന്റ് മുന്നോട്ട് വന്നതുമൂലമാണ് ഇഞ്ചിക്ക് നല്ല വില ലഭിക്കുന്ന സാഹചര്യം ഉണ്ടായത്. അങ്ങനെ കാർഷിക മേഖലയിൽ എല്ലാത്തിനും നല്ല വില ലഭിക്കുന്നതിന് ഗവൺമെന്റ് സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

വയനാട് പോലെയുള്ള പിന്നോക്ക ജില്ലകളിൽ സാധാരണക്കാരായ ജനവിഭാഗങ്ങൾക്ക് ഏറെ ഉപകരിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണവും ക്ഷീര വികസനവും. ആ മേഖലയുടെ പുരോഗതിക്കുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണം. ഇന്ന് കൃഷി ഭവനുകൾ നോക്കുകുത്തികളായി മാറിയിരിക്കുകയാണ്. കർഷകരുടെ കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷിക്കുവാനും അവയ്ക്ക് പരിഹാരം ഉണ്ടാക്കുവാനും ഈ കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥൻമാർക്ക് കഴിയുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സാധാരണക്കാർക്ക് പുതിയ, ശാസ്ത്രീയ രീതിയിൽ കൃഷി അവലംബിക്കുന്നതിനുള്ള മാർഗ്ഗം ഉണ്ടാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്,.... കൺക്ളൂഡ്,.... യുവർ ടൈം ഈസ് ഓവർ.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആത്മാർത്ഥമായ സമീപനം ഉണ്ടാകണം. എങ്കിൽ മാത്രമേ വരും കാലങ്ങളിൽ കൃഷിക്കാർക്ക് പിടിച്ചുനിൽക്കുവാൻ സാധിക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്,.... കുട്ടി അഹമ്മദ് കുട്ടി.....

ശ്രീ. എൻ. ഡി. അപ്പച്ചൻ : സർ, ജൈവകൃഷി പ്രോൽസാഹിപ്പിച്ച് അതിനെ വളർത്തിയെടുക്കുവാൻ ആവശ്യമായ നടപടി ഉണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ രണ്ടുവർഷത്തെ പ്രവർത്തനങ്ങളിൽ നിരവധിയായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടുവന്ന കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി അടക്കമുള്ളവരുടെ പ്രവർത്തനങ്ങൾ ശ്ളാഘനീയമാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് പ്രസംഗം നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ധനാഭ്യർത്ഥനകൾ അവതരിപ്പിക്കപ്പെട്ട വകുപ്പുകളിലെല്ലാംതന്നെ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്ന് ഞാൻ പറയുന്നില്ല. അത്ഭുതം നടന്നുവെന്ന് അവകാശപ്പെടുന്നുമില്ല. രണ്ടുവർഷം മുമ്പ് ഈ വകുപ്പുകളിൽ ഒരു കാര്യവും നേരെ നടക്കുമായിരുന്നില്ല. എന്നാൽ ആ സ്ഥിതി മാറി. കാര്യങ്ങൾ നേരെ നടക്കുവാൻ തുടങ്ങി. സ്ഥിതിഗതികൾ വളരെ മെച്ചപ്പെട്ടു. ഈ വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ സ്വയം സംസാരിക്കുന്ന തെളിവുകളായി നമ്മുടെ മുമ്പിലുണ്ട്. കേരളത്തിലെ ജനതയ്ക്ക് അത് അനുഭവേദ്യമായിട്ടുണ്ട്. അതുകൊണ്ട് അത് വിശദീകരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലും പിന്നോക്കക്ഷേമ വകുപ്പിലും ഭൂപരിഷ്ക്കരണത്തിന് നേതൃത്വം കൊടുത്ത, കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ മാറ്റത്തിന് നേതൃത്വം കൊടുത്ത നായികയായ ശ്രീമതി കെ.ആർ. ഗൗരിയമ്മ ഭരിക്കുന്ന കാർഷിക വകുപ്പിലും വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആദിവാസിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുണ്ട്. നിർഭാഗ്യകരമായ ചില സംഭവവികാസങ്ങൾ ഉണ്ടായി. ചില സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി ചിലർ നിഷ്കളങ്കരായ ആദിവാസികളെ അക്രമത്തിലേക്ക് തള്ളിവിട്ടതിന്റെ പരിണതഫലമായിരുന്നു അത്. ആ അവസരം മുതലെടുത്ത് ഇടതുപക്ഷക്കാർ പ്രത്യേകിച്ച് സി.പി.എം. കാർ അൺപാർലമെന്ററി വ്യാമോഹത്തിന് സാക്ഷാൽക്കരം നേടാൻ....(ബഹളം).....അൺപാർലമെന്ററി വ്യാമോഹത്തിന്, പാർലമെന്ററി അല്ല. അൺപാർലമെന്ററി വ്യാമോഹത്തിന് സാക്ഷാത്ക്കാരം നേടാൻ.....

ശ്രീ. ടി. കെ. ദേവകുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ,...

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഒരു പോയിന്റ് ഓഫ് ഓർഡറും ഇല്ല. എനിക്ക് സമയം അനുവദിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, പാർലമെന്ററി സംവിധാനത്തിൽ പങ്കെടുക്കുന്ന ഒരു പാർട്ടിയാണ് സി.പി.എം. അൺപാർലമെന്ററി എന്ന വാക്ക് പിൻവലിക്കണം.....(ബഹളം).....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : കേരളത്തെ ചോരക്കളമാക്കിമാറ്റി.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒന്ന് മിതമായിട്ട് സംസാരിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മിതമാണ്. വളരെ നല്ല വാക്കുകളാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : എനിക്ക് അറിയാം. അതുകൊണ്ടുതന്നെയാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മലയാളത്തിലും ഇംഗ്ലീഷിലും എറ്റവും നല്ല വാക്കുകളാണ് ഞാൻ പറഞ്ഞത്. ഇവിടെ ചോരക്കളമാക്കിയതും ആദിവാസികളുടെ പേരിൽ സമരാഭാസങ്ങൾ നടത്തിയതും ഒക്കെതന്നെ ജിം ഉണ്ടാക്കിയ വ്യവസായ വളർച്ചയ്ക്കുള്ള അന്തരീക്ഷം തകർക്കുവാനായിരുന്നു. ആ നിക്ഷേപ സൗഹൃദാന്തരീക്ഷം തകർക്കുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം. കേരളത്തിൽ ഇന്ന് ആർക്കെങ്കിലും പേടിയില്ലാതെ പുറത്തിറങ്ങുവാൻ കഴിയുമോ ? കഴിയില്ല. എന്താണ് കാരണം ? എപ്പോഴാണ് ഹർത്താൽ വരുക എന്ന് അറിയില്ല. ഏത് നിമിഷവും ഹർത്താൽ ഉണ്ടാകും. ഒരാഴ്ചയിൽ നാലല്ല. ഏഴു ദിവസവും ബന്ദ് ആണ്. യാത്ര ചെയ്യുമ്പോൾ എപ്പോഴാണ് കല്ലേറ് കൊണ്ട് മരിക്കുക എന്ന പേടിയാണ് ഇന്ന് കേരള ജനതയ്ക്കുള്ളത്. പിന്നെ എങ്ങനെയാണ് ഇവിടെ വ്യവസായം തുടങ്ങാൻ ആളുകൾ വരുക ? അവർ ആ സാഹചര്യം നശിപ്പിച്ചില്ലേ. ഇവിടെ വ്യവസായം തുടങ്ങുവാൻ വരുന്നവരെ അകറ്റിനിർത്തി ദുഃശകുനമായി ഇവർ നിൽക്കുകയാണ്. കേരള വികസനത്തിന്റെ വർണ്ണപകിട്ടാർന്ന സ്വപ്നങ്ങളിൽ എല്ലാംതന്നെ കരിനിഴലായിട്ട് മാത്രമേ സി.പി.എം. പ്രത്യക്ഷപ്പെടുന്നുള്ളൂ. സിപി.എം. കാർഷിക മേഖലയുടേയും വ്യാവസായിക മേഖലയുടേയും വളർച്ച മുരടിപ്പിച്ചു.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്,... പ്ളീസ്,...

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, സംരക്ഷണം തരണം സർ. ഉൽപ്പാദന മേഖല മുരടിപ്പിച്ചു. സാമ്പത്തിക തകർച്ചയിലേക്ക് കേരളത്തെ കൂപ്പു കുത്തിച്ചതിന്റെ ഉത്തരവാദത്തിൽനിന്ന് ഇവർക്ക് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ആ പാപഭാരം അവരുടെ ചുമലിലാണ്. ഇന്ന് സി.പി.എം.-നെ നോക്കി പാടുന്ന ഒരു പാട്ടുണ്ട്. പാപഭാരം ചുമക്കുന്ന ദുഃശകുനമാണു നീ.....അതാണ് ഇവർ.

11.00 AM] സർ, ദളിത് വിഭാഗങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ എസ്.സി. വിഭാഗത്തിന് കുറച്ചു മുന്നോട്ടു വരാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ സാമ്പത്തിക വളർച്ച ഉണ്ടായിട്ടില്ല. നമ്മുടെ ഗ്രാമങ്ങളിലും ടൗണുകളിലും നോക്കിക്കഴിഞ്ഞാൽ ഒരൊറ്റ കടയോ ഫാക്ടറിയോ എസ്.സി. വിഭാഗത്തിന്റേതായി ഉണ്ടായിട്ടില്ല. ഭൂപരിഷ്ക്കരണം ഉണ്ടായപ്പോഴും സമ്പത്തിന്റെ ഉടമകളാകാൻ ദളിതർക്ക് കഴിഞ്ഞിട്ടില്ല. അവരെ സമ്പത്തിന്റെ ഉടമകളാക്കാനുള്ള ശ്രമങ്ങൾക്ക് ഗവൺമെന്റ് തുടക്കം കുറിക്കണം. അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നോക്ക വികസനവകുപ്പ് രൂപീകരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. പിന്നോക്കക്ഷേമ കോർപ്പറേഷൻ നൽകുന്ന ലോണിന് പിഴപ്പലിശ ഒഴിവാക്കണം. സംവരണ വ്യവസ്ഥ പ്രകാരം പിന്നോക്ക വിഭാഗങ്ങൾക്ക് സർവ്വീസിൽ ലഭിക്കേണ്ട പ്രാതിനിധ്യത്തിൽ ഉണ്ടായ കുറവ് നികത്താനുള്ള അടിയന്തര നടപടകൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ നൽകിയ ഉറപ്പുകൾ പാലിക്കുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്. എന്നാൽ കാലതാമസം ആശങ്കയ്ക്ക് ഇടയാക്കുന്നു. 'കരുണ ചെയ്യാൻ എന്തു താമസം' എന്ന് ഗവൺമെന്റിനോട് ഞാൻ ചോദിക്കുകയാണ്. കൃഷിയെപ്പറ്റി ഞാൻ

രണ്ടു വാക്കു പറയുകയാണ്. വന്ധ്യമായിത്തീർന്ന മണ്ണ്, നിയന്ത്രിക്കാനാകാത്ത കീടങ്ങൾ, വിലയിടിഞ്ഞുവരുന്ന ഉൽപ്പന്നങ്ങൾ, നഷ്ടത്തിലേക്ക് കൂപ്പു കുത്തിക്കൊണ്ടിരിക്കുന്ന കൃഷി, കൃഷിയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട കർഷകർ, കൃഷിയെ പുച്ഛത്തോടെ വീക്ഷിക്കുന്ന സമൂഹം, ഇതാണ് ഇന്നലെയുടെ ബാക്കിപത്രമായി ലഭിച്ച കൃഷിയുടെ ചിത്രം. കാർഷികമേഖലയാകെ തകർന്നിരിക്കുന്നു എന്ന് ശ്രീ. കെ. വി. കുഞ്ഞിരാമൻ പറഞ്ഞു. അത് ഇന്നലെയുടെ കഥയാണ്. ഇന്നലെയുടെ ഇല്ലായ്മകളെ നന്നാക്കിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. എല്ലാം നശിപ്പിച്ച ഇടതുപക്ഷഭരണം, ഒരു പുതുനാമ്പുപോലും വളരാത്ത അല്ലെങ്കിൽ വളരാൻ കഴിയാത്ത ഊഷരമായ കാർഷികമേഖലയിൽ വളർച്ചയുടെ പുതുനാമ്പുകൾ വിതയ്ക്കാൻ വിപ്ലവ നായികയായ സാമൂഹ്യ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച, ഭൂ പരിഷ്ക്കരണ നിയമത്തിന് നേതൃത്വം കൊടുത്ത ശ്രീമതി ഗൗരിയമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് കാർഷിക മേഖലയിൽ വിടർന്ന സ്വപ്നത്തിന് ഏഴല്ല, എഴുന്നൂറ് വർണ്ണങ്ങളാണ്. ഈ ഗവൺമെന്റ് തീർച്ചയായും കാർഷിക മേഖലയെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുമെന്ന കാര്യം തീർച്ചയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. എ. ചന്ദ്രശേഖരൻ</u> : ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. കേരളത്തിലെ കാർഷിക രംഗം ഒരു പുനർചിന്തനത്തിന്റെ കാലഘട്ടത്തിലാണ്. ഇന്ന് നമ്മൾ ആരോപണ-പ്രത്യാരോപണങ്ങളിലാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് വന്നിച്ച നേട്ടങ്ങളുണ്ടാക്കിയെന്നും ഇല്ലെന്നുമുള്ള വാദപ്രതിവാദങ്ങളാണ് നടക്കുന്നത്. ഈ വാദപ്രതിവാദങ്ങൾകൊണ്ട് കേരളത്തിലെ കർഷകരെ രക്ഷിക്കാൻ കഴിയുമോ ? കേരളത്തിലെ കർഷകരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കേരളത്തിലെ കർഷകർ ഇന്ന് കൃഷിഭൂമി ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നു. കൃഷി ചെയ്യാൻ ആളില്ല. ജനബാഹുല്യം കൊണ്ട് കൃഷിയിടങ്ങൾ കുറഞ്ഞു കൊണ്ടിരിക്കുന്നു. കൃഷിക്കാർക്ക് കൃഷിയിൽ താൽപ്പര്യമില്ലാതായിരിക്കുന്നു. കൂലി വർദ്ധനവ് കൃഷിക്കാരെ തകർത്തുകൊണ്ടിരിക്കുന്നു. കർഷകരെ സംബന്ധിച്ചിടത്തോളം ഇനി എന്തു ചെയ്യണമെന്നറിയാത്ത ഒരു സാഹചര്യമാണുള്ളത്. ഞങ്ങളാണ് കേമന്മാർ, ഞങ്ങളാണ് കേമന്മാർ എന്നു പറഞ്ഞുകൊണ്ടിരുന്നാൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമോ ? യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്തായിരുന്നു സ്ഥിതി ? കർഷകർ ഇവിടെ അന്ധകാരത്തിന്റെ പടുകുഴിയിൽ ആയിരുന്നില്ലേ ? റബ്ബറിന്റെ വില 20-22 രൂപയായിരുന്നു. നാളികേരത്തിന് ഒന്നരയും രണ്ടും രൂപയായിരുന്നു വില. ഇന്ന് സ്ഥിതി അതാണോ ? നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി, കർഷകരെ രക്ഷിക്കാൻ നിരവധി നടപടികൾ എടുത്തതിന്റെ ഭാഗമായി, ഇന്ന് കാർഷിക വിഭവങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. ഇന്ന് റബ്ബറിന് 48 രൂപ വിലയുണ്ട്. തേങ്ങയുടെ വില നാലും അഞ്ചും രൂപയായി വർദ്ധിച്ചു. പക്ഷേ ഇതുകൊണ്ട് കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമോ ? പ്രകൃതിദത്തമായ സൗഭാഗ്യങ്ങൾ നമ്മൾ മറന്നുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹാരമുണ്ടാക്കാൻ ശരിയായ നടപടികളൊന്നും ഉണ്ടാകുന്നില്ല. നമ്മുടെ തോടുകൾ, കുളങ്ങൾ, ചിറകൾ എന്നിവ പ്രകൃതിദത്തമായി

LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് ദൈവം തന്ന അനുഗ്രഹങ്ങളാണ്. അവ നമ്മൾ മറന്നിരിക്കുന്നു. അവയെല്ലാം നശിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ ചിറകൾ, തോടുകൾ, കുളങ്ങൾ എന്നിവ എന്നും കേരളത്തിലെ ജലസംഭരണികളായിരുന്നു. ഒരു കർഷകന്റെ യഥാർത്ഥ ആവശ്യം എന്തായിരുന്നു ? അവന് കൃഷിക്കുപയുക്തമായ ഭൂമിയുണ്ടാകണം, അവന് ആവശ്യാനുസരണം വെള്ളം ലഭിക്കണം, ആവശ്യാനുസരണം വൈദ്യുതി കിട്ടണം. അങ്ങനെയുള്ള നിരവധി ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കാലാകാലങ്ങളിലുള്ള ഗവൺമെന്റുകൾ പരാജയപ്പെട്ടിരിക്കുന്നു. അതിന് എങ്ങനെ പരിഹാരം ഉണ്ടാക്കാൻ കഴിയും ? ഇവിടെ രാഷ്ട്രീയമല്ല വേണ്ടത്. കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കൃഷിക്കാരുടെ പ്രശ്നങ്ങൾ കൂട്ടായി പരിഹരിക്കാൻ കഴിയുമോ ? ഇവിടെ മാർക്സിസം വേണ്ട, മറ്റു രാഷ്ട്രീയം വേണ്ട. നമുക്കൊരുമിച്ചു നിന്ന് കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ എന്നുള്ളതാണ് നോക്കേണ്ടത്. കേരളത്തിലെ കൃഷിക്കാർ ഇനി എന്തു ചെയ്യുമെന്നുള്ള സ്ഥിതിയിലാണ്.

2000–01–ൽ 3,47,000 ഹെക്ടർ നെൽകൃഷിഭൂമിയുണ്ടായിരുന്നു. ഇന്നത് 3,22,000 ആയി കുറഞ്ഞിരിക്കുന്നു. ഈ ഭൂമി കൃഷി ചെയ്യാതെ ഒരു വർഷം കൊണ്ട് കുറഞ്ഞ ഭൂമിയാണ്. എന്തുകൊണ്ട് കൃഷിഭൂമി കുറയുന്നു ? എന്തുകൊണ്ട് കൃഷിക്കാർ കൃഷി ചെയ്യുന്നില്ല ? അതിനുള്ള കുറവുകൾ എന്താണ് ? അതു പരിഹരിക്കാനുള്ള എന്തെങ്കിലും പരിപാടിയുണ്ടോ ? അങ്ങനെയുള്ള പരിപാടികൾ ഇല്ലെങ്കിൽ അവയുണ്ടാക്കാൻ എന്താണ് മാർഗ്ഗം ? പക്ഷേ നമുക്ക് അതു ചിന്തിക്കാൻ നേരമില്ല. നമ്മൾ തർക്കത്തിലാണ് ; നമ്മൾ ആരോപണങ്ങളിലാണ്. കൃഷിക്കാരുടെ യഥാർത്ഥമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. അതിനുള്ള പരിപാടികൾ നടപ്പാക്കാൻ നമുക്ക് താൽപ്പര്യമില്ല. ഒരു കേന്ദ്രാവിഷ്കൃത പരിപാടിയുണ്ടായിരുന്നു ; സി.സി.ഡി.പി. പദ്ധതി എന്നാണ് അതിന്റെ പേര്. കേന്ദ്രം നൽകിയ 210 കോടി രൂപയുടെ പദ്ധതിയാണ്. കേരളത്തിലെ വിവിധ ജില്ലകളിൽ അതു നടപ്പാക്കി. യു.ഡി.എഫ്. ഗവൺമെന്റു കൊണ്ടുവന്ന പദ്ധതി എൽ.ഡി.എഫ്. ഗവൺമെന്റാണ് നടപ്പാക്കിയത്. 210 കോടി രൂപയുടെ ആ പദ്ധതി നടത്തിപ്പിൽ മുഴുവൻ അഴിമതിയായിരുന്നു. ഒരു പരിപാടിയും നടന്നില്ല. പലതും പൂർത്തിയാക്കി എന്ന് രേഖകളുണ്ടാക്കി. അതു സംബന്ധിച്ച് ഞാൻ കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ചു. അന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞത് പലതും തൃപ്തികരമാണെന്നാണ് ; എങ്കിലും അന്വേഷിക്കാമെന്ന് പറഞ്ഞു. അഗ്രിക്കൾച്ചർ വകുപ്പ് ഒരു ഈജിയൻ തൊഴുത്താണെന്ന് ഞാൻ അന്നു പറഞ്ഞു. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ അങ്ങേക്ക് കഴിയുമോ എന്ന് ഞാൻ സംശയം പ്രകടിപ്പിച്ചു. എങ്കിലും കൃഷിവകുപ്പുമന്ത്രി ശക്തമായ നടപടി എടുത്തു. അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണം നടന്നു. വാലേഷൻ നടക്കാത്ത പല പ്രോജക്ടുകൾക്കും വാലേഷൻ നടന്നു എന്നു പറഞ്ഞു. ആ വാലേഷൻ അങ്ങയെപ്പോലും അട്ടിമറിക്കുന്ന വിധത്തിലായിരുന്നു. ഓഫീസിലിരുന്ന് വാലേഷൻ നടത്തി. ഇന്ന് അതിലെ കൺവീനർമാർ കോടതിയിൽ പോകേണ്ട സ്ഥിതിയാണ്. കൃഷിക്കാർക്ക് ആ പ്രോജക്ടിൽ നിന്ന് വെള്ളം കിട്ടുന്നില്ല. അതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. കേരളത്തിലെ തോടുകളും ചിറകളും കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രകൃതിദത്തമായ സൗഭാഗ്യങ്ങളായിരുന്നു. അവ സംരക്ഷിക്കാൻ ഉള്ള നടപടികൾ ഇവിടെയുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്രമാത്രം തോടുകളും ചിറകളും കുളങ്ങളും സംരക്ഷിക്കാൻ കഴിയുമെന്നുള്ള കണക്കുണ്ടോ ? അവയെല്ലാം സംരക്ഷിച്ചാൽത്തന്നെ നമുക്ക് കുടിവെള്ള പ്രശ്നത്തിനും കൃഷിക്കുള്ള ജലദൗർലഭ്യത്തിനും പരിഹാരമുണ്ടാക്കാൻ കഴിയും. അതിനൊരു ഉദാഹരണം പറയാം. അങ്കമാലിയിൽ നിന്ന് നെടുമ്പാശ്ശേരി- പറവൂർ പോകുന്ന സ്ഥലത്ത് 19 കി.മീറ്റർ നീളം വരുന്ന മാഞ്ഞാലിത്തോട് സംരക്ഷിക്കണം. അതു താഴ്ത്തി സൈഡ് കെട്ടി സംരക്ഷിച്ചാൽ 12,000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കും. അതുപോലെ എത്രയോ തോടുകളും തടാകങ്ങളും ഉണ്ട്. അവയുടെയെല്ലാം കണക്കെടുക്കണം. ഈ തോടുകളും തടാകങ്ങളും സംരക്ഷിക്കാൻ അതിബൃഹത്തായ ഒരു പരിപാടിയുണ്ടാകണം. നമ്മൾ ലോകബാങ്കിന്റേയും ഡച്ചുകാരുടേയും പുറകേ പോകുന്നു. നമ്മുടെ പ്രകൃതിദത്തമായ സമ്പത്തുകൾ സംരക്ഷിച്ചുകൊണ്ട് നമ്മുടേതായ, പഴയകാല കൃഷിക്കാർ അവലംബിച്ചിരുന്ന കൃഷിരീതി പിൻതുടരാനുള്ള സോഴ്സുണ്ട്. അതു പ്രയോജനപ്പെടുത്താൻ ഒരു ബൃഹത്തായ പദ്ധതി വേണം. നമ്മുടെ പ്രകൃതിദത്തമായിട്ടുള്ള തോടുകളും ചിറകളും സംരക്ഷിച്ചാൽ തന്നെ വളരെയധികം കൃഷിഭൂമി ജലസേചനം വഴി കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. പക്ഷേ അത് നമ്മൾ ചെയ്യുന്നില്ല ; അതിന് നമുക്ക് പരിപാടിയില്ല. ആ പരിപാടിയുണ്ടാകണം. നമ്മുടെ തോട്ടങ്ങളേയും ചിറകളേയും സംരക്ഷിക്കാനുള്ള അതിബൃഹത്തായ പദ്ധതികളിലൂടെ പതിനായിരക്കണക്കിന് ഏക്കർ കൃഷിഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. ഇന്ന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് നമ്മൾ പല ഗ്രാന്റുകളും കൊടുക്കുന്നുണ്ട്. പക്ഷേ അവർക്ക് വേണ്ടത് വെള്ളമാണ്, അവർക്കു വേണ്ടത് ഭൂമിയാണ്. ഉപയുക്തമാക്കാൻ കഴിയുന്ന ഭൂമിയും ഉപയുക്തമാക്കാൻ കഴിയുന്ന വെള്ളവും നമുക്ക് അവർക്ക് നൽകാൻ കഴിയുമോ? അതുപോലെതന്നെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും വൈദ്യുതി ഡിപ്പാർട്ടുമെന്റും കൈകോർത്തു പിടിച്ചുവേണം ഇവിടെ പ്രവർത്തിക്കാൻ. പക്ഷേ ഇന്ന് അങ്ങനെയാണോ ? ഇന്ന് ഇറിഗേഷന് ബഡ്ജറ്റിൽ ഒരു പൈസപോലും വകകൊള്ളിച്ചിട്ടില്ല. കർഷകർ ആകാംക്ഷാഭരിതരാണ്. പല പദ്ധതികളും മുടങ്ങിപ്പോകുന്നു. കൃഷിക്കാരെ സംബന്ധിച്ച് പറയുമ്പോൾ ഇതിനെപ്പറ്റിയൊക്കെ ചിന്തിക്കണ്ടേ ? ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റും ഫണ്ട് സ്വരൂപിക്കണം. ഇന്ന് 30-ഉം 40-ഉം വർഷം പഴക്കമുള്ള മെയിന്റനൻസ് നടത്താത്ത പദ്ധതികളാണ് നമുക്കുള്ളത്. പൊട്ടിത്തകർന്ന കനാലുകൾ പുനരുദ്ധരിക്കാൻ കഴിയണം, പൈസയില്ല. അതുപോലെ പുതിയ പദ്ധതികൾ തുടങ്ങി കൃഷിക്കാരെ സഹായിക്കാൻ കഴിയണം. അങ്ങനെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ടുള്ള സംയുക്തമായ പ്രവർത്തനത്തിലൂടെ കൃഷിക്കാർക്ക് പലവിധമായ സഹായങ്ങളും ചെയ്യാൻ കഴിയും.

അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇന്ന് കൃഷിക്കാർക്ക് വൈദ്യുതി സൗജന്യമായി കൊടുക്കുന്നുണ്ട്. ആ വൈദ്യുതി വ്യക്തികൾക്ക് കൊടുക്കുന്നതാണ്. ഇന്ന് നമ്മുടെ നാട്ടിൽ നിരവധി കർഷക സമിതികളുണ്ട്. അവർ പല ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും നടത്തുന്നവരാണ്. രണ്ടും മൂന്നും മാസക്കാലത്തെ വൈദ്യുതിയുടെ ആവശ്യമേ കൃഷിക്കാർക്കുള്ളൂ. പക്ഷേ 12 മാസവും മിനിമം ചാർജ്ജ് കൊടുക്കേണ്ട സ്ഥിതിയാണ് അവർക്കുള്ളത്.

പതിനായിരക്കണക്കിന് രൂപ ഓരോ മാസവും അടയ്ക്കേണ്ട സ്ഥിതി, ചെറുകിട കൃഷിക്കാർപോലും നാലായിരവും അയ്യായിരവും രൂപ ഓരോ മാസവും അടയ്ക്കേണ്ട സ്ഥിതിയാണ്. ഇതെങ്ങനെ കൃഷിക്കാർക്ക് താങ്ങാൻ കഴിയും? അവർ ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ്ജ് ഏർപ്പെടുത്തുകയാണെങ്കിൽ അതായിരിക്കും അവരോട് ചെയ്യുന്ന ഏറ്റവും വലിയ നീതി. സൗജന്യമായിട്ടാണെങ്കിലും വ്യക്തികൾക്ക് കൊടുക്കുന്ന നികുതിയിളവുപോലെ തന്നെ കൃഷി സമിതികൾക്കും ഇളവ് അനുവദിക്കേണ്ടതാണ്. അങ്ങനെ ഇളവുകൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും അവർ ഉപയോഗിക്കുന്ന കാലാവധിമാത്രം മിനിമം ചാർജ്ജ് ഈടാക്കാനുള്ള ഒരു ഭേദഗതി നിയമത്തിൽ വരുത്തണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. അതുപോലെതന്നെ കൃഷിക്കാർ ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ നമ്മൾ ഏറ്റെടുക്കണം. ആരോപണ പ്രത്യാരോപണങ്ങളിലൂടെ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകില്ല. നമ്മുടെ മന്ത്രി വന്നതിനുശേഷം നെൽക്കൃഷി വികസനത്തിൽ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. 65,000 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗിലൂടെ കൃഷിക്ക് പുനരുജ്ജീവനം നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതുപോലെ അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ഉല്പാദനം, മണ്ണു പരിശോധന, സംയോജിത കീടരോഗ നിയന്ത്രണം-അങ്ങനെ നിരവധി കാര്യങ്ങളിൽ കാർഷിക രംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെയുണ്ടായിട്ടുണ്ട്. മാത്രമല്ല, അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി 65,000 ഹെക്ടർ പ്രദേശത്ത് നെൽവിത്ത് സഹായ നിരക്കിൽ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. അതുപോലെ 65,000 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് നടപടികളിലൂടെ പുനരുജ്ജീവനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. സംയോജിത വളപ്രയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 20,000 ഹെക്ടർ സ്ഥലത്ത് ജീവാണു വളപ്രയോഗം നടത്തുന്നുണ്ട്. അങ്ങനെ നെൽക്കൃഷി രംഗത്ത് നിരവധി കാര്യങ്ങൾ ചെയ്യാൻകഴിഞ്ഞിട്ടുണ്ട്. അതുപോലെ ഇന്ന് തരിശുഭൂമിയിൽ നെൽവിളകൾ കൃഷി ചെയ്യുന്നതിനായി ഒരുലക്ഷം യുവകർഷകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നാളികേര വികസനത്തിനുവേണ്ടി ഇന്നു നമ്മൾ ചെയ്യുന്ന വലിയ പരിപാടിയുണ്ട്. ഒരു ലക്ഷം തെങ്ങുകൾ വെട്ടിമാറ്റാനുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം തെങ്ങുകൾ വെട്ടിമാറ്റുന്നത് നല്ലൊരു കാര്യമാണ്. അതുകൊണ്ട് കേരളത്തിൽ നാളികേര കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കുമോ ? ഇന്ന് വേരുചീയൽപോലുള്ള പ്രശ്നങ്ങൾക്ക് എന്തു പരിഹാരമുണ്ട് ? അത് പരിഹരിക്കാനുള്ള നടപടികളുണ്ടാകണം. നമ്മളിന്ന് നാളികേര മിഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അവർ എന്തു ചെയ്യുന്നു ? വേരുചീയൽ പോലെയുള്ള കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള എന്തു ഗവേഷണമാണ് ഈ രംഗത്ത് നടത്തിയിട്ടുള്ളത് ? ഞാൻ അതിലേക്കു കടക്കുന്നില്ല.

സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിൽനിന്ന് സാധാരണക്കാരായ പാർപ്പിടമില്ലാത്ത ആളുകൾക്ക് ഇതുവരെ 35,000 രൂപയാണ് ഭവനനിർമ്മാണത്തിന് കൊടുത്തുകൊണ്ടിരുന്നത്. നമ്മുടെയെല്ലാം രീതി ഏതെങ്കിലും ഒരു കാര്യം തീരുമാനിച്ചാൽ പിന്നീട് അതിന് മാറ്റമുണ്ടാകില്ല എന്നതാണ്. 35,000 രൂപയെന്നു തീരുമാനിച്ചാൽ എന്നും അതുതന്നെയാണ്. മറ്റു സാധനങ്ങളുടെ വില

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവൊന്നും ഇതിനെ ബാധിക്കുന്നില്ല. എന്തായാലും നമ്മുടെ വകുപ്പുമന്ത്രിയെ എക്കാലവും ജനങ്ങൾക്ക് ഓർമ്മിക്കാൻ കഴിയും കാരണം 70,000 രൂപയായി ഈ തുക വർദ്ധിപ്പിച്ചത് ഈ നാട്ടിലെ സാധാരണക്കാരായ പട്ടികവർഗ്ഗം ഒരുകാലത്തും മറക്കുകയില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നാട്ടിൽ ഭൂരഹിതരായ ആദിവാസികളുണ്ട്, നമ്മൾ എല്ലാവർക്കുംവേണ്ടി കണ്ണിരൊഴുക്കും, കണ്ണുനീർ മാത്രമാണ് നമ്മൾ ഒഴുക്കുന്നത്, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ശ്രമമില്ല. ഇന്നൊരു ശ്രമം നടക്കുന്നു, ആ ശ്രമത്തിലൂടെ ഭൂരഹിത ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞാൽ അതൊരു നേട്ടംകൂടിയായിരിക്കുമെന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്ക് എല്ലാ പിന്തുണയും നൽകിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിൽ ഏറെ പ്രയാസങ്ങളനുഭവിക്കുന്ന രണ്ടു വിഭാഗങ്ങളെ സംബന്ധിച്ചുള്ള ചർച്ചയാണ് ഇന്ന് ഈ സഭയിൽ നടക്കുന്നത്. കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനപ്പുറം ദശാബ്ദങ്ങളായി പ്രയാസമനുഭവിക്കുന്ന ഈ വിഭാഗത്തിന്റെ മുഴുവൻ കാര്യങ്ങളും കൂടി ചർച്ച ചെയ്യാൻ ഭരണ-പ്രതിപക്ഷ ബെഞ്ചുകൾകൂടി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ പട്ടികജാതി ക്ഷേമത്തെക്കുറിച്ച് പറഞ്ഞു, കഴിഞ്ഞ അരനൂറ്റാണ്ടിനുമുമ്പുതന്നെ ലോകത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രമെടുത്തു പരിശോധിച്ചാൽ ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യ ദാഹത്തോടൊപ്പം അതേസമയംതന്നെ മറ്റൊരു സമരം നടന്ന ചരിത്രമുണ്ടായിട്ടില്ല. പക്ഷേ ഇന്ത്യാരാജ്യത്ത് സ്വാതന്ത്ര്യത്തിന്റെ ഒരു ദിമുഖ സമരംപോലെ മഹാത്മാഗാന്ധി സ്വാതന്ത്ര്യത്തിനും അതോടൊപ്പം ഹരിജനോദ്ധാരണത്തിനും നേതൃത്വം കൊടുത്തുകൊണ്ട് നടത്തിയ പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും ഇന്ന് പട്ടികജാതിക്ഷേമ പ്രവർത്തനത്തിന്റെ ആദ്യത്തെ നാഴികക്കല്ലുകളാണ്. സ്വാതന്ത്ര്യം നേടി 50 വർഷം പിന്നിട്ട്, എല്ലാ രംഗത്തും വികസനമുണ്ടായി, എല്ലാ രംഗത്തും പുരോഗമനമുണ്ടായി എന്നവകാശപ്പെടുന്ന കേരളത്തിൽ അരനൂറ്റാണ്ടു പിന്നിടുന്ന സന്ദർഭത്തിൽ ഒന്ന് തിരിഞ്ഞ് നോക്കുവാൻ നമ്മുടെ ഗവൺമെന്റ് തയ്യാറാകണം. പ്രത്യേകിച്ച് പട്ടികജാതിക്ഷേമ വകുപ്പുമന്ത്രി അതിന് താല്പര്യമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാനത് പറയാനുള്ള കാരണം കഴിഞ്ഞ അരനൂറ്റാണ്ടുകാലംകൊണ്ട് കോടിക്കണക്കിന് രൂപ കേന്ദ്രവും സംസ്ഥാനവുമൊക്കെ ഈ വകുപ്പിന്റെ ക്ഷേമത്തിനുവേണ്ടി ചെലവഴിച്ചത് നമുക്കൊക്കെ അറിയാം. കഴിഞ്ഞ ദിവസം നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് സംഘടിപ്പിച്ച ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു, സെക്രട്ടേറിയറ്റിലും ആദിവാസികൾക്കുമിടയിൽ എവിടെയോ ചുവപ്പുനാടയിൽ വച്ച് ഇവരുടെയെല്ലാം ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുക പൊയ്പ്പോയി എന്ന് വളരെ പരിതാപത്തോടുകൂടി അദ്ദേഹം പറയുകയുണ്ടായി. ആദിവാസികളുടെ കാര്യത്തിൽ മാത്രമല്ല, പട്ടികജാതി ഇത് ദളിത് സമൂഹത്തിന്റെ കാര്യത്തിലും കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തിനിടയിൽ കേന്ദ്രവും സംസ്ഥാനവുമൊക്കെ ചെലവഴിച്ച കോടിക്കണക്കിനു രൂപ ആ മേഖലയിൽ എത്തിയിട്ടില്ല എന്നുള്ളതിന് മറ്റു തെളിവുകളൊന്നും വേണ്ട. കേരളത്തിൽ ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗങ്ങളുടെ സാമ്പത്തികമായ ചിത്രം പരിശോധിച്ചുകഴിഞ്ഞാൽ ഇത് ബോദ്ധ്യപ്പെടും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അര നൂറ്റാണ്ടുകാലത്തെ പ്രവർത്തനം ഇന്ന് വിലയിരുത്തുവാൻ തയ്യാറാകണം എന്നാണ്. ഇത്രയുംകാലത്തെ പ്രവർത്തനംകൊണ്ട് നമ്മൾ എവിടെയെത്തി എന്ന് വിലയിരുത്താനും എന്തുകൊണ്ട് ലക്ഷ്യത്തിലെത്താതെ പോയി എന്ന് വിലയിരുത്തുവാനും സർക്കാർ തയ്യാറാകണം. രോഗത്തിനുവേണ്ട മരുന്നു നൽകുന്ന സാഹചര്യം പട്ടികജാതി ക്ഷേമവകുപ്പ് ഉണ്ടാക്കിയെടുക്കണം. അല്ലാത്തപക്ഷം ഇനിയും അര നൂറ്റാണ്ടു കാലത്തോളം സഹായങ്ങൾ നൽകിയാൽപ്പോലും അത് മറ്റു തലങ്ങളിലേക്ക് ഒഴുകിപ്പോകുന്ന ഒരു ചിത്രമുണ്ടാകും. അതില്ലാതിരിക്കണമെങ്കിൽ യഥാർത്ഥത്തിലുള്ള ഫണ്ട് അവർക്കുതന്നെ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ തീർച്ചയായും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, പട്ടികജാതി ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ പുരോഗതിക്ക് വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾത്തന്നെ എന്റെ സുഹൃത്ത് ശ്രീ. എം. എ.ചന്ദ്രശേഖരൻ ഭവനവായ്പ 35,000 രൂപ 70,000 രൂപയാക്കി ഉയർത്തിയത് ഇവിടെ സൂചിപ്പിച്ചു. അത് വളരെ നല്ല കാര്യമാണ്. ഏറെ കൊട്ടിഘോഷിക്കാതെ, കൂടുതൽ ആഘോഷങ്ങളുടെ അകമ്പടിയില്ലാതെ കഴിഞ്ഞ ഗവൺമെന്റ് പാവപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് 35,000 രൂപ നൽകിയിരുന്നത് 70,000 രൂപയായി ഉയർത്തുകയും ഏതാണ്ട് 14,000 കുടുംബങ്ങൾക്ക് കേരളത്തിൽ ഒറ്റവർഷംകൊണ്ട് ഈ സഹായം വിതരണം ചെയ്യുകയും ചെയ്തത് ഈ ഗവൺമെന്റിന്റെ മൊത്തമായ നേട്ടമായി പറയാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ലെങ്കിൽപ്പോലും ഞാൻ പറയുകയാണ്. ഒരേ പന്തിയിൽ തന്നെ രണ്ടു തരം ഊണു വിളമ്പുന്നു എന്നു പറയുന്നതുപോലെയാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്. പട്ടികജാതി ക്ഷേമവകുപ്പ് 70,000 രൂപ കൊടുക്കുമ്പോൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്നു കൊടുക്കുന്നത് 30,000-ഉം 35,000-ഉം രൂപയാണ്. ഐ. എ. വൈ.-യിൽ ഉൾപ്പെടെ 22,000 രൂപയാണ് ജനറലിനും അതുപോലെ എസ്. സി. വിഭാഗത്തിനും വീടുവയ്ക്കുവാൻ വേണ്ടി കൊടുക്കുന്നത്. അതുകൊണ്ട് എല്ലായിടത്തും ഒരേ നിലപാടാണ് വേണ്ടത്. ഇന്നു 35,000 രൂപ കൊണ്ട് ഒരു വീടു പോയിട്ട് ഒരു കുടിലു പോലും വയ്ക്കുവാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. എത്ര രൂപ കൊടുക്കുന്നു എന്നല്ല നോക്കേണ്ടത്, അങ്ങനെ കൊടുക്കുന്ന സംഖ്യ വാങ്ങുന്ന ആളിനു ഗുണം കിട്ടുന്നുണ്ടോ എന്നു ചിന്തിക്കുന്ന രീതിയിൽ അതു 70,000 രൂപയാക്കി ഉയർത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി സമുദായത്തിൽപ്പെട്ട വേട്ടുവ സമുദായത്തെ കഴിഞ്ഞ പാർലമെന്റിൽ നിയമം കൊണ്ടുവന്ന് അവരെ പട്ടികജാതിയിൽനിന്നും ഒഴിവാക്കുവാനുള്ള ശ്രമം നടത്തുകയും അതു പൂർണ്ണമായും വിജയിക്കുകയും ചെയ്ത സംഭവം നമുക്കറിയാം. ഐക്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനും ഇടതുമുന്നണി ഗവൺമെന്റിനും എന്തു പറ്റി എന്ന് എനിക്കറിയില്ല. രണ്ടു വിഭാഗവും ഈ നിർദ്ദേശം വയ്ക്കുകയും കേരളത്തിൽ 'കിർത്താഡ്സ്' ഉൾപ്പെടെയുള്ളവ അതു പരിശോധിച്ചു നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് വേട്ടുവ സമുദായത്തെ പട്ടികജാതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഒരു സമീപനം സ്വീകരിക്കുകയുണ്ടായി. വളരെ വൈകിയാണെങ്കിലും ഈ ഗവൺമെന്റിന്റെ മുന്നിൽ കാര്യങ്ങൾ വന്നപ്പോൾ വളരെ നല്ല രീതിയിൽ അതിനെതിരായ സമീപനം സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വേട്ടുവ സമുദായത്തെ വീണ്ടും പട്ടിക ജാതിയിൽ ഉൾപ്പെടുത്താനുള്ള ശക്തമായ നീക്കങ്ങൾക്ക് ഈ ഗവൺമെന്റും മുഖ്യമന്ത്രിയും താൽപര്യമെടുത്തുകൊണ്ടു മുന്നോട്ടു പോകുകയും ചെയ്ത മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അവർക്ക് വിദ്യാഭ്യാസാനുകൂല്യം നൽകാനുള്ള തീരുമാനം മുഖ്യമന്ത്രി താൽപര്യമെടുത്തു നടത്തുകയുണ്ടായി. 'കിർത്താഡ്സ്' പോലെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഈ ഒറ്റ കാര്യം കൊണ്ട് നമുക്ക് വിലയിരുത്താൻ സാധിക്കും. പട്ടികജാതി സമുദായത്തിൽ നിന്നും ഈ പാവപ്പെട്ടവരെ ഒഴിവാക്കിക്കൊണ്ട് അവരെ മറ്റു വിഭാഗങ്ങളിലേക്കു മാറ്റി നിർത്താനുള്ള ശ്രമങ്ങൾ നടത്താനാണോ കിർത്താഡ്സിനെ നിയോഗിച്ചിട്ടുള്ളത് ? കിർത്താഡ്സിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പല ഭാഗങ്ങളിൽ നിന്നും വിമർശനങ്ങൾ വന്നിട്ടുണ്ട്. കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുവാൻ കഴിയണം. അതിലെ ഉദ്യോഗസ്ഥന്മാർക്ക് ഈ സമൂഹത്തോടു ബാധ്യത ഉണ്ടായിരിക്കണം. അവർ തീർത്തും ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ അറിയുന്നവരായിരിക്കണം. അവരെ വിരോധത്തോടുകൂടി കാണുന്ന ഒരു സമീപനം കിർത്താഡ്സിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുത്. ഏതായാലും ദിശാബോധത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ടു വർഷക്കാലംകൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് ഈ പ്രയാസങ്ങൾക്കു നടുവിൽ നിന്നുകൊണ്ട് ഈ വിഭാഗത്തിനുവേണ്ടി നടത്തുവാൻ കഴിഞ്ഞു എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ വികേന്ദ്രീകരണത്തിന് എതിരല്ല. പഞ്ചായത്തുകളും ത്രിതല പഞ്ചായത്തുകളും എല്ലാം ശക്തിപ്പെടുത്തണമെന്നു തന്നെയാണ് നമ്മുടെ എല്ലാവരുടെയും ആഗ്രഹം. ത്രിതല പഞ്ചായത്തുകളിൽ ഇന്നു ലഭിക്കുന്ന ഫണ്ടുകൾ, പലപ്പോഴും ഒരു പഞ്ചായത്തിൽ ലഭിക്കുന്ന 25 ലക്ഷം രൂപയുടെ ഫണ്ട് പട്ടികജാതി ക്ഷേമത്തിനുണ്ടെങ്കിൽ അവിടത്തെ 15 മെമ്പർമാരും അതു വീതം വച്ചെടുത്ത് അത് ഒന്നുമല്ലാത്തരീതിയിൽ ഓരോ വാർഡിലേക്ക് എത്തുമ്പോൾ ആ 25 ലക്ഷം രൂപ പഞ്ചായത്തിലെ ഒരാൾക്കുപോലും ഗുണമില്ലാത്ത രീതിയിൽ ചെലവാക്കപ്പെടുന്ന വളരെ വേദനിപ്പിക്കുന്ന ഒരു ചിത്രം ഉണ്ടെന്നു പറയുമ്പോൾ ഞാൻ വികേന്ദ്രീകരണത്തിന് എതിരാണെന്നു പറയരുത്. പക്ഷേ ഇതേ രീതിയിലാണ് കാര്യങ്ങൾ പോകുന്നതെന്നുള്ളത് വളരെ ഗൗരവത്തോടുകൂടി കാണുവാൻ നമുക്കു കഴിയണം അതുകൊണ്ട് അത്തരം കാര്യങ്ങളെക്കുറിച്ചും ചിന്തിക്കണം എന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ എസ്. സി. എസ്. ടി. കോർപ്പറേഷനും മറ്റു പിന്നോക്ക വിഭാഗ കോർപ്പറേഷനുമുണ്ട്. നേരത്തേ ഇവിടെ ആരോ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചു, ഒരു ശിക്ഷയായിട്ടാണ് വായ്പ കൊടുക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. അതൊന്ന് മാറ്റിയെടുക്കണം. സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പ കൊടുക്കുമ്പോൾ കാണിക്കുന്ന സമീപനത്തിൽ ഒരു മാറ്റം ഉണ്ടാകണം. പല്ലിശയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഈ വിഭാഗത്തിൽപ്പെട്ട ആരെങ്കിലും ലോണെടുത്ത് രക്ഷപ്പെട്ടതായ ചരിത്രം ഉണ്ടോ എന്ന് എനിക്കു സംശയമുണ്ട്. ലോൺ എടുത്തതിന്റെ പേരിൽ പരിതാപകരമായ ഒരവസ്ഥയിലാണ് അവർ കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള അവസരം ഉണ്ടാകണം. യഥാർത്ഥത്തിൽ പ്രയാസം അനുഭവിക്കുന്ന ആളുകൾക്ക് എന്തു സഹായം എത്തിക്കുവാൻ നമുക്ക് കഴിയും എന്നതിനെക്കുറിച്ച് ഗവൺമെന്റ് പഠിക്കണം. ഏജൻസിയെ വച്ചുകൊണ്ട് എന്തെങ്കിലും ചെയ്യണമെന്നല്ല ഞാൻ പറയുന്നത്. നമ്മുടെ പഞ്ചായത്തുകളിൽ ഇന്ന് എസ്. ഇ. പ്രൊമോട്ടർമാരെ വച്ചിട്ടുണ്ട്. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്തു വച്ചതാണ്. ആ പ്രൊമോട്ടർമാരെ വച്ചുകൊണ്ട് ഇന്നത്തെ ഈ പിന്നോക്ക വിഭാഗക്കാരുടെ അവസ്ഥ എന്തെന്നു പഠിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഒരു സർവേ നടത്തണം. ഇവിടെ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും വളർച്ച ഉള്ളത് ഏതു മേഖലയിലാണെന്നു മനസ്സിലാക്കിക്കൊണ്ട്, അല്ലെങ്കിൽ ഏതു മേഖലയിലാണ് വളർച്ച ഇല്ലാതെ പോയതെന്നു മനസ്സിലാക്കിക്കൊണ്ട് ആ മേഖലയിൽ വളർച്ച ഉണ്ടാക്കുവാനുള്ള യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനം ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആടും കോഴിയും വിതരണം ചെയ്യുന്ന പഴയകാല സമീപനം മാറ്റേണ്ടിയിരിക്കുന്നു. ഒരു കാലവർഷക്കെടുതികൊണ്ടോ ഋണബാധ്യതകൊണ്ടോ അവസാനിക്കുന്നതാണ് ആ സഹായങ്ങൾ എല്ലാം. സമൂലമായ സാമൂഹ്യപരിവർത്തനത്തിനു കോടിക്കണക്കിനു രൂപ എങ്ങനെ വിലയിരുത്തണം എന്നതിനെക്കുറിച്ചു ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. കേരളത്തിൽ വളരെയേറെ പ്രയാസം അനുഭവിക്കുന്ന കാർഷിക മേഖലയെക്കുറിച്ചും കർഷകരെക്കുറിച്ചും ഇന്ന് ഇവിടെ ചർച്ചകൾ നടക്കുകയാണ്. കേരളം ഒരു കാർഷിക സംസ്ഥാനമാണ് എന്നു നമ്മൾ അഭിമാനത്തോടുകൂടി പറയുന്നുണ്ട്. പക്ഷേ ഒരു കാര്യം നമുക്കറിയാം, ഗൂഡല്ലൂർ ചുരമിറങ്ങി അല്ലെങ്കിൽ വാളയാർ ചെക്ക് പോസ്റ്റ് കടന്ന് തമിഴ്നാട് ലോറി നമ്മുടെ കേരളത്തിൽ പച്ചക്കറികളുമായി വന്നില്ലെങ്കിൽ നമ്മുടെ അമ്മമാർക്കും സഹോദരിമാർക്കും അടുക്കളയിൽ സാമ്പാർപോലും വയ്ക്കുവാൻ കഴിയില്ല എന്നുള്ള അവസ്ഥയാണ് നിലനിൽക്കുന്നത്. എന്നിട്ടും നമ്മൾ പറയുന്നത് നമ്മുടെ സംസ്ഥാനം കാർഷിക സംസ്ഥാനമാണെന്ന് ; കൃഷിയാണ് നമ്മുടെ പ്രധാന വരുമാന മാർഗ്ഗമെന്ന്. ഇത് യാഥാർത്ഥ്യ ബോധത്തോടുകൂടി നമ്മൾ കാണണ്ടേ ? കൃഷിവകുപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട കുഞ്ഞിരാമൻ ഇവിടെ പറയുകയുണ്ടായി. രാഷ്ട്രീയത്തിന്റെ പേരിലാണ് അദ്ദേഹം അങ്ങനെ പറഞ്ഞത് എന്ന് എനിക്കറിയാം. കാർഷിക മേഖല ഇന്ന് ഈ രീതിയിൽ മുന്നോട്ടു പോയാൽ എന്താണ് സംഭവിക്കുക ? രണ്ടാഴ്ച മുമ്പ് പത്രത്തിൽ വന്ന ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നു പ്രതീക്ഷിക്കുകയാണ്. വളരെ പെട്ടെന്ന് കേരളത്തിൽ പച്ചക്കറികൾക്ക് വില വർദ്ധനവുണ്ടായി. കാരണമെന്താണെന്നോ, കേരളത്തിൽ വളരെ വൈകിയാണെങ്കിലും മഴ ലഭിച്ചു ; പക്ഷേ തമിഴ്നാട്ടിൽ മഴ ലഭിച്ചില്ല. തമിഴ്നാട്ടിൽ വരൾച്ചയായതുകൊണ്ടാണ് കേരളത്തിൽ കിലോയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

എട്ടു രൂപയുണ്ടായിരുന്ന തക്കാളിയുടെ വില 28 രൂപയായത്. കാർഷിക സംസ്ഥാനമെന്ന് അവകാശപ്പെടുന്ന നമുക്ക് കർണ്ണാടകം, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, തമിഴ്നാട് ഇവിടങ്ങളിൽ വരൾച്ചയുണ്ടായാൽ പച്ചക്കറി ഭക്ഷിക്കുവാൻ ലഭിക്കാത്ത ഒരു സാഹചര്യമാണുണ്ടാവുക. ഞാൻ ആരെയും കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. കഴിഞ്ഞ കുറേ കാലങ്ങളായി കാർഷിക മേഖല കേരളത്തിൽ പരിതാപകരമായി തകർന്നു കഴിഞ്ഞിരിക്കുകയാണ്. കാരണങ്ങൾ പലതാണെങ്കിലും, ആ അവസ്ഥയിൽനിന്നും ഒരു മാറ്റം ഉണ്ടാക്കുവാൻ നമുക്കു സാധിക്കണം. അതുപോലെ നാണ്യവിളകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിലേക്കു കൂടുതൽ കടക്കുന്നില്ല. 5 വർഷക്കാലം ഒരുപാട് അവസരങ്ങൾ ഉണ്ടായിട്ടും ആ അവസരങ്ങൾ കേരളത്തിലെ കർഷകർക്കുവേണ്ടി വിനിയോഗിക്കാതെ കേരളത്തിലെ കർഷകന്റെ നട്ടെല്ല് ഒടിക്കുവാൻ വേണ്ടി ശ്രമം നടത്തിയ ഇടതുപക്ഷമുന്നണിക്ക് അതിന്റെ പാരിതോഷികമായിട്ടാണ് ഇന്നു നട്ടെല്ല് ഒടിഞ്ഞ് 40 പേരിൽ അംഗസംഖ്യ ചുരുങ്ങി അവിടെ ഇരിക്കേണ്ടി വന്നത് എന്നോർക്കുന്നത് നന്നായിരിക്കും. എനിക്കു ശ്രീ. കുഞ്ഞിരാമനോട് അഭ്യർത്ഥിക്കാനുള്ളത്, ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയം കാണാതെ കേരളത്തെ നമുക്ക് എങ്ങനെ കാർഷിക കേരളമാക്കി മാറ്റാം എന്ന് ആലോചിക്കണംഎന്നാണ്. ഇവിടെ കർഷകർക്ക് ഗുണമുണ്ടാകുന്ന ഒരു അവസ്ഥയുണ്ടാകണം. രാഷ്ട്രീയത്തിനതീതമായി ചിന്തിക്കണം എന്നാണ് എനിക്കു പറയുവാനുള്ളത്. റബ്ബർ ഒഴികെയുള്ള ഒരു ഉല്പന്നത്തിനും ഇന്നു ലോക നിലവാരത്തിലുള്ള പ്രൊഡക്ടിവിറ്റി നമുക്ക് ഇല്ലാത്ത ഒരു സാഹചര്യം മുമ്പിലുണ്ട്. കേരം വിളയുന്നതുകൊണ്ടാണ് കേരളനാട് എന്നു കേരളത്തിനു പേരു വന്നതുപോലും.

ശ്രീ. അടൂർ പ്രകാശ് : സർ, മറ്റൊരു മുദ്രാവാക്യം 1987-ൽ ഇടതുമുന്നണിയിലെ പ്രവർത്തകർ വിളിച്ചിരുന്നു. 'കേരം തിങ്ങും കേരളനാട്ടിൽ കെ. ആർ ഗൗരി ഭരിച്ചീടും' എന്ന്. അത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, കേരം തിങ്ങും കേരള നാട്ടിൽ ഗൗരിയമ്മയെ മുഖ്യമന്ത്രിയായി ഭരിക്കാൻ അനുവദിച്ചില്ല എന്നു മാത്രമല്ല ഇന്നു കൃഷിവകുപ്പ് നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതുകണ്ട് സഹിക്കാൻ പറ്റാത്ത ഒരു അവസ്ഥയിലുമാണ് ഇവർ. എന്നിട്ടാണ് മുദ്രാവാക്യവും വിളിച്ചുകൊണ്ട് നടക്കുന്നത്. തേങ്ങ കൂടുതൽ ഉല്പാദിപ്പിക്കുന്ന കേരളം തെങ്ങുകളുടെ നാടാണ്. ഒരു ഹെക്ടർ സ്ഥലത്ത് ഒരു വർഷം 5000 തേങ്ങയാണ് ഉല്പാദിപ്പിക്കുന്നതെങ്കിൽ നമുക്കു ശേഷം തെങ്ങു വളർത്തിയ തമിഴ്നാട്ടിൽ ഒരു വർഷം 18000 തേങ്ങ ഉല്പാദിപ്പിക്കാൻ കഴിയുന്നു എന്നതിൽ നിന്നും തമിഴ്നാടിന്റെ പ്രൊഡക്ടിവിറ്റി എത്രമാത്രം കൂടുതലാണെന്നു മനസ്സിലാക്കാൻ കഴിയും. ഇതിനു മാറ്റം വരണം. അതു മാറാതെ നമുക്ക് യാതൊരു രക്ഷയുമില്ല. കൂടുതൽ ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ വയ്ക്കുവാൻ നമുക്കു കഴിയണം. ജൈവ കാർഷിക ഉല്പന്നങ്ങളെ പ്രോൽസാഹിപ്പിക്കേണ്ട കാര്യത്തെക്കുറിച്ചു ശ്രീ. എൻ. ഡി. അപ്പച്ചൻ ഇവിടെ സൂചിപ്പിച്ചു. മാംസാഹാരത്തിൽ നിന്നും നാം അകന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണ്. ആരോഗ്യം മുൻനിർത്തി

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറിയിലോട്ടു പോകുന്ന ഒരു കാലഘട്ടമാണ്. എല്ലാവർക്കും ഇന്നു പച്ചക്കറിയോടാണ് താല്പര്യം. പക്ഷേ കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള പച്ചക്കറികളാണ് നമുക്ക് പലപ്പോഴും ലഭിക്കുന്നത്. യൂറോപ്പിൽപോലും വരാനിരിക്കുന്ന നാളുകളിൽ ജൈവ കാർഷികോല്പന്നങ്ങൾക്ക് കൂടുതൽ പ്രിയം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. എറണാകുളത്തു വളരെ നല്ല നിലയിൽ ജൈവ കാർഷികോല്പന്നങ്ങൾ വിൽക്കുന്ന സ്റ്റാളുകളുണ്ട്. അതു മറ്റു സ്ഥലങ്ങളിലേക്കുംകൂടി വ്യാപിപ്പിക്കണം. കീടനാശിനി തളിക്കാത്ത രാസവളങ്ങൾ ഉപയോഗിക്കാത്ത, ജൈവവളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കാർഷികോല്പന്നങ്ങൾ ഉണ്ടാക്കുവാൻ നമുക്കു കഴിയണം. അതിനു പ്രത്യേക പരിഗണന നൽണമെന്നാണ് എനിക്കു പറയുവാനുള്ളത്. കൃഷിക്കാർക്കൊക്കെ ഒട്ടനവധി അവാർഡുകളുണ്ട്. ജൈവ കാർഷികോൽപ്പന്നങ്ങളെ പ്രോൽസാഹിപ്പിക്കുന്നവർക്ക് അവാർഡ് കൊടുക്കാൻ തയ്യാറാകണം. അതുപോലെ കാർഷിക മേഖലയിൽ നേട്ടങ്ങളുണ്ടാക്കുന്നതിന്, നമ്മൾ വ്യവസായ മേഖലയിൽ 'ജിം' കൊണ്ടുവന്നതുപോലെ കാർഷിക മേഖലയിലും 'ജിം' പോലുള്ള പദ്ധതികൾ സംഘടിപ്പിച്ചുകൊണ്ട് സ്വകാര്യ കാർഷിക മേഖലയിൽ കൂടുതൽ ആളുകളെ കൊണ്ടുവരാനുള്ള ശ്രമം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ യുവാക്കൾ കൃഷിയിൽനിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അഗ്രി ബിസിനസ് പദ്ധതികളുണ്ടാക്കിക്കൊണ്ട് അത്തരം പ്രശ്നങ്ങൾ പരിഹരിച്ച് ചെറുപ്പക്കാരെ ആ മേഖലയിലേക്ക് കൊണ്ടുവരാൻ കഴിയണം. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യുടെ നയങ്ങൾ നമ്മളെ തകർത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ധാരാളം ഉൽപ്പന്നങ്ങളുണ്ട്. എന്നാൽ മലേഷ്യയിൽ നിന്ന് റബ്ബർ, ഗ്വാട്ടിമാലയിൽനിന്ന് ഏലം തുടങ്ങിയ ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. എത്ര കരാറുകളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് ! സാർക്ക് ഉടമ്പടി, ഇന്ത്യാ-ശ്രീലങ്കാ കരാർ, ഇന്ത്യാ-മലേഷ്യൻ കരാർ ഇതൊക്കെയുണ്ടാക്കിയതിന്റെ ഭാഗമായി യാതൊരു മാനദണ്ഡവുമില്ലാതെ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് യാതൊരു വിലയുമില്ലാത്ത ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് എനിക്കഭ്യർത്ഥിക്കാനുള്ളത് ഇത്തരത്തിലുള്ള കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണണം എന്നാണ്. തീർച്ചയായും ഈ രണ്ട് വർഷക്കാലം കൊണ്ട് വളരെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനി വരാനിരിക്കുന്ന മൂന്നു വർഷക്കാലം കൊണ്ട് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് കഴിയണം. കൃഷി വകുപ്പിനെ കൂടുതൽ ഫലപ്രദമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഴവും പച്ചക്കറിയും പണ്ട് പേടികൂടാതെ ഭക്ഷിക്കാമായിരുന്നുവെന്ന് വല്യമ്മമാരും വല്യച്ഛൻമാരും പറഞ്ഞു കേട്ടിട്ടുണ്ട്. ഇന്ന് ഇതുരണ്ടും തൊടാൻ പാടില്ലാത്ത ഒരവസ്ഥയാണ്. അന്നത്തെ കൃഷിയും ഇന്നത്തെ കൃഷിയും തമ്മിൽ അത്രമാത്രം വ്യത്യാസം വന്നിട്ടുണ്ട്. പണ്ട് കേരളമെന്നു പറഞ്ഞാൽ കൃഷിരാജ്യം

LIBRARY ARCHIVES Kerala Legislative Assembly

എന്നായിരുന്നു പര്യായം. ആ രാജ്യം ഇന്ന് ഈ നിലയിൽ എങ്ങനെ ഊഷരഭൂമിയായി മാറിയെന്നുള്ളത് മനസ്സിലാക്കാൻ കഴിയുന്നില്ല. കേരളത്തിലെ ആളുകളുടെ പ്രധാനപ്പെട്ട തൊഴിൽ കൃഷിയാണെങ്കിലും ഇന്ന് അവർ ജീവിക്കുന്നത്..... ഞാൻ ആർക്കും വഴങ്ങുന്നില്ല. ഞാൻ ആദ്യം പറഞ്ഞതുപോലെ ഇന്ന് നമുക്ക് ഭൂമിയിൽ നിന്നുമുണ്ടാകുന്ന ഒരു സാധനവും കഴിക്കാൻ പറ്റാത്ത ഒരവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. നമ്മുടെ പ്രസംഗങ്ങളെല്ലാം കൃഷിയെപ്പറ്റിയാണെങ്കിലും കൃഷിചെയ്തുണ്ടാക്കുന്ന സാധനങ്ങളൊന്നും കഴിക്കാൻ പറ്റാത്ത ഒരവസ്ഥയാണിന്ന്. പഴയ കേരളവും ഇന്നത്തെ കേരളവും തമ്മിലുള്ള വ്യത്യാസം ആർക്കും ആലോചിക്കാൻ പോലും സാധിക്കുന്നില്ല. കേരളമെന്നു പറഞ്ഞാൽ കൃഷിയാണ് ; കൃഷിയെന്നു പറഞ്ഞാൽ കേരളമാണ്. കേരളത്തിന്റെ പര്യായമായി ഉപയോഗിച്ചുകൊണ്ടിരുന്ന കൃഷിയെന്തേ കേരളത്തിൽ നിന്നും മാഞ്ഞു പോകുന്നു ? അതിന്റെ യഥാർത്ഥ കാരണം പറയാം. പക്ഷെ ആരും അതിനെപ്പറ്റി ചിന്തിക്കുന്നില്ല. കേരളത്തിൽ കൃഷി ഓരോരോ ദിവസം കഴിയുന്തോറും മാഞ്ഞുമാഞ്ഞു പോകുന്നതിന്റെ കാരണം ഇവിടെ കാർഷിക വിളകൾ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കാത്തതുകൊണ്ടല്ല, ഉൽപ്പാദിപ്പിച്ചാൽ പ്രയോജനമില്ല. മനുഷ്യൻ അനുഗ്രഹത്തിനു വേണ്ടിയല്ല ജോലി ചെയ്യുന്നത്, ജോലി ചെയ്യുന്നത് ജീവിക്കാനാണ്.. കൃഷി ചെയ്താൽ ജീവിക്കാനുള്ള വക അതിൽനിന്നും കിട്ടണം. പണ്ട് അങ്ങനെയായിരുന്നു.

ശ്രീ. കെ. ബാബു : സർ, അങ്ങ് കൃഷിയെക്കുറിച്ചല്ലേ പറഞ്ഞത്, അങ്ങ് നല്ല കൃഷിക്കാരനാണെന്ന് കേട്ടിട്ടുണ്ട്, അങ്ങ് ഇപ്പോൾ പഴയതുപോലെ കൃഷി ചെയ്യുന്നുണ്ടോ ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. എം. അഗസ്തി]

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, അദ്ദേഹം പറഞ്ഞത് പരമാർത്ഥമാണ്. വെള്ളിയാഴ്ച ഞാൻ വീട്ടിൽപ്പോയാൽ ശനിയാഴ്ച രണ്ടു മണിക്കൂർ തൂമ്പയെടുത്ത് കിളയ്ക്കുന്നവനാണ് ഞാൻ ; സൂത്രത്തിൽ ജീവിക്കുന്നവനല്ല. എന്റെ വീട്ടിൽ വന്നാൽ കാണാൻ കഴിയും. വല്ലവരുടേയും ജീവിതത്തിൽനിന്നും ആദായമൂറ്റിയെടുത്ത് ജീവിക്കുന്ന നിങ്ങളെപ്പോലെ അല്ല ; ഞാൻ ജോലിയെടുക്കുന്ന ആളാണ്. തൂമ്പയെടുത്ത് പണിചെയ്യുന്ന ആളാണ്. ഞാനൊരു പാവപ്പെട്ട കൃഷിക്കാരനാണ്. അതുകൊണ്ടാണ് കൃഷിയെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിച്ചത്. അപ്പോൾ അതിനെ മറ്റുവിധത്തിൽ മുതലെടുക്കാൻ ആരു വിചാരിച്ചാലും നടക്കില്ല. കൃഷിയുടെ സ്ഥിതി ഇന്ന് എന്താണ് ? എല്ലാപേർക്കും അതിന്റെ കാരണമെന്താണെന്ന് അറിയാം പക്ഷെ ആരും അതിനെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇവിടെ കൃഷിചെയ്യാൻ ഭൂമിയില്ലാഞ്ഞിട്ടല്ല, അതിൽ ജോലി ചെയ്യാൻ ആളുമില്ലാഞ്ഞിട്ടല്ല, പക്ഷേ, ആ ഭൂമിയിൽ ജോലി ചെയ്താൽ ജീവിക്കാനുള്ള വരുമാനം ലഭിക്കുകയില്ല എന്നൊരു പശ്ചാത്തലമാണ് നമ്മുടെ നാട്ടിലുള്ളത്. അങ്ങനെ ജോലിക്കാരെ നിർത്തി ജോലിയെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഭൂമി വെറുതെ തരിശായി കിടക്കുകയാണ്. അതുകൊണ്ടാണ് കൃഷിക്ക് ഇവിടെ ക്ഷീണം സംഭവിച്ചത്. ഇവിടെ വൻകിട മുതലാളിമാരുണ്ട്. അവർക്ക് റബ്ബറും കൊക്കോയുമൊക്കെയാണ് നോട്ടം. പക്ഷേ, നമുക്കതല്ല.

LIBRARY ARCHIVES Kerala Legislative Assembly

പണ്ടത്തെ കൃഷികളോട് എന്ന് വിടപറഞ്ഞോ അന്ന് ഈ ഭൂമിയുടെ നനവ് പോയി. ഈ ഭൂമിയിൽ വെള്ളമില്ല. വെള്ളമില്ലാത്ത ഭൂമിയിൽ കൃഷി ചെയ്യാൻ കഴിയില്ല. എങ്ങനെ വെള്ളം നഷ്ടപ്പെട്ടുപോയി ? പണ്ടൊക്കെ വാഴയും ചേനയുമൊക്കെ കൃഷി ചെയ്യുമ്പോൾ ഒരംശം വെള്ളം ഭൂമിയിൽ നിലനിൽക്കുമായിരുന്നു. എന്നാൽ ഇന്ന് അതല്ല. പാതാളത്തിൽ നിന്നുവരെ വെള്ളം ഊറ്റിയെടുക്കുന്ന റബ്ബറും കൊക്കോയും ഈ രാജ്യത്ത് കൃഷി ചെയ്തു വന്നപ്പോൾ ഭൂമിയിൽ വെള്ളം വറ്റി. അതുകൊണ്ടാണ് ഭൂമി നശിച്ചു പോയത്. മറ്റൊന്ന് കൃഷിക്കാർക്ക് അത്യാഗ്രഹമുണ്ട്, പെട്ടെന്ന് പണക്കാരനാകാൻ വേണ്ടി കൂടുതൽ, കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടി പണ്ടത്തെ എല്ലാ കൃഷി രീതികളും മറന്ന് രാസവളത്തിന്റെ പിന്നാലെ പോയി. പണ്ട് ഉപയോഗിച്ചിരുന്ന ചാണകവും ചവറുമിട്ടാൽ ഏത് ഭൂമിയിൽനിന്നും പ്രതിഫലം കിട്ടുമായിരുന്നു. പക്ഷെ അതുകൊണ്ട് വേഗം പണക്കാരാകാൻ കഴിയില്ല. കൂടുതൽ വിളവ് ഉൽപ്പാദിപ്പിക്കുവാൻ വേണ്ടി രാസവളമുപയോഗിച്ച് ഈ രാജ്യത്തെ മണ്ണ് മുടിച്ചു. അതുകൊണ്ടാണ് കൃഷി നഷ്ടമെന്നു പറയുന്നത്. രാസവളത്തിൽനിന്നും എന്ന് കൃഷിക്കാർ കരകയറാൻ പോകുന്നുവോ അന്നു മാത്രമേ കൃഷി അഭിവൃദ്ധിപ്പെടുകയുള്ളു. പണ്ട് ഉപയോഗിച്ചിരുന്ന ജൈവവളം ഉപയോഗിച്ചാലേ ഈ നാടിനേയും നാട്ടുകാരേയും രക്ഷിക്കാൻ കഴിയുകയുള്ളു. ആ സമ്പ്രദായം നമ്മുടെ നാട്ടിൽ കൊണ്ടുവരണം. എന്തൊക്കെ പറഞ്ഞാലും ദൂരെപ്പോകുമ്പോൾ ഒന്നോ രണ്ടോ ദിവസം മറ്റ് ആഹാരങ്ങൾ കഴിച്ചാലും നാട്ടിൽ വന്നാൽ നാട്ടിൽ കൃഷി ചെയ്യുന്ന കപ്പയും മറ്റും കഴിക്കുന്നയാളാണ് ഞാൻ. ഇപ്പോൾ ഈ മണ്ണ് മഴ പെയ്തുകഴിഞ്ഞാൽ ഉടനെ ചെളിമണലായി മാറുകയാണ്. നമ്മുടെ കൃഷിരീതി ആകെ മാറിപ്പോയി.

ശ്രീ. തമ്പാനൂർ രവി : സർ, അങ്ങ് കൃഷിചെയ്യുന്ന ആളാണ്, അങ്ങ് കൃഷിക്ക് ജൈവവളമാണോ രാസവളമാണോ ഉപയോഗിക്കുന്നത് ?

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഞാൻ രാസവളമേ തൊട്ടിട്ടില്ല, ജൈവവളം മാത്രമാണ് ഉപയോഗിക്കുന്നത്. ഞാൻ ആദ്യമേ പറഞ്ഞു, കപ്പയും, ചേനയും കിഴങ്ങുമൊക്കെ കൃഷി ചെയ്ത് ആഹാരം കഴിക്കുന്നവനാണ് നാരായണക്കുറുപ്പ് എന്ന്. നിങ്ങളെപ്പോലെ റൊട്ടിയും മട്ടണും ഒന്നുമല്ല കഴിക്കുന്നത്. നിങ്ങൾക്ക് അതു പറഞ്ഞാൽ മനസ്സിലാകുകയില്ല. അതുകൊണ്ട് ഈ രീതിയിലുള്ള കൃഷി നമ്മുടെ നാട്ടിൽ കൊണ്ടുവരാൻ കഴിഞ്ഞെങ്കിൽ മാത്രമേ കൃഷിയെപ്പറ്റി പറയാൻ കഴിയുകയുള്ളു. ഇവിടെ കൃഷിയെന്നു പറഞ്ഞാൽ ഇപ്പോൾ കപ്പയും ചേനയുമൊന്നുമല്ല. റബ്ബർ, കൊക്കോ ഇതൊക്കെ നമ്മുടെ നാട്ടിൽ വന്നതോടെ ഈ രാജ്യത്തെ കൃഷി നശിച്ചു.

മി. ചെയർമാൻ (ശ്രീ. ഇ.എം. അഗസ്തി) : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ജാതക പ്രകാരം ഇനിയും പത്ത്, പതിനഞ്ച് വർഷക്കാലമുണ്ട്. സർ, ഞാൻ അറിയാതെ പറഞ്ഞു പോയതാണ്. എന്റെ സമയം കഴിഞ്ഞുവെന്ന് പറഞ്ഞപ്പോൾ പേടിച്ചു പറഞ്ഞുപോയതാണ്. ഇനിയും ജീവിക്കാൻ ആഗ്രഹമുള്ളതുകൊണ്ട് പറഞ്ഞുപോയതാണ് കൃഷിയെപ്പറ്റി ഒരുപാട് ഒരുപാട് കാര്യങ്ങൾ സ്വപ്നം കണ്ടുകൊണ്ടാണ് ഞാൻ ഇവിടെ നിന്നത്. അപ്പുറത്തും ഇപ്പുറത്തുമുള്ള സ്നേഹിതൻമാരുടെ റോസാപ്പൂവ് കൊണ്ടുള്ള ഏറു

LIBRARY ARCHIVES Kerala Legislative Assembly

കാരണം അതൊന്നും പറയാൻ കഴിയുന്നില്ല. നമ്മുടെ നാട്ടിലെ കൃഷി ഒരുപക്ഷേ ആർക്കും രക്ഷിക്കാൻ കഴിയാത്ത സ്ഥിതിയിൽ വന്നിട്ടുണ്ടെങ്കിൽ അത് കൈകാര്യം ചെയ്യുന്ന മന്ത്രിയേയോ ഗവൺമെന്റിനേയോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞാനും നിങ്ങളുമൊക്കെ ഈ നാടിനെ ഇങ്ങനെ മുടിച്ചതിന് ഉത്തരവാദികളാണ്. നമ്മുടെ പൂർവ്വികർ സ്വീകരിച്ച കാർഷിക സമ്പ്രദായം പഴയതുപോലെ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ ഇവിടെ എന്തൊക്കെ ചെയ്താലും ഈ രാജ്യത്തെ ഐശ്വര്യപൂർണ്ണമാക്കാൻ കഴിയുകയില്ല. കാരണം കേരളമെന്നു പറഞ്ഞാൽ കൃഷി എന്നാണ് അതിന്റെ പര്യായംപോലും. അത് നഷ്ടപ്പെടുത്തിക്കൊണ്ട് നമുക്ക് എങ്ങും ചെന്നെത്താൻ കഴിയുകയില്ല. ഞാൻ ഉൾപ്പെടെ എല്ലാ ആളുകളും ഈ രാജ്യത്തെ കൃഷിയെ നശിപ്പിക്കുകയാണ്. അതുകൊണ്ട് പ്രീയപ്പെട്ടവരേ 'മണ്ണിലേക്ക് മടങ്ങുക' എന്നുള്ള പണ്ടത്തെ ആഹ്വാനം ചെവിക്കൊണ്ടുകൊണ്ട്, ഈ ഭൂമിയെ ഫലവത്താക്കിക്കൊണ്ട്, ഇന്ന് ചൊരിമണലാക്കി മാറിയ ഈ ഭൂമിയെ ഫലവത്താക്കിമാറ്റണം. അതിന് ജൈവവളങ്ങൾക്കു മാത്രമേ കഴിയൂ. പണ്ട് പശുവിനെ വളർത്തുമായിരുന്നു. ചാണകവും കിട്ടുമായിരുന്നു. ചാണകവും ചവറും ചേർക്കുമ്പോൾ അതിൽക്കൂടുതൽ വളം ഈ ഭൂമിക്ക് ആവശ്യമില്ല. ഇന്ന് ആരും പശുവിനെ തൊടുകയില്ല. അതൊക്കെ വലിയ വിഷമമാണ്. ഹൈഹീൽഡ് ഷൂ ഇട്ടുകൊണ്ട് പശുവിനെ തൊടാൻ കഴിയുകയില്ല. അന്നത്തെ ജീവിതം അതാണ്. അന്ന് പശുവിൻപാൽ കുടിച്ച് ആരോഗ്യവാൻമാരായ നമ്മുടെ പൂർവികൻമാർ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് നമുക്ക് പശുവിൻപാൽ കുടിക്കാൻ ലഭിക്കുന്നില്ല. കടയിൽനിന്നും കിട്ടുന്ന ഒരു വെളുത്ത സാധനത്തെ പാൽ എന്നു പറയും. പശുവിൻപാൽ കിട്ടണമെങ്കിൽ പശുവിനെ വളർത്തണം. ശുദ്ധമായ പാൽ കുടിച്ച് വളർന്നുവന്നവരാണ് നമ്മുടെ കുട്ടികൾ. ഇന്നോ കുട്ടികൾ പാൽ കുടിച്ചാൽ തളർന്നുപോകുകയാണ്. ഇപ്പോൾ ലഭിക്കുന്ന പാലിന്റെ ഗുണം അതാണ്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. നമ്മൾ പശുവിനെ വളർത്തണം. പത്തു മാസം കഴിഞ്ഞ് പ്രസവിക്കുമ്പോൾ നല്ല കറവ കിട്ടും. ആ പാൽ ഉപയോഗിക്കാം. അതൊക്കെ ഒരുപക്ഷേ അപരിഷ്കൃതമെന്ന് വ്യാഖ്യാനിക്കാം. ഇതാണ് യഥാർത്ഥത്തിൽ ജീവിതം. അതല്ലാതെ എവിടെയെങ്കിലും ഇരിക്കുന്ന ആണികൊണ്ടൊക്കെ പിടിച്ചു തിന്നുന്നതുകൊണ്ട് മനുഷ്യന് ആരോഗ്യം കിട്ടുകയില്ല. ആ ജീവിതത്തിലേക്ക് പോകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിശാലമായി കൃഷിയെപ്പറ്റി പറയണമെങ്കിൽ മാസങ്ങൾ വേണം. ഞാൻ അതിലേക്ക് കടന്നുവെന്നേയുള്ളൂ.

നമ്മോടൊപ്പം ജീവിക്കുന്ന ആദിവാസികളെപ്പറ്റി രണ്ടു വാക്ക് പറയാൻ ആഗ്രഹിക്കുന്നു. ഒരുകാലത്ത് ഞങ്ങളൊക്കെ ആദിവാസികളായിരുന്നു. അവരെ തള്ളിത്തള്ളി പർവ്വതങ്ങളിലേക്ക് മാറ്റിയിരിക്കുകയാണ്. എന്നിട്ട് ഇന്ന് അവരെയോർത്ത് കണ്ണുനീർ ഒഴുക്കിയിട്ട് വല്ല കാര്യവുമുണ്ടോ ? അവർ ഈ നാട്ടിൽ ഉള്ളവരായിരുന്നു. നിങ്ങളെപ്പോലെ ബുദ്ധിയുള്ളവർ വന്ന് അവരെ തള്ളിത്തള്ളി മാറ്റി. അവരെ വറുതിയിലേക്ക് മാറ്റി. ആ പാവപ്പെട്ടവരുടെ അവസ്ഥയോർത്ത് ഇപ്പോൾ ഇവിടെക്കിടന്ന് കരഞ്ഞിട്ട് കാര്യമില്ല. ഭൂമിയുടെ യഥാർത്ഥ ഉടമകൾ അവരാണ്. അവരെ ഭൂമിയിലേക്ക് കൊണ്ടുവരണം. ഇന്നിപ്പോൾ ഒന്നോ രണ്ടോ കീറ് തുണി കൊടുത്തതുകൊണ്ടോ ഒന്നോ രണ്ടോ രൂപ കൊടുത്തതുകൊണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

അവരെ നന്നാക്കാൻ കഴിയുകയില്ല. അവരെ നന്നാക്കാൻ 'അതു ചെയ്യുന്നു' 'ഇതു ചെയ്യുന്നു' എന്നു പറഞ്ഞിട്ട് കാര്യമില്ല. അവരെ സ്നേഹിക്കാൻ നിങ്ങൾക്കു കഴിയുമോ ? മലയോരങ്ങളിൽ, മലഞ്ചെരിവുകളിൽ താമസിക്കുന്ന പാവപ്പെട്ട ആദിവാസികളെ നിങ്ങൾക്ക് സഹായിക്കാൻ കഴിയുമെങ്കിൽ നിങ്ങളുടെ വീട്ടിലെ ഒരു പെൺകുട്ടിയെയെങ്കിലും ഒരു ആദിവാസിയെക്കൊണ്ട് വിവാഹം കഴിപ്പിച്ച് ഇങ്ങോട്ടു കൊണ്ടുവരൂ. എന്നെക്കൊണ്ട് മാതൃക കാണിക്കാൻ പറ്റുകയില്ല. എന്റെ കുട്ടികളൊക്കെ വിവാഹിതരായി. എന്റെ സ്നേഹിതൻമാർ ഇക്കാര്യത്തിൽ മാതൃക കാണിക്കണം. ഈ നാട്ടിന്റെ യഥാർത്ഥ ഉടമകളായ ഈ നാട്ടിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ആദിവാസികളെപ്പറ്റി, എന്തോ ധർമ്മം കൊടുക്കുന്ന മട്ടിൽ, ഭിക്ഷ കൊടുക്കുന്ന മട്ടിൽ ഏതു സർക്കാർ വന്നാലും ഇങ്ങനെ പറയുന്നത് ശരിയല്ല. അവരാണ് പാറ പൊട്ടിച്ച് മണ്ണ് നികത്തി ഭൂമിയെ യഥാർത്ഥ കൃഷിഭൂമിയാക്കി മാറ്റിയത്. നമ്മൾ വീട്ടിലിരിക്കുന്ന പ്രായമുള്ള ആളുകളെ ബഹുമാനിക്കുന്നുവെങ്കിൽ ഈ പാവപ്പെട്ട ആദിവാസികളേയും ബഹുമാനിക്കണം. ഈ പാവപ്പെട്ട ആദിവാസികളെ സംരക്ഷിക്കാൻ നമുക്ക് കഴിയണം. നമ്മളെപ്പോലെ ജീവിക്കാൻ അവർക്കും അവകാശമുണ്ട്. അവർക്ക് മുണ്ട് ഉടുക്കണം ; ഉടുപ്പു വേണം, വേണമെങ്കിൽ ചെരുപ്പുമിടാം. കുട്ടികളെ പഠിപ്പിക്കണം, അതിനുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി വേണ്ടതു ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഞാൻ എന്തെങ്കിലും സംസാരിക്കാൻ എണീറ്റാൽ, കുറുപ്പ് പൊങ്ങിയാലുടൻ അവിടുന്നും ഇവിടുന്നും ചോദ്യമാണ്. പാവപ്പെട്ടവരുടെ ജീവിതത്തെപ്പറ്റി ഒന്നോ രണ്ടോ വാക്കുകൾ മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. അവിടെ പോകണം. അവരെ കാണണം. അവരുടെ ജീവിതവുമായി തുലനം ചെയ്യണം. പാവപ്പെട്ടവരേയും ആദിവാസികളേയുംപ്പറ്റി പുച്ഛത്തോടെ സംസാരിക്കുന്ന രണ്ടു കൂട്ടരും മാറി മാറി ആഴ്ചകൾ മാറുമ്പോൾ, മാസങ്ങൾ മാറുമ്പോൾ, ഓരോ മുന്നണിയും അവരെ പ്രേമിക്കുകയാണ്. ഇപ്പോൾ ഞങ്ങളാണ് അവരെ പ്രേമിക്കുന്നത്. പണ്ടൊക്കെ അവരായിരുന്നു. അവർക്ക് ഇപ്പോൾ എതിർപ്പാണ്.

മി. ചെയർമാൻ : ദയവായി അവസാനിപ്പിക്കുക. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ബഹുമാനപ്പെട്ട പാനൽ ഓഫ് ചെയർമാൻ പറയുന്നത് ഞാൻ സർവ്വാർത്മനാ അനുസരിക്കുകയാണ്. രണ്ടു വകുപ്പുകളെപ്പറ്റി മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ കൃഷിയെപ്പറ്റി അല്പമായിട്ടു മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. ഇവിടെ കൃഷിയെന്നു പറഞ്ഞാൽ ഇവർക്കൊക്കെ ചേമ്പും വാഴയുമൊന്നുമല്ല. റബ്ബർ അല്ലെങ്കിൽ . . . . ഈ രാജ്യത്ത് മണ്ണിന് അയവുണ്ടാക്കി, മണ്ണിന് നനവുണ്ടാക്കിയെങ്കിൽ മാത്രമേ കൃഷിയുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുകയുള്ളൂ. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 1991-ലെ സെൻസസ് പ്രകാരം 3,20,967 പട്ടികവർഗ്ഗക്കാരാണുള്ളത്. പട്ടികജാതിയാകട്ടെ, 28.87 ലക്ഷവുമാണ്. പട്ടിക സമുദായത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് ആദിവാസികൾ. അവർക്ക് കാടും വീടും നഷ്ടപ്പെട്ടു. ഇപ്പോൾ ജീവിത സാഹചര്യം ഇല്ല, ഭക്ഷണമില്ല, വിദ്യാഭ്യാസമില്ല, ജോലിയും കൂലിയുമില്ല. നിലനിൽപ്പിനുവേണ്ടി പ്രകൃതിയോട് പടപൊരുതുന്നവരാണ് പട്ടികവർഗ്ഗക്കാർ. പട്ടികജാതിക്കാരുടെ വെറും 11% മാത്രമാണ് പട്ടിക വർഗ്ഗക്കാർ. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കനിഞ്ഞു നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ. ഇവിടുത്തെ ഉദ്യോഗസ്ഥൻമാർ അവർ നിഷേധിക്കുകയാണ്. പട്ടികവർഗ്ഗ വിഭാഗത്തെ ഉദ്ധരിക്കാൻ വേണ്ടിയുള്ള പദ്ധതികൾക്ക് സൻമനസ്സുള്ള ഉദ്യോഗസ്ഥൻമാരെ നിയോഗിക്കണം. ആദിവാസികൾ ആത്മാഭിമാനമുള്ളവരാണ് ; പണിയെടുത്ത് കുടുംബം പുലർത്തുന്നവരാണ്. അവരുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുകയെന്നുള്ളത് അവരുടെ സ്വപ്നമാണ്. സ്വന്തം സംസ്കാരം കാത്തുസൂക്ഷിക്കേണ്ടത് അവരുടെ കുലധർമ്മമാണ്. നിലനിൽപ്പിനുവേണ്ടി കാതങ്ങൾ അകലെയായിട്ടും സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറും സ്റ്റൈപ്പൻറും അവരുടെ പഠന സമയത്ത് കിട്ടി എന്നുള്ള മറുപടി വാസ്തവ വിരുദ്ധവും ഹൃദയഭേദകവുമായിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എഞ്ചിനീയറിംഗിന് 180 പേരും പോളിടെക്നിക്കിന് 186 പേരും ടെക്നിക്കൽ ഹൈസ്കൂളിൽ 40 പേരും ഡിഗ്രിക്ക് 999 പേരും ബിരുദാനന്തര ബിരുദത്തിന് 135 പേരും 13,060 പേർ ഹൈസ്കൂളിലും പഠിക്കുന്നു. ആദിവാസികൾ താമസിക്കുന്ന വനത്തിൽ സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടോ സർ ? ജൻമിമാരോ വ്യവസായികളോ ഉദ്യോഗസ്ഥരോ അവർക്കിടയിൽ ഇല്ല. വിദ്യ അഭ്യസിക്കുന്നവർക്കെല്ലാം ലംപ്സം ഗ്രാന്റും സ്റൈപ്പൻറും കൊടുക്കുന്നു എന്നാണ് വകുപ്പുമന്ത്രി ആശ്വസിപ്പിച്ചത്. ഉദ്യോഗസ്ഥൻമാർ പറഞ്ഞത് അടിവരയിട്ട് ഉറപ്പിക്കുന്ന അധികാരികൾ. യഥാസമയം പട്ടികജാതിക്കാർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ കിട്ടുന്നത്. ആദിവാസി കുട്ടികൾക്ക് സമയത്തിന് ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അവർ പട്ടിണി കിടക്കുന്നു. മാന്യമായി അവർക്ക് പുറത്തിറങ്ങാൻ കാശില്ല. ദേവൻ കനിഞ്ഞാലും പൂജാരി കനിയുന്നില്ല എന്ന കണക്കിലാണ് കാര്യങ്ങളുടെ പോക്ക്. ഇതിന് ഒരു അറുതി വേണം. കഴിഞ്ഞ വർഷത്തെ സ്റ്റൈപ്പന്റ് കിട്ടാത്ത എസ്.ടി. കുട്ടികളോട് ഞാൻ എന്തു പറയും സർ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. അല്ലെങ്കിൽ പട്ടിക വികസന വകുപ്പിന്റെ ഭരണം മുഖ്യമന്ത്രി ഏറ്റെടുക്കണം ; അദിവാസി കുട്ടികളെ സഹായിക്കണം. പട്ടികവർഗ്ഗത്തിന് ആനുകൂല്യം കൊടുക്കുന്ന കാര്യത്തിൽ മാത്രം എന്തിനാണ് ഈ തടസ്സങ്ങൾ ? വീടിന് അപേക്ഷിച്ചാലും പട്ടികവർഗ്ഗക്കാർക്ക് കിട്ടുകയില്ല. ഉൾക്കാടുകളിൽ പട്ടിണി കിടന്നാൽ, അവരെ സഹായിക്കാൻ ഇവിടെ പദ്ധതിയുണ്ടെങ്കിലും ഒരു പ്രയോജനവുമില്ല. ആദിവാസികൾക്ക് പവറും പത്രാസും വേണ്ട. അര വയറ് നിറയ്ക്കാൻ അല്പം കഞ്ഞി. കയറിക്കിടക്കുവാൻ ഒരു കൊച്ചു കൂരയും സ്വന്തമായി കൃഷി ചെയ്ത് ജീവിക്കുവാൻ ഒരേക്കർ ഭൂമിയും ഇത്രയെങ്കിലും

സർക്കാർ എത്തിച്ചു കൊടുക്കണം. പട്ടികവർഗ്ഗ വികസനത്തിനായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളത് ? ഈ തുക വിഭജിച്ചാൽ 3,20,000 പേർക്ക് അര വയർ കഞ്ഞിക്ക് മാർഗ്ഗം ഉണ്ട്. വിദ്യാർത്ഥികളുടെ ഉന്നതിക്കുവേണ്ടി അവരുടെ പേരിൽ ചെലവഴിക്കുന്ന തുക ആരാന്റെ പത്തായത്തിൽ കുന്നുകൂടുകയാണ്. ഈ 21-ാം നൂറ്റാണ്ടിൽ മോശയെപ്പോലെ വാഗ്ദത്തഭൂമിയിലേക്ക് ഇവരെ നയിക്കാൻ ഇടമില്ലാതിരിക്കുകയാണ്. ഇത്രയും കാലം കാടിന്റെ ഉല്പന്നങ്ങൾ ആദിവാസികൾക്ക് എടുക്കാമായിരുന്നു. ഒരിറ്റു വെള്ളം അവർ സ്വപ്നം കണ്ടത് ഈ സാധനങ്ങളുടെ ഉറപ്പിലായിരുന്നു. ഇപ്പോൾ അതും അവരിൽ നിന്നും തട്ടിമാറ്റി. കോടികൾ വിലയുള്ള ചന്ദനവും തേക്കും കടത്തുന്നവരെ രക്ഷിക്കുന്ന കാലം. മാന്യൻമാർക്ക് എന്തും ആകാം. അല്പം തേനും തെള്ളിയും ആദിവാസികൾ എടുത്താൽ അത് നിയമവിരുദ്ധം. വനം വകുപ്പിലെ ആഫീസർമാർക്ക് പാവങ്ങളായ ഗിരിവർഗ്ഗക്കാരെ പിടുങ്ങുവാൻ യാതൊരു മടിയുമില്ല. ഗിരിവർഗ്ഗക്കാർക്ക് കാട്ടിൽ കിടക്കപ്പൊറുതിയില്ലാതായി. യുഗയുഗാന്തരങ്ങളായി കാട്ടിലെ വിഭവങ്ങൾ ആദിവാസികളുടെ അവകാശമായിരുന്നു. ആദിവാസികളെ സംരക്ഷിക്കുന്നതിന് പ്രത്യേകമായി ട്രൈബൽ സബ് പ്ലാൻ ഉണ്ടല്ലോ. അതുകൊണ്ടൊന്നും ആദിവാസികളെ രക്ഷിക്കാൻ ആവുന്നില്ല. ഈ പദ്ധതി കൊണ്ട് രക്ഷപ്പെടുന്നത് കാട്ടിലെ ആദിവാസികളോ നാട്ടിലെ തമ്പ്രാക്കളോ ? ആദിവാസി വൃദ്ധജനങ്ങൾക്ക് കേന്ദ്ര പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭ്യമാക്കണം. പട്ടികവർഗ്ഗ വിഭാഗത്തിനെ ഇനിയും തള്ളരുത്, തഴയരുത്. അവരുടെ വിഹിതം ഊരുകളിൽ എത്തിച്ചു കൊടുക്കണം. പട്ടിണി മൂലം ആയുസ്സും ആരോഗ്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസി ജനതയുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്നും സന്തുഷ്ടമായി ജീവിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കിക്കൊടുക്കണമെന്നും ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. വയനാടിൽ കർഷകർ മുൻ ഗവൺമെൻറിന്റെ കാലമത്രയും പേടിയോടെയാണ് കഴിഞ്ഞിരുന്നത്. കാർഷികോൽപ്പന്നങ്ങളായ കുരുമുളക്, ചുക്ക് ഏലം, കാപ്പി, തേയില എന്നവയ്ക്കെല്ലാം വളരെയധികം വിലയിടിഞ്ഞു. ചെറുകിട കർഷകർ ആത്മഹത്യയുടെ വക്കിലാണ്. ഇത് മനസ്സിലാക്കിയ ഇപ്പോഴത്തെ സർക്കാർ കർഷകരെ രക്ഷിക്കാൻ പ്രവർത്തിച്ചു തുടങ്ങി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി 200 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. അത് പ്രായോഗികതയിൽ എത്തിയപ്പോൾ കർഷകരിൽ ഭൂരിഭാഗത്തിനും പദ്ധതിയുടെ ഗുണം കിട്ടിയില്ല. അടിസ്ഥാനപരമായി കാർഷിക ജില്ലയാണ് വയനാട്. വാണിജ്യ വിളകളുടെ ഈറ്റില്ലമാണ്. പക്ഷേ കർഷകർ ഭൂരിപക്ഷവും നിരാശയിലാണ്. പാക്കേജ് അനുസരിച്ചുള്ള സഹായം ലഭ്യമാകാത്തവർക്ക് അത് കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം. അതിനുവേണ്ടി കൂടുതൽ തുക അനുവദിക്കണം. കർഷകരുടെ കണ്ണുനീർ ഭൂമിയിൽ വീഴാൻ സാഹചര്യമുണ്ടാക്കരുത്. കർഷകരുടെ സന്തോഷത്തിൽ ഭൂമി ആർത്ത് ഉല്ലസിക്കും. അതുകൊണ്ട് കാർഷിക പാക്കേജ് വിതരണത്തിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു. വളരെ ആർജ്ജവവും നിശ്ചയദാർഢ്യവും കരുത്തും ഉൾക്കൊണ്ടുകൊണ്ട് തികച്ചും ആസൂത്രിതമായ പ്രവർത്തനത്തിലൂടെ കാർഷിക രംഗത്ത് നിശ്ശബ്ദ വിപ്ലവം തീർത്ത വകുപ്പുമന്ത്രിയെ ആദരിക്കാതിരിക്കാൻ ആർക്കും ആവില്ല എന്ന് എനിക്ക് ബോദ്ധ്യമുണ്ട്. സർ, സാധാരണക്കാരായ കർഷകർ ഈ കഴിഞ്ഞ വർഷക്കാലത്ത് കാർഷിക രംഗത്തുണ്ടായ മാറ്റം ഹൃദയത്തിൽ തട്ടി അനുഭവിക്കുകയാണ്. സാങ്കേതിക പദങ്ങളോ സ്ഥിതിവിവര കണക്കുകളോ കൊണ്ട് അവരെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തേണ്ട അവസ്ഥ കേരളത്തിൽ ഇല്ല. ഓരോ കർഷകനും ഇന്ന് കേരളത്തിലെ കൃഷിമന്ത്രിയെ ഹൃദയത്തിലേറ്റി ആരാധിക്കുകയാണ്. കേരളത്തിലെ കർഷകർക്ക് മുഴുവൻ ആശ്വാസം നൽകുന്നു എന്ന് ബോദ്ധ്യപ്പെട്ട് സർക്കാർ മുന്നോട്ടു പോകുന്നതാണ് നാം കാണുന്നത്. സാധാരണക്കാരായ കർഷകർ തങ്ങളുടെ കാർഷികോൽപ്പന്നങ്ങൾക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന വില വർദ്ധനവ് നേരിട്ട് അറിഞ്ഞവരാണ്. 2001 മേയിൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രമുഖ കാർഷികോൽപ്പന്നങ്ങൾക്ക് ഉണ്ടായിരുന്ന വിലയും ഇന്നത്തെ ഉല്പന്നങ്ങളുടെ വിലയും താരതമ്യം ചെയ്തു നോക്കിയാൽ ഈ വ്യത്യാസം ഒറ്റ നോട്ടത്തിൽ തന്നെ നമുക്ക് തിരിച്ചറിയാനാകും. വിളവെടുപ്പു കാലത്തെ വിലസ്ഥിരത നിലനിർത്താൻ സർക്കാർ ആലപ്പുഴ, തൃശൂർ, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ നടപ്പാക്കിവരുന്ന പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്നതോടുകൂടി മെച്ചപ്പെട്ട നേട്ടങ്ങൾ നമ്മുടെ കർഷകർക്ക് ഉണ്ടാകും എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. സർ, സംസ്ഥാനത്തെ നാളികേര കൃഷിക്കാരുടേയും നെൽകൃഷിക്കാരുടേയും സ്വപ്നം പൂവണിഞ്ഞു കൊണ്ടിരിക്കുകയാണ്. 2002-2003-ൽ 75,000 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് സർക്കാർ പുനരുജ്ജീവിപ്പിച്ചിരിക്കുകയാണ്. 11 നെൽകൃഷി വികസന ഏജൻസികൾ വഴി സംസ്ഥാനത്തെ നെൽകൃഷി മേഖല വികസിപ്പിക്കാനുള്ള തീവ്ര ശ്രമങ്ങൾ നടക്കുന്നത് ഈ മേഖലയിൽ പ്രതീക്ഷ നിലനിർത്തിയിരിക്കുന്നു. നാളികേര കൃഷി മേഖലയിൽ കാറ്റുവീഴ്ച നിയന്ത്രിക്കുന്നതിന് ഒരു ലക്ഷം തെങ്ങ് വെട്ടിമാറ്റുന്ന ഒരു പദ്ധതി നടപ്പിലാക്കിയത് കർഷകന് ഒട്ടേറെ ആശ്വാസം ഉണ്ടാക്കിയിരിക്കുകയാണ്. ടെക്നോളജി മിഷൻ പദ്ധതി കഴിഞ്ഞ വർഷം മുതൽ ഊർജിതമായി നടപ്പിലാക്കി. മലയോര കർഷകർക്ക് ആശ്വാസപ്രദമായിട്ടുള്ള തേനീച്ച വളർത്തൽ കേന്ദ്രം, സുഗന്ധവിള വികസനം, പച്ചക്കറികൃഷി വികസനം, പുഷ്പകൃഷി വികസനം എന്നിവയിൽ ദീർഘ വീക്ഷണത്തോടുകൂടിയുള്ള

12.00 NOON] പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. കൂടാതെ കാർഷിക മേഖലയിൽ സ്ത്രീകൾക്ക് പങ്കാളിത്തം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളും ഊർജ്ജിതമായി നടപ്പിലാക്കുന്നത് ഏറെ പ്രതീക്ഷ ഉണർത്തുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിരിക്കുന്ന Agro Exports പരമ്പരാഗത രീതിയിൽ നിന്ന് വിട്ടുമാറി ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സർക്കാരിന്റെ ചിത്രമാണ് ഇവിടെ വെളിവാക്കുന്നത്. ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്ന ഒരു കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ ജൈവവളവും ജൈവ കീടനാശിനികളും മാത്രം ഉപയോഗിച്ച് കൃഷി നടത്തുന്നതോടെ ആഗോള കമ്പോളത്തിൽ നമ്മുടെ ഉൽപ്പന്നങ്ങളൊക്കെ കൂടുതൽ അംഗീകാരം നേടുമെന്ന

കാര്യത്തിൽ സംശയമില്ല. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഉൾക്കൊണ്ടു കൊണ്ട് ഇൻഫർമേഷൻ ടെക്നോളജിയും, ബയോ ടെക്നോളജിയും കാർഷിക മേഖലയ്ക്ക് കൂടുതൽ ഉപയോഗപ്രദമാക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പരമ്പരാഗത കൃഷി മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല ; കാർഷിക മേഖലയിൽ ഇന്ന് യുവജനങ്ങൾക്ക് താൽപ്പര്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വെള്ളക്കോളർ ജോലികളെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടിരിക്കുന്ന ഒരു യുവ തലമുറയാണ് ഇപ്പോൾ ഉള്ളത്. ഈ ചിന്താരീതി മാറ്റിയെടുക്കാൻ ശാസ്ത്രീയമായിട്ടുള്ള ഒരു സമീപനമാണ് വേണ്ടത്. ഇവിടെയാണ് ബയോ ടെക്നോളജിയുടെ അനന്ത സാദ്ധ്യതകൾ നമുക്ക് പ്രയോജനപ്പെടേണ്ടത്. കാർഷിക മേഖലയിൽ യുവജന പങ്കാളിത്തത്തോടെ ഈ സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾക്ക് നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. ഏകദേശം ഒരു ലക്ഷത്തോളം പേർ ഈ പദ്ധതിയിൽ പൂർണ്ണ അംഗത്വം നേടുന്നത് വളരെ സുഖകരമായ ഒരു കാര്യമാണ്. ടിഷ്യൂ കൾച്ചറിലും അനുബന്ധ മേഖലകളിലും പുത്തൻ സംരംഭങ്ങളും ആശയങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഐ.ടി. മേഖലയിൽ നമ്മുടെ സർക്കാർ ഉണ്ടാക്കിയിരിക്കുന്ന നേട്ടങ്ങൾ കാർഷിക മേഖലയിലും ഉണ്ടാക്കണം. കാർഷിക വിജ്ഞാന വ്യാപനമാണ് യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ ഉപയോഗപ്പെടുത്താവുന്ന മറ്റൊരു മേഖല. ഉപഗ്രഹം ഉപയോഗിച്ച് കൃഷിവിജ്ഞാനം യുവാക്കളിൽ എത്തിക്കാനുള്ള സർക്കാരിന്റെ പദ്ധതി ഏറെ പ്രശംസനീയമാണ്. സർക്കാരിന്റെ കാർഷിക പദ്ധതിയിൽ കാർഷിക കലണ്ടർ അനുസരിച്ചല്ല പദ്ധതികൾ നടപ്പിലാക്കുന്നത് എന്ന ദുരവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. സീസൺ കഴിഞ്ഞ് കൃഷിഭവനുകളിൽ വിത്ത് എത്തുന്ന സ്ഥിതി പൂർണ്ണമായും മാറ്റിയെടുക്കാൻ നമുക്ക് കഴിയണം. കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണം വേണ്ടത്ര മുൻകരുതലോടെ നടപ്പിലാക്കുന്നത് ഈ മേഖലയിൽ വൻ കുതിച്ചുകയറ്റത്തിന് കാരണമാകും. ഈ രംഗത്ത് സർക്കാരിന്റെ ധീരമായ ഒരു കാൽവയ്പ്പിന് കാർഷിക കേരളം കാത്തുനിൽക്കുകയാണ്. മൃഗസംരക്ഷണ മേഖലയിൽ ഈ സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത് ഈ മേഖലയ്ക്ക് ഏറെ ആശ്വാസപ്രദമായിരിക്കും. മലബാറിന്റെ തനതായ മലബാറിയ ആടുകളെ കേരളത്തിൽ മൊത്തം വിതരണം ചെയ്യുന്നതിനും ആ പദ്ധതി നടപ്പിലാക്കുന്നതിനുമായിട്ട് കേരളത്തിന്റെ തെക്കേയറ്റത്ത് പാറശ്ശാലയിൽ ഒരു ആടുവളർത്തൽ കേന്ദ്രം ഇതിനായി തുടങ്ങിയിട്ടുണ്ട്. 34-ഓളം പുതിയ മൃഗാശുപത്രികൾ പണിയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വനിതകൾക്ക് വീട്ടുവളപ്പിൽ കോഴിവളർത്തുന്നതിന് ഒരു പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളാണ് Kerala Feeds Limited-ഉം Meat Products of India Limited-ഉം നഷ്ടത്തിലോടിക്കൊണ്ടിരുന്ന ഈ രണ്ടു സ്ഥാപനങ്ങളും ഇന്ന് ലാഭത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 52 ലക്ഷത്തോളം രൂപ നഷ്ടത്തിലായിരുന്ന Meat Products of India Limited-ന്റെ നഷ്ടം 15 ലക്ഷമാക്കി കുറയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വൈവിദ്ധ്യവൽക്കരണത്തിന്റെയും, ആധുനികവൽക്കരണത്തിന്റെയും ഭാഗമായി Meat Products of India Limited-ൽ പുതിയ വ്യവസായങ്ങൾ ഒരുക്കുന്നതിന്റെ ഫലമായി ആ മേഖലകൾ കൂടുതൽ ലാഭത്തിലേക്ക് പ്രവേശിക്കും എന്ന് ഉറച്ച വിശ്വാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പട്ടികജാതി വികസന ക്ഷേമത്തിലും അടിസ്ഥാനപരമായ മാറ്റങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസരംഗത്തും, സാമൂഹ്യ വികസനരംഗത്തും സാമ്പത്തിക വികസന മേഖലയിലും, ഭവനനിർമ്മാണ മേഖലയിലും ആദിവാസി ക്ഷേമ മേഖലയിലും സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ കുറേക്കൂടി പ്രായോഗികതലത്തിൽ ഉള്ളതാകണം എന്ന ഒരു എളിയ നിർദ്ദേശം എനിക്കുണ്ട്. സമൂഹത്തിന്റെ താഴെതട്ടിലുള്ള വിഭാഗങ്ങൾക്ക് സർവ്വ സഹായങ്ങളും നൽകി സപ്പോർട്ട് ചെയ്യുന്നതോടൊപ്പം അവരിൽ സ്വയംപര്യാപ്തത വളർത്താനുള്ള ശ്രമം കൂടി ഉണ്ടാകണം. ആദിവാസി മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണങ്ങളിലൊന്ന് പ്രസ്തുത മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ്. ഉദാഹരണത്തിന് ആദിവാസികളുടെ രോഗവാർത്തകൾ കൊണ്ട് കുപ്രസിദ്ധിയാർജ്ജിച്ച സ്ഥലമാണ് അട്ടപ്പാടി. ഇവിടെ ഗുരുതരാവസ്ഥയിൽ വരുന്ന രോഗിയെ ചികിൽസയ്ക്കായി നല്ല ചികിൽസാസഹായം കിട്ടുന്ന മണ്ണാർക്കാട് എത്തിക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് രണ്ടു മണിക്കൂർ എങ്കിലും വേണം. എന്നാൽ വെറും അര മണിക്കൂർ കൊണ്ട് അവരെ മണ്ണാർക്കാട് എത്തിക്കാവുന്ന ഒരു Route Proposal വർഷങ്ങളായി സർക്കാരിന്റെ പരിഗണനയിലുണ്ട്. അത് എത്രയും വേഗം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അട്ടപ്പാടിയിൽ കോടികൾ മുടക്കിക്കൊണ്ട് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പണിയുന്നതിന് മുൻസർക്കാർ പരിപാടി ഇട്ടിരുന്നു. ഒരു നല്ല എക്സ്പേർട്ട് അനസ്തറ്റിസ്റ്റിനെ പോലും കിട്ടാത്ത, ഈ അവസരത്തിൽ കോടികൾ മുടക്കിക്കൊണ്ടുള്ള ആ പദ്ധതിയെക്കുറിച്ച് ചിന്തിക്കുന്നതിനപ്പുറം ഞാൻ നേരത്തെ സൂചിപ്പിച്ച റൂട്ട് പ്രൊപ്പോസലിന്റെ കാര്യം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ ഡിമാന്റുകളെ നഖശിഖാന്തം എതിർക്കുകയാണ്. കേരളത്തിലെ കർഷകർക്ക് പ്രത്യേകിച്ചും ക്ഷീര കർഷകർക്ക് ഏറ്റവും കൂടുതൽ ദുരിതങ്ങളും കഷ്ടപ്പാടുകളും മാത്രം സമ്മാനിച്ച ഒരു സർക്കാരാണ് ഈ സർക്കാർ. ഇന്ന് ജീവിക്കാൻ ഒരു തൊഴിൽ എന്ന നിലയിൽ പശുവിനെ വളർത്തി മാത്രം ജീവിക്കുന്ന ആയിരക്കണക്കിന് കർഷകർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർ ഇന്ന് വളരെ ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് സബ്സിഡി നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന കാലിത്തീറ്റകൾ, മറ്റു സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ ഇന്ന് അവർക്ക് ലഭ്യമല്ലാത്ത രീതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ കേരളസംസ്ഥാനത്ത് അറിയപ്പെടുന്ന ഒരു പൊതുമേഖലാ സ്ഥാപനമായ മിൽമ, ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. 51 ശതമാനം ഓഹരി വിറ്റഴിക്കുവാൻ കുത്തക മുതലാളിമാരുമായി ആലോചിച്ചുകൊണ്ട് ഗവൺമെന്റ് നടത്തുന്ന ചില ശ്രമങ്ങൾ ഒന്നു, രണ്ട് മാസങ്ങൾക്കു മുമ്പ് ചില പത്രങ്ങളിലെല്ലാം വന്നിട്ടുള്ളതാണ്. തമിഴ്നാട്ടിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

സഹകാര്യ മുതലാളിമാർ നടത്തുന്ന ഫാക്ടറികളിൽ നിന്നും കൊണ്ടുവരുന്ന കവർപാൽ ഇന്ന് കേരള സംസ്ഥാനത്ത് എല്ലാ മേഖലകളിലും വിറ്റഴിക്കുകയാണ്. 30 ലക്ഷം ലിറ്റർ പാലാണ് കേരളത്തിനു വെളിയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും, കർണ്ണാടകയിൽ നിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നത്. അങ്ങനെ 30 ലക്ഷം ലിറ്റർ പാൽ കേരള സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി മിൽമ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും അതുപോലെ തന്നെ കവർപാലും ഇവിടെ വിൽക്കുവാൻ അവസരം ഇല്ലാതെ കെട്ടിക്കിടക്കുകയാണ്. അങ്ങനെ മിൽമയെ നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന സ്ഥിതിയിലേക്ക് കൊണ്ടുചെന്ന് എത്തിക്കുവാൻ ബഹുമാനപ്പെട്ട കൃഷിവകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥൻമാർ ഞാൻ ആരുടേയും പേർ എടുത്തുപറയുന്നില്ല ; പത്രത്തിൽ വാർത്ത വന്നതാണ്. ഉന്നത ഉദ്യോഗസ്ഥൻമാർ നടത്തുന്ന ഈ ഗൂഢശ്രമം അവസാനിപ്പിക്കുന്നതിനായി ഞാൻ ഒരു നിർദ്ദേശം വയ്ക്കുന്നു.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്,

ശ്രീ. കോവൂർ കുഞ്ഞുമോൻ : നാല് മിനിട്ട് ഉണ്ട് ; ഞാൻ ഒരു മിനിട്ട്പോലും പറഞ്ഞില്ല.

മിസ്പീക്കർ : ഒരു മിനിട്ട് കൊണ്ട് കൺക്ലൂഡ് ചെയ്യണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ : കഴിഞ്ഞ പ്രാവശ്യവും ഞാൻ സംസാരിച്ചുകൊണ്ടു നിന്നപ്പോൾ സാർ ഇടയ്ക്ക് വീണു. രണ്ടുമൂന്ന് വാക്ക് പറയട്ടെ സർ,

മി. സ്പീക്കർ : ഒരു മിനിട്ട് കൊണ്ടുതീർക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഇന്ന് ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് അവർക്ക് സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായം ചെയ്യുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ മാസങ്ങളായി അത് നിലച്ചിരിക്കുകയാണ്. അവർക്ക് സാമ്പത്തികാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സഹായം ചെയ്യുവാൻ ഗവൺമെന്റ് സമയബന്ധിതമായ നടപടികൾ സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനെക്കുറിച്ച് രണ്ടു കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പട്ടികജാതിക്കാരുടെ വികസനത്തിനുവേണ്ടി 30 കോടി രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചതായി അറിയാൻ കഴിഞ്ഞു. 30 കോടി രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചപ്പോൾ അതിൽ നിന്ന് കിട്ടിയ പലിശ എങ്ങോട്ടുപോയി എന്നുള്ളത് ആർക്കും അറിയാൻ കഴിയുന്നില്ല. ഒരു കോടി രൂപ പലിശ കിട്ടുന്നതാണ്. ഇത് കേരളത്തിലെ ജനങ്ങൾക്ക് അറിയണ്ടേ ? ഞാനും ഒരു പട്ടികജാതിക്കാരനാണ്.

Mr. Speaker: Please resume your seat.....Please.....Please resume your seat.....Please.....Please Mr. Kunjumon, Please resume your seat.....Please.....

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, നമ്മുടെ കൃഷിക്കാരും കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകരും വളരെയധികം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് നാം വളരെ പ്രതീക്ഷയോടുകൂടി പടുത്തുയർത്തിക്കൊണ്ടുവന്ന കൃഷിഭവനുകൾ ഗതകാല സ്മരണകൾ അയവിറക്കുന്ന നോക്കുകുത്തികളായി മാറിയിരിക്കുകയാണ്. അങ്ങേക്ക് കൂടുതൽ ഇതിനെപ്പറ്റി അറിയാം. 1975 വരെ പശുക്കൾക്ക് ബീജസങ്കലനം നടത്തുന്നത് സൗജന്യമായിട്ടായിരുന്നു. 1975 മുതലാണ്, ബീജസങ്കലനം നടത്തുന്നതിന് ഫീസ് ഏർപ്പെടുത്തിത്തുടങ്ങിയത്. അന്ന് മുന്ന് കാലികൾക്ക് അഞ്ചു രൂപയ്ക്ക് ബീജസങ്കലനം നടത്തിയിരുന്നു, അടുത്ത കാലത്ത് മുന്ന് എണ്ണത്തിന് 7 രൂപയാക്കി, പിന്നീട് 10 രൂപയാക്കി മാറ്റി, പിന്നീട് 18 രൂപയാക്കി മാറ്റി. പിന്നെ 25 രൂപയാക്കിമാറ്റി, ഇപ്പോൾ 35 രൂപ, അത് ഒരു കുത്തിവയ്പ്പിനാണ്. ഇന്ന് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം ഈ വർദ്ധിപ്പിച്ച ഫീസ് താങ്ങാൻ ആകാത്തതാണ്. ഇന്ന് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് 1975-ന് മുമ്പുള്ള സ്ഥിതി പുനഃസ്ഥാപിച്ച്, സൗജന്യമായി ബീജസങ്കലനം നടത്തുന്നതിനുള്ള കുത്തിവയ്പ്പിന് നടപടി സ്വീകരിക്കേണ്ടതാണ്. എന്നാലേ കർഷകരെ നമുക്ക് സംരക്ഷിക്കാൻ കഴിയൂ. കാലിത്തീറ്റയുടെ വിലയുടെ കാര്യം. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ പാലിന്റെ വിലയിൽ മാറ്റം ഉണ്ടായിട്ടില്ല എന്നുകാണാം. അഞ്ചുവർഷത്തിന് മുമ്പുള്ള അതേവില തന്നെയാണ് 10 രൂപ, എന്നാൽ 50 കിലോ കാലിത്തീറ്റയ്ക്ക് 240 രൂപ വില ഉണ്ടായിരുന്നത് 373 രൂപയായി വർദ്ധിച്ചു. 20 കിലോഗ്രം പുല്ലിന് 7 രൂപ വില ഉണ്ടായിരുന്നത് 17 രൂപയാക്കി. 50 കിലോഗ്രാം വയ്ക്കോലിന് 70 രൂപ വില ഉണ്ടായിരുന്നത് 140 രൂപയായി വർദ്ധിച്ചു. ഇതിന് ആര് ഉത്തരം പറയും ? എങ്ങനെയാണ് ക്ഷീര കർഷകരെ സംരക്ഷിക്കാൻ കഴിയുന്നത് ? മൃഗാശുപത്രികളുടെ സേവനം ഇന്ന് കേവലം ഒമ്പത് മണി മുതൽ ഒരു മണിവരെയും, 2 മണി മുതൽ 4 മണിവരെയും ആയിരിക്കും. ആശുപത്രി സമയം കഴിഞ്ഞാൽ പെട്ടെന്ന് കന്നുകാലികൾക്ക് എന്തെങ്കിലും അസുഖം ഉണ്ടായാൽ എന്താണ് ചെയ്യാൻ കഴിയുന്നത് ? 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ സേവനം സർക്കാർ ചെലവിൽ ലഭ്യമാക്കണം. ഈവക കാര്യങ്ങൾക്കുവേണ്ടി കൃഷിവകുപ്പിനും അതുപോലെതന്നെ മൃഗസംരക്ഷണ വകുപ്പിലും കൂടുതൽ ബഡ്ജറ്റ് തുക അലോട്ട് ചെയ്യേണ്ടതാണ്. എന്നാൽ അങ്ങനെ ചെയ്യുന്നില്ലെന്നു മാത്രമല്ല, ഇക്കാര്യത്തിൽ തികഞ്ഞ അവഗണനയാണ് ഗവൺമെന്റ് മൊത്തത്തിൽ കാണിക്കുന്നത്. അതുപോലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങളോട് ഗവൺമെന്റ് നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. മുത്തങ്ങയിൽ വെടിവയ്പ്പ് നടന്ന ദിവസം എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട മന്ത്രി കൂട്ടപ്പൻ രാജി വയ്ക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ അങ്ങേക്ക് ആത്മാർത്ഥതയും പ്രതിബദ്ധതയും ഉണ്ടോ ? നിങ്ങൾ പട്ടികജാതി പട്ടികവർഗ ക്ഷേമത്തിനും പിന്നോക്കക്കാരുടെ ക്ഷേമത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ട കാര്യത്തിൽ രാഷ്ട്രീയ നേതൃത്വത്തിനും ഉദ്യോഗസ്ഥൻമാർക്കും യാതൊരു ആത്മാർത്ഥതയുമില്ല. പട്ടികവർഗ്ഗക്കാരുടെ, ആദിവാസികളുടെ ഭൂമിപ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. പട്ടികജാതിക്കാരുടെ ഭൂമിപ്രശ്നം ഈ അടുത്തകാലത്ത് ചർച്ച ചെയ്യപ്പെടുന്നില്ല. കർഷകത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിനു വേണ്ടിയുള്ള നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ സംവരണത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനിൽ 100 വേക്കൻസികൾ ഒരു യൂണിറ്റായി കണക്കാക്കി നിയമനം നടത്തുന്നതിനും സംവരണകാര്യത്തിൽ ഉണ്ടായിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. എ. വാഹിദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. പിന്നോക്ക പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വകുപ്പ് എന്നത് സമൂഹത്തിലെ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള വകുപ്പാണ് ; അവശരുടേയും ആലംബഹീനരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും ക്ഷേമത്തിനും മോചനത്തിനും വേണ്ടിയുള്ള വകുപ്പാണ്. സർ, ക്ഷേമ പ്രവർത്തനത്തിന് പകരം ഈ വകുപ്പിൽ ഇന്ന് നടക്കുന്നത് പ്രക്ഷോഭ പ്രവർത്തനങ്ങളാണ്. പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാനുള്ള വകുപ്പായി ഈ വകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. ഈ വകുപ്പിനെക്കുറിച്ച് ആരും വിമർശിക്കുകയില്ല. വിമർശിച്ചാൽ പീഡനമെന്ന് പേർ പറയും. സർ, ഈ വകുപ്പിന് ഒരു സ്വയം വിമർശനം ആവശ്യമാണ്. വളരെ വിമർശനാത്മകമായ ദൃഷ്ടിയോടുകൂടി ഇതിനെ കണ്ടെങ്കിൽ മാത്രമേ ഇതിന്റെ പുരോഗതിയും നന്മയും ജനങ്ങൾക്ക് ലഭ്യമാകൂ സർ, ഔചിത്യബോധവും ആലോചനാശേഷിയും കാര്യക്ഷമതയും കാര്യശേഷിയും വേണ്ട ഈ വകുപ്പിന് ഇന്നുള്ളത് അഹങ്കാരത്തിന്റെയും അഹന്തയുടേയും ശേഷിയും കരുത്തുമാണ്. ആ വകുപ്പിലേക്ക് പോകാൻ വയ്യാത്ത സ്ഥിതിവിശേഷമാണ്. സർ, പ്രതിബദ്ധതയും സത്യസന്ധതയും ഉള്ള ഉദ്യോഗസ്ഥൻമാർ വേണ്ട ഈ വകുപ്പിൽ ഇന്ന് അഴിമതിക്കാരും കള്ളൻമാരുമായ ഉദ്യോഗസ്ഥൻമാർ ചടഞ്ഞുകൂടിയിരിക്കുകയാണ്. അതുകൊണ്ടാണ് 30 കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ പോയത്. ഇതുമൂലം പട്ടികജാതിക്കാരുടെ സ്വയംതൊഴിൽ കണ്ടെത്തേണ്ട സംരംഭങ്ങൾ നഷ്ടപ്പെട്ടു. തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ട ഒട്ടനവധി സഹകരണ സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ട പണം നഷ്ടപ്പെട്ടു. പലരുടേയും വീട് ഇന്ന് പൊളിച്ചിട്ടിരിക്കുകയാണ്. അവർ ഇന്ന് തെരുവാധാരമാണ്. പലരും വസ്തുവാങ്ങാൻ വേണ്ടി സ്വന്തം ഭാര്യയുടെ മിന്ന് വിറ്റ് അഡ്വാൻസ് കൊടുത്തു. അതിനുശേഷം വായ്പയ്ക്കുള്ള രേഖകളുമായി തിരുവനന്തപുരം നഗരത്തിൽ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. എന്തിനേറെ വെള്ളം കൊടുക്കേണ്ട പദ്ധതിപോലും നടത്താൻ കഴിയാത്ത സ്ഥിതി വിശേഷത്തിലിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ തോന്നക്കൽ വേങ്ങോട് പട്ടികജാതി കോളനിയിൽ അനുഭവിക്കപ്പെട്ട കുടിവെള്ള പദ്ധതി 20 സെന്റ് സ്ഥലം സൗജന്യമായി ഒരു ഡിപ്പാർട്ടുമെന്റ് മറ്റൊരു ഡിപ്പാർട്ടുമെന്റിന് നൽകാൻ വിസമ്മതിച്ചുകൊണ്ട്, മുടങ്ങിക്കിടക്കുകയാണ്. പട്ടികജാതിക്കാർക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയാത്ത വകുപ്പായി ഈ വകുപ്പ് മാറിയിരിക്കുകയാണ്. കഴിഞ്ഞ തവണയും ഈ വിഷയം ധനാഭ്യർത്ഥനയിൽ ഞാൻ സംസാരിച്ചതാണ്. സർ പട്ടികജാതിക്കാർക്ക് കുടിവെള്ളം കൊടുക്കാത്ത വകുപ്പാണ് പട്ടികജാതി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് എന്ന് എനിക്ക് പറയേണ്ടിവന്നതിൽ ദുഃഖമുണ്ട്. ഇതിൽ മറ്റൊരു വകുപ്പുണ്ട്. പിന്നോക്ക ക്ഷേമ വികസന വകുപ്പ്. അതിൽ ഒരു കോർപ്പറേഷനുണ്ട്. ആ കോർപ്പറേഷനിൽക്കൂടി പാവപ്പെട്ടവർക്ക് സാമ്പത്തിക സഹായം കൊടുക്കുന്നുണ്ട്. ഇവിടെ കൊള്ളപ്പലിശയാണ് ഈടാക്കുന്നത്. പിന്നോക്കക്കാരനെ ഉപദ്രവിക്കുന്ന രീതിയിലുള്ള കൊള്ളയടിയാണ് അവിടെ നടക്കുന്നത്. ഈ കൊച്ചു കോർപ്പറേഷനിൽ എന്തിനാണ് സർ ലോറികണക്കിന് കമ്പ്യൂട്ടർ, ഈ കൊച്ചു കോർപ്പറേഷന് എന്തിനാണ് സർ നാലും അഞ്ചും വാഹനങ്ങൾ ? ലാൻസർ കാർ ആണ് ഈ പിന്നോക്ക വികസന കോർപ്പറേഷനിൽ വാങ്ങിയിരിക്കുന്നത്. അവിടത്തെ എം.ഡി.-യുടെ ഭാര്യയും ഭാര്യയുടെ അമ്മയും സഹോദരനുമാണ് ഈ വണ്ടി ഉപയോഗിക്കുന്നത്. സർ ഈ സർക്കാരിന്റെ പണം ദുർവിനിയോഗം ചെയ്യുന്ന ഒരു കൊള്ളക്കാരനാണ് അവിടെ എം.ഡി. ആയിരിക്കുന്നത്. പണ്ട് തിരുവനന്തപുരം നഗരസഭയിൽ ഇരുന്ന് ജനകീയാസൂത്രണത്തെ കൊള്ളയടിച്ച് ചാരപ്രവർത്തി നടത്തിയ ഉദ്യോഗസ്ഥനാണ് ഇപ്പോൾ അവിടെ എം.ഡി. ആയിരിക്കുന്നത്. അതുംവച്ചുകൊണ്ടാണ് സർ, അദ്ദേഹം അവാർഡ് വാങ്ങാൻ നടക്കുന്നത്. ഒരാളുപോലും ഒരു പിന്നോക്കക്കാരൻപോലും ഈ പിന്നോക്ക വികസന കോർപ്പറേഷൻ കൊണ്ട് രക്ഷപ്പെട്ടിട്ടില്ല. സർ ഈ അവാർഡുകൾ കള്ളപ്പണത്തിന്റെ അവാർഡുകളാണ്. ഇത് കള്ളക്കച്ചവടത്തിന്റെ അവാർഡാണ്. സർ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കാൻ കഴിവില്ലാത്ത ഒരു വകുപ്പായി ഈ വകുപ്പ് നിൽക്കുകയാണ്. സർ ഇവിടെ പാവപ്പെട്ട പിന്നോക്കക്കാരനെ സഹായിക്കാൻ കഴിയണ്ടേ ? ഈ വകുപ്പിന്റെ പ്രവർത്തനത്തിൽ മാറ്റം വരുത്താൻ സർക്കാർ പുനർചിന്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങേണ്ടിവന്നതിലെ ഗതികേട് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. മൊയിൻകുട്ടി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് ആദിവാസികൾക്ക് ആശ മാത്രം നൽകിയിട്ടുള്ള ഒരു ഗവൺമെന്റാണ്. കഴിഞ്ഞ കാലത്ത് വ്യാമോഹങ്ങൾ വേണ്ടതിലേറെ വിതറി. കഴിഞ്ഞ ഗവൺമെന്റ് ആന കൊടുത്താലും ആശ കൊടുക്കരുതായിരുന്നു. എൽ.ഡി.എഫ് ഗവൺമെന്റ് 5 വർഷം കൊണ്ട് 492 ഏക്കർ ഭൂമി മാത്രമാണ് വിതരണം ചെയ്തത്. നമുക്കറിയാം പാലക്കാട് 3,000 ഏക്കർ, കണ്ണൂർ, അതുപോലെതന്നെ കോഴിക്കോട്, മലപ്പുറത്തൊക്കെ 1,000 ഏക്കർ വച്ച് കൊടുക്കുമെന്ന് പറഞ്ഞു. സത്യത്തിൽ കൊടുത്തത് 492 ഏക്കറാണ്. കോഴി കിടന്നിടത്ത് പൂട പോലുമില്ല എന്ന് പറഞ്ഞപോലെയാണ്. ഒരാളും അത്തരം ഭൂമിയിൽ കഴിയില്ല ; എല്ലാവരും രക്ഷപ്പെട്ടു. പണ്ട് ആന്റമാനിലേക്ക് നാടുകടത്തിയ പോലെയാണ്. അവിടെ പറിച്ചുനട്ടിട്ടുണ്ടായിരുന്നവരൊക്കെ ഓടി രക്ഷപ്പെട്ടു. എനിക്കറിയാം, കഴിഞ്ഞ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നായനാർ 306 ആളുകൾക്ക് പട്ടയം കൊടുത്തു. പട്ടയം ലഭിച്ച ആളുകൾക്ക് നിയമസാധുതയില്ലാത്ത ഭൂമിയാണ് കൊടുത്തത്. ഇന്ന് അവർക്ക് പട്ടയമില്ല. ഉള്ള ഭൂമി കൊടുക്കാൻ പോലും നിയമവിധേയമായി സാധിക്കാത്ത ഒരു സാഹചര്യത്തിലാണ് കാര്യങ്ങളുള്ളത്. വാസ്തവത്തിൽ ഇതുപോലെ ഒരു കടുത്ത നടപടി രാഷ്ട്രീയ നേട്ടത്തിന് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മാത്രമുള്ള ഒരു വഞ്ചനയാണ്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നത് വളരെ താൽപ്പര്യത്തോടുകൂടി ജനങ്ങൾ കാണുന്നത്. എന്റെ മണ്ഡലത്തിൽ തന്നെ 5 ഏക്കർ ഭൂമി വച്ചിട്ടാണ് ഏറ്റവും നല്ല വിലയ്ക്കുള്ള ഭൂമി 240-ഓളം ഏക്കർ വട്ടച്ചിറ കോളനിയിൽ കൊടുത്തത്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ദശലക്ഷങ്ങളോളം വിലയുള്ള ഭൂമിയാണ് കൊടുത്തിട്ടുള്ളത്. മറ്റ് പ്രദേശത്തൊക്കെ എന്താണ് സ്ഥിതി ? നല്ല വെള്ളവും റോഡും ഭൗതിക സാഹചര്യങ്ങളുമൊക്കെ ഏർപ്പെടുത്തി കൊണ്ടിരിക്കുകയാണ്. നിങ്ങൾ കൊടുത്തത് പാറകെട്ടുള്ളതും വെള്ളം ഇല്ലാത്തതുമായ ഭൂമിയാണ്. ഒരു കാരണവശാലും ഈ ദുർബല വിഭാഗങ്ങൾ രക്ഷപ്പെട്ടുകൂടാ, അങ്ങനെ രക്ഷപ്പെട്ടാൽ സി.പി.എം. ഇല്ല. വേറെ കുഴപ്പമൊന്നുമില്ല. അങ്ങനെ രക്ഷപ്പെട്ടാൽ പാർട്ടി എവിടെ ? ശ്രീ. മത്തായി ചാക്കോയ്ക്ക് അറിയാം, വട്ടച്ചിറയിൽ വളരെ മനോഹരമായ ഒന്നാം ക്ലാസ് ഭൂമിയാണ്. നിഷേധിക്കാൻ കഴിയില്ല. ആദിവാസി സമൂഹത്തിനെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അവർക്ക് ബോധവൽക്കരണം ആവശ്യമാണ്. കുറെ ഭൂമി കൊടുത്തതുകൊണ്ട് മാത്രമായില്ല. അവർക്ക് കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തണം. അതിനാവശ്യമായിട്ടുള്ള നടപടികൾ സമയബന്ധിതമായി ഉണ്ടാകണം. അവരെ ചൂഷണത്തിൽ നിന്ന് പരിപൂർണ്ണമായി മുക്തമാക്കണം. ഇടത്തട്ടുകാരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണം. ഇതാണ് അവിടെ ആവശ്യമായിട്ടുള്ളത്. ഭൂരഹിതരായിട്ടുള്ള ആദിവാസികൾക്ക് രണ്ടായിരത്തിലേറെ ഏക്കർ ഭൂമി നൽകി ചീഫ്സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റി വളരെ ശക്തമായ പ്രവർത്തനം നടത്തി. ആറളം ഫാമിന്റെ ഭൂമി വിലയ്ക്ക് വാങ്ങി പകുതി കൊടുക്കുമെന്ന് പറഞ്ഞു. അതിന് പാര വച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. യൂണിയൻ നേതാക്കളെ രക്ഷിക്കാനാണ് നിങ്ങൾ ഈ പാര വച്ചത്. കണ്ണൂർ ജില്ലയിലെ ആളുകൾക്കറിയാം. അതുപോലെ കുറെ ആളുകളുടെ വയറ്റിപ്പിഴപ്പിന് വേണ്ടിയാണ്. 3500 ഏക്കർ ഭൂമി ആദിവാസികൾക്ക് കൊടുക്കുമെന്ന് വന്നപ്പോൾ അതിന് കട്ടപ്പാരയുമായി വന്ന പാർട്ടിയാണ് അപ്പുറത്തുള്ളത്. സെമി ജുഡീഷ്യൽ അധികാരമുള്ള പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്താനുള്ള ഗവൺമെന്റിന്റെ നീക്കത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതുപോലെ 2002-03 വർഷത്തെ ധനാഭ്യർത്ഥനയ്ക്ക് മറുപടി പറഞ്ഞപ്പോൾ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട്, സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി കുട്ടപ്പനടക്കം അക്കാര്യത്തിൽ ഒരുപാട് കാര്യങ്ങളിൽ ഉറപ്പ് തന്നിട്ടുള്ളതാണ്. ആ റിപ്പോർട്ട് നടപ്പിലാക്കണം. ഈ സഭയിൽ തന്നെ അത് നിയമമായിട്ട് വരണം. ഒരു സമുദായത്തിന്റെ അനന്തമായിട്ടുള്ള അനിശ്ചിതമായിട്ടുള്ള കാത്തിരിപ്പ് കണ്ട് മടുത്തു. അതു നടപ്പിലാക്കാൻ വളരെ ശക്തമായ നടപടി സ്വീകരിക്കണം. വളരെ വ്യക്തമായ രേഖയുടെ അടിസ്ഥാനത്തിൽ, 2003 ജൂൺ 6-ാം തീയതി നിയമസഭയിൽ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. 9-11-2000-ൽ നൽകിയ റിപ്പോർട്ടാണ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് 3-4-2002-ൽ മന്ത്രിസഭായോഗം ചർച്ച ചെയ്ത് തീരുമാനിച്ചു. 12-6-2002-ൽ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചു. അവഗണനയുടെ തുറന്ന പുസ്തകമാണത്. അനന്തമായ കാത്തിരിപ്പാണ്. ബഹുമാനപ്പെട്ട സി.എച്ച് പറഞ്ഞതുപോലെ ആരുടെ ചട്ടിയിലും കയ്യിട്ടുവാരാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് ആഗ്രഹമില്ല. പക്ഷേ ഞങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുള്ള അവകാശങ്ങൾ തീർച്ചയായും കിട്ടുക തന്നെ വേണം. ഇവിടെ കക്ഷിരാഷ്ട്രീയത്തിന്റെ മുന്നണി ബന്ധത്തിന്റെ യാതൊരു ഔദാര്യവും ഞങ്ങൾക്ക് ആവശ്യമില്ല. ശക്തമായ നടപടികൾ സ്വീകരിക്കണം. വേഴാമ്പൽ പക്ഷി വെള്ളത്തിന് വേണ്ടി കേഴുന്നത് പോലെ ഈ സംവരണത്തിന് വേണ്ടി കാത്തിരിക്കുന്ന, പതിനായിരക്കണക്കിന് അവസരങ്ങൾ നിഷേധിക്കപ്പെട്ട ഒരു ജനസമൂഹമുണ്ട്. അവരുടെ കണ്ണുനീർ കണ്ടില്ലെന്ന് നടിക്കാൻ ഒരു ഗവൺമെന്റിനും സാദ്ധ്യമല്ല. അതുകൊണ്ട് 100 സീറ്റ് നേടിയിട്ടുള്ള ഈ ഗവൺമെന്റ് ഇച്ഛാശക്തി കാണിക്കണം. ഈ നിയമസഭയുടെ കാലത്തുതന്നെ അത് സത്യസന്ധമായി നടപ്പിലാക്കാൻ സാധിക്കണമെന്നുള്ളതാണ് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. ദുർബല വിഭാഗങ്ങൾക്ക് വീടും സൗകര്യങ്ങളും മാത്രം പോരാ. അവർക്ക് നിലനിൽപ്പിനുള്ള. സൗകര്യമുണ്ടാകണം. ഇവിടെ അതുണ്ടോ ? മാറാട് പ്രദേശത്തെ സംഭവം, ഞങ്ങൾക്ക് അത് പറയുന്ന കാര്യത്തിൽ ഒരു അലർജിയുമില്ല. നിയമവാഴ്ച നിലനിൽക്കുന്ന ഒരു പരിഷ്കൃത സമൂഹത്തിൽ നടക്കാവുന്നതാണോ ഇവിടെ നടക്കുന്നത് എന്ന് ഗവൺമെന്റ് ആലോചിക്കണം. അവിടെ നടന്ന കലാപം, കൂട്ടക്കൊല എന്നിവയെപ്പറ്റി ഒറ്റക്കെട്ടായി കേരളത്തിലെ മുഴുവൻ ജനങ്ങളും പ്രതികരിച്ചതാണ്. പക്ഷേ ആധാരപ്രകാരം കൈവശമുള്ള ഭൂമിയിൽ രണ്ട് പേരെ കുടിയിരുത്താനുള്ള ജില്ലാഭരണകൂടത്തിന്റെ നീക്കം തടസ്സപ്പെടുത്തുകയും ഒരു കേസ് പോലും ചാർജ് ചെയ്യാതെ അവിടെ നിന്ന് ഓടിക്കുകയും ചെയ്തിട്ടുള്ള സാഹചര്യം വളരെ ഗൗരവത്തോടുകൂടി കാണണം. ആ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഇവിടെ നിയമവാഴ്ചയില്ല. ഓരോ വിഷസർപ്പങ്ങളും വിഷം ചീറ്റികൊണ്ട് ഈ രാജ്യത്ത് ഇറങ്ങിയിരിക്കുകയാണ്. ഇത് കണ്ടില്ലെന്ന് നടിക്കാൻ സാദ്ധ്യമല്ല. മനുഷ്യന്റെ പച്ച മാംസത്തിന്റെ മണമാണ് വരുന്നത്. ചോര മണമാണ്. അതുകൊണ്ട് അത് കണ്ടില്ലെന്ന് നടിച്ചുകൂടാ.

അതുപോലെ ശ്രീമതി ഗൗരിയമ്മയുടെ വകുപ്പിനെക്കുറിച്ച് എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട കുഞ്ഞിരാമൻ ഇവിടെ പറഞ്ഞു. കുഞ്ഞിരാമനൊക്കെ ജനിക്കുന്നതിന് മുൻപ്-കേരം തിങ്ങും കേരള നാട് കെ. ആർ. ഗൗരിയമ്മ ഭരിച്ചീടും എന്ന മുദ്രാവാക്യം അങ്ങേക്ക് ഓർമ്മയുണ്ടാവില്ല-പ്രായമുള്ളവരോട് ചോദിച്ചാലറിയാം. ആ മുദ്രാവാക്യം കേട്ടവരാണ് നമ്മൾ. ഒന്നര രൂപ, രണ്ടു രൂപയൊക്കെ ഉണ്ടായിരുന്ന നാളികേരത്തിന് ഇന്ന് അഞ്ചും ആറും രൂപയാണ് വില. എന്തായിരുന്നു അടയ്ക്കയുടെ വില ? അടയ്ക്കാ കൃഷി നശിച്ചു കഴിഞ്ഞു. ഒരു അടയ്ക്കാ കൃഷിക്കാരനെന്നുള്ള നിലയിൽ ഞാൻ എന്റെ ദുഃഖം രേഖപ്പെടുത്തുകയാണ്. വളരെ ശക്തമായ നടപടികൾ കർശനമായി ഈ മേഖലയിലുണ്ടാകണം. ഈ ഗവൺമെന്റിന് മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. ശ്രീമതി ഗൗരിയമ്മയ്ക്ക് മാത്രമേ സാധിക്കൂ. എന്തുകൊണ്ടെന്നാൽ ഗൗരിയമ്മയ്ക്ക് അതിനുള്ള കഴിവുണ്ട്, ബോൾഡാണ്. തീർച്ചയായും കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞിട്ടുണ്ട്. പക്ഷേ ഗവേഷണ കേന്ദ്രങ്ങൾ ഇനിയും കാർഷിക സങ്കൽപ്പത്തിനനുസരിച്ച് ഉയർന്നിട്ടില്ല. കാർഷിക മേഖലയിലെ ഗവേഷണങ്ങൾ പരാജയമാണ്. ശ്രുതവാട്ടം സംബന്ധിച്ച് പഠിക്കാൻ ശ്രീമതി ഗൗരിയമ്മ പ്രത്യേകമായി താൽപ്പര്യമെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പർട്ടുകളെ അയച്ചു. പക്ഷേ അവർക്ക് അത് കണ്ടെത്താൻ സാധിച്ചില്ല. അതുപോലെതന്നെ മണ്ഡരി രോഗം, കുമ്പ്ചീയൽ, മഞ്ഞളിപ്പ് ഇതിനൊക്കെ വ്യക്തമായിട്ടുള്ള ഉത്തരം നൽകാൻ ഉദ്യോഗസ്ഥൻമാർക്ക് സാധിക്കുന്ന തരത്തിൽ നമ്മുടെ കാർഷിക ഗവേഷണ കേന്ദ്രം ഒന്നുകൂടി ഉടച്ചുവാർക്കണം. അത് ഒന്നുകൂടി ശുദ്ധീകരിക്കണം. അവിടെ കുറേ ഉഴപ്പൻമാരുണ്ടെന്നുള്ളത്. അവരെ വിശ്വാസത്തിലെടുക്കണം. 80 ശതമാനം കർഷകരെ മുഖവിലയ്ക്ക് എടുക്കാൻ സാധിച്ചിട്ടുള്ള ഏക ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഒരു ഗവൺമെന്റിനും അത് സാധിച്ചിട്ടില്ല. ഒന്നര ശതമാനമോ രണ്ട് ശതമാനമോ സംഘടിതരായ ആളുകളായി അല്ലാതെ ഒരിക്കലും ഒരു ഗവൺമെന്റിനും കാണാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് തീർച്ചയായും കർഷകരെ മുഖവിലയ്ക്കെടുക്കണം. കർഷകരാണ് ഒരു ഗവൺമെന്റിന്റെ അടിത്തറ. അവരാണ് 100 സീറ്റ് തന്നത്. അവരാണ് എട്ടര ലക്ഷം വോട്ടിന്റെ ഭൂരിപക്ഷം നൽകിയത്. അവരെ വിശ്വാസത്തിലെടുക്കാനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് സാധിക്കും. അതുകൊണ്ടുതന്നെ കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനും ഉൽപ്പന്നങ്ങളുടെ വില ഇടിയാതിരിക്കാനും വേണ്ടി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തണം കോടികളുടെ സൗകര്യങ്ങളും സഹായങ്ങളും അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അതുപോലെതന്നെ ദുർബല വിഭാഗങ്ങളുടെ, യത്തീം കുട്ടികളുടെ ഗ്രാന്റ് വിതരണം ചെയ്യാൻ ഇനിയും അമാന്തം കാണിക്കരുത്. ദുർബല വിഭാഗങ്ങളാണ് ഇവിടുത്തെ പ്രധാനപ്പെട്ട ചർച്ചാവിഷയം. അതിലും കൂടി ഗൗരിയമ്മയുടെ പ്രത്യേകമായ സഹകരണവും പങ്കും ഉണ്ടാകണമെന്നു കൂടിയാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. സാമൂഹ്യക്ഷേമവകുപ്പ് നടത്തുന്ന നല്ല കാര്യങ്ങളൊന്നും വിലകുറച്ച് കാണുകയല്ല. കുറേക്കൂടി ശാസ്ത്രീയമായി കാര്യക്ഷമതയോടുകൂടി കാര്യങ്ങൾ നിയന്ത്രിക്കണം. ബയോടെക്നോളജിയിലൂടെ ശാസ്ത്രീയമായ കൃഷിരീതി നടപ്പിലാക്കാൻ, ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ, അത്യുൽപ്പാദനം ഉണ്ടാക്കാൻ പ്രതിരോധശേഷി കൈവരിക്കാൻ ഒക്കെ സാധിക്കുന്ന തരത്തിൽ ബയോടെക്നോളജിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. അതുപോലെതന്നെ മാധ്യമങ്ങളിൽ കൂടിയുള്ള പ്രചരണങ്ങൾ കുറേക്കൂടി നല്ല രീതിയിൽ നടത്തി കർഷകരെ രക്ഷിക്കാൻ സാധിക്കണം. വെട്ടിനിരത്തൽ സംസ്ക്കാരമുള്ളവരാണ് ആ ഭാഗത്തുള്ള ആളുകൾ. കർഷകരോട് ഒരൽപ്പം സഹാനുഭൂതി കാണിക്കണമെന്നാണ് ഇക്കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. നിങ്ങൾ അഭിമാനിക്കുന്നത് വെട്ടിനിരത്തലിലൂടെയാണ്. അതുകൊണ്ട് ആ സംസ്ക്കാരം ഒന്ന് മാറ്റണം. അങ്ങനെ കർഷകരെ രക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ശാസ്ത്രീയമായ പഠനങ്ങളിലൂടെ സ്വീകരിക്കണം. കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം, മഞ്ഞളിപ്പ്, കുമ്പ്ചീയൽ എന്നിവയ്ക്ക് പരിഹാരം ഉണ്ടാക്കണമെന്ന് കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. രണ്ടായിരത്തിലേറെ കൃഷിക്കാർ ആത്മഹത്യ ചെയ്ത ഒരു സംസ്ഥാനമാണിത്. കൃഷിയെ പൂർണ്ണമായി അവഗണിച്ച ഒരു ഗവൺമെന്റാണിത്. കൃഷിയുടെ പ്രാധാന്യം കുറഞ്ഞുവെന്ന്.....(ബഹളം).....കഴിഞ്ഞ സാമ്പത്തിക വർഷം 319 കോടി രൂപയാണ് ബഡ്ജറ്റിൽ കൃഷിക്കുവേണ്ടി നീക്കിവച്ചിരുന്നത്. അതിനുപുറമെ വിലത്തകർച്ചമൂലം കടക്കെണിയിലായ കർഷകരെ സഹായിക്കാൻ 95 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. നിങ്ങൾ ബഡ്ജറ്റിൽ മാറ്റിവച്ച 319 കോടിയും നിങ്ങളുടെ പ്രത്യേക പാക്കേജിൽ വന്ന 95 കോടിയും കൂട്ടിയാൽ നിങ്ങൾ എത്ര രൂപ ചെലവഴിച്ചു ? ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടിയിൽ പറയണം ; അതിനുള്ള ആർജ്ജവം കാണിക്കണം. ഇവിടെ ശ്രീ. രാധാകൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി രണ്ട് ദിവസം മുൻപ് ഈ സഭയിൽ പറഞ്ഞു, 61.59 കോടി രൂപ കൃഷിയിൽ നിങ്ങൾ നഷ്ടപ്പെടുത്തിയെന്ന്. മന്ത്രിയുടെ മറുപടിയിൽ അത് സൂചിപ്പിക്കണം. അങ്ങനെ കേരളത്തിലെ കാർഷിക മേഖലയിൽ ഉണ്ടായ തകർച്ച ; അതിന്റെ ഫലമായി നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞു. സമയക്കുറവ് കൊണ്ട് കണക്കുകൾ പറയുന്നില്ല. നെല്ല് ഉൽപ്പാദനത്തിൽ കുറവ് വരുന്നു. കഴിഞ്ഞ രണ്ട് പിരീഡിലെ, 'യു.ഡി.എഫ്.'-ന്റെ അഞ്ചുവർഷവും എൽ.ഡി.എഫ്.-ന്റെ അഞ്ചു വർഷവും എടുക്കണം. സാമ്പത്തിക സർവ്വേ റിപ്പോർട്ട് എടുക്കണം. ഇവ അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയണം. എത്ര നെൽപ്പാടങ്ങൾ കുറഞ്ഞു ? ഇപ്പോൾ കെ.എൽ.യു. ആക്റ്റിൽ ഇഷ്ടംപോലെ സാമ്പത്തിക ഇളവുകൾ ചെയ്തുകൊടുക്കുകയല്ലേ ? നെൽപ്പാടം വീണ്ടും നികത്തപ്പെടുന്നു. നെല്ലിന്റെ ഉൽപ്പാദനം കുറയുന്നു. ഞങ്ങളുടെ നാട്ടിൽ ദേശാടന പക്ഷികൾ നെൽപ്പാടങ്ങളിലൊക്കെ വരുമായിരുന്നു. തൃശ്ശൂർ മേഖലയിലൊക്കെ ആയിരങ്ങൾ, പതിനായിരങ്ങൾ വരും. അതൊരു ഗ്രാമത്തിന്റെ സംഗീതമാണ്, സൗന്ദര്യമാണ്. ആ പക്ഷികൾ പോലും നെൽപ്പാടങ്ങളിൽ ഇന്ന് വരില്ല. നെല്ലുൽപ്പാദന മേഖല മുഴുവൻ തകർന്നു. സർ, ഞാൻ നേരത്തെ പറഞ്ഞ പാക്കേജിന്റെ കാര്യത്തിൽ നെല്ല്, കമുക്, തെങ്ങ്, കുരുമുളക് ഇങ്ങനെ ഓരോന്നിനും 95 കോടി രൂപയിൽ എത്ര കോടി രൂപ നിങ്ങൾ ചെലവഴിച്ചു. എത്ര കൃഷിക്കാർക്ക് അതിന്റെ ആനുകൂല്യം കിട്ടി എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയണം. കൃഷിവകുപ്പ് അമ്പേ പരാജയമാണ്. ഇവിടെ ബഹുമാനപ്പെട്ട കുഞ്ഞിരാമൻ നേരത്തേ പറഞ്ഞതാണ്. കൃഷിവകുപ്പിനെ ഇവിടെ ആർക്ക് വേണമെന്ന് മന്ത്രിയാണ് പറയുന്നത്. മന്ത്രിക്ക് വേണ്ടായിരിക്കാം. കേരളത്തിലെ കൃഷിക്കാർക്ക് വേണം. ബഹുമാനപ്പെട്ട മന്ത്രി എം.എൻ. ഗോവിന്ദൻ നായരേയും ടി.വിയേയുമൊന്നും മറന്നു പോയിട്ടില്ലല്ലോ. എം.എൻ. ഇവിടെ കൃഷിവകുപ്പ് മന്ത്രി ആയിരുന്നു. ഓണത്തിന് ഒരു പറ നെല്ല് കൊടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ കൃഷിവകുപ്പ് മന്ത്രി ആയിരുന്നു. ഏലാ പദ്ധതിയിൽ കേരളത്തിലെ കൃഷിക്കാർക്ക് വലിയ താൽപര്യമുണ്ടായിരുന്നു. ശ്രീ. വി.വി. രാഘവൻ ഇവിടെ കൃഷിവകുപ്പു മന്ത്രിയായിരുന്നു. ഗ്രൂപ്പ് ഫാർമിംഗ് ഏർപ്പെടുത്തി. അങ്ങനെ എത്രയെത്ര കൃഷിവകുപ്പുമന്ത്രിമാർ ഇവിടെ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ഗൗരിയമ്മ എൽ.ഡി.എഫ്.-ന്റെ കൃഷിവകുപ്പുമന്ത്രി ആയിരുന്നപ്പോൾ തെങ്ങിന്റെ കാറ്റുവീഴ്ചയ്ക്ക് എതിരായി സ്വീകരിച്ച പദ്ധതികൾ കേരളത്തിലെ കൃഷിക്കാർ

മറന്നിട്ടില്ല. അന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ ഇടതുപക്ഷമുന്നണിയുടെ മന്ത്രിയായിരുന്നു. മെക്സിക്കോയിലെ കാൻകൂണിൽ ഈ സെപ്തംബർ മൂന്നാമത്തെ ആഴ്ച WTO-യുടെ ആഗോളതല മന്ത്രിതല സമ്മേളനം നടക്കുകയാണ്. WTO-യുടെ impact, കേരളത്തിലെ കാർഷിക മേഖലയിൽ എന്തായിരിക്കണം എന്നറിയാൻ നിങ്ങൾ ഡോക്ടർ സ്വാമിനാഥൻ കമ്മിഷനെ വച്ചു. ആ കമ്മിഷന്റെ ഇടക്കാല റിപ്പോർട്ട് വന്നു. അത് കഴിഞ്ഞ് അതിന്റെ ഫൈനൽ റിപ്പോർട്ട് ഈ സഭയിൽ വച്ചു. ആ ഇടക്കാല റിപ്പോർട്ടിൽ കേരളാ ഗവൺമെന്റിനോട് നിർദ്ദേശിച്ച കാര്യവും നിങ്ങൾ ചെയ്തിട്ടില്ല. റിപ്പോർട്ട് വന്നു; റിപ്പോർട്ട് ചർച്ച ചെയ്തോ ? അതിനെക്കുറിച്ച് വല്ല നടപടിയും ഉണ്ടായോ? ഈ സെപ്തംബറിൽ നടക്കുന്ന സമ്മേളനം വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ നിർദ്ദേശങ്ങൾ കൊടുക്കുന്ന മന്ത്രിതല സമ്മേളനം കേരളത്തിന്റെ പ്രശ്നങ്ങൾ അവിടെ അവതരിപ്പിക്കണം. അല്ലാതെ ആഴ്ചതോറും മന്ത്രിയുടേയും വാജ്പേയിയുടേയും കഴുത്തിൽ ഷാൾ ഇടാനായി പോകരുത് ; അങ്ങനെ ഇട്ടതുകൊണ്ട് കാര്യമില്ല. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് ഒന്നും തരുന്നില്ലല്ലോ. 1550 കോടി രൂപ നിങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചു. അതിൽ 650 കോടി രൂപ കൃഷിയുടെ പേരിലാണ് ചോദിച്ചത്. ഒരു ഉറുപ്പിക കിട്ടിയോ ? മാല അണിയിച്ചതുകൊണ്ടും, ഷാൾ അണിയിച്ചതുകൊണ്ടു മാത്രം ഒന്നും കിട്ടില്ല. കേരളത്തിന്റെ പ്രശ്നങ്ങൾ അവിടെ പോയി പറയാൻ കഴിയണം ; ചോദിച്ചു വാങ്ങാൻ കഴിയണം. Coconut Technology Mission, എന്ന വാജ്പേയിയുടെ ആയിരം കോടി രൂപയുടെ പദ്ധതി എവിടെപ്പോയി ? കേരളത്തിന്റെ കാർഷിക മേഖല തകരുകയാണ്. കൃഷിക്കാർ കടക്കെണിയിലാണ്. അവർ ആത്മഹത്യ ചെയ്യുന്നു. പട്ടിണികിടന്ന് മരിക്കുന്നു. കടഭാരം ചുമക്കുന്ന കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കേണ്ടേ; സഹായിക്കേണ്ടേ ? ഒരുകാര്യം കൂടി. അംഗനവാടി കുട്ടികൾക്ക് ഒരു കപ്പ് പാലും ഒരു ഗോൾഡൻ ഷേക്ക് ഹാൻഡും. ആഗോളവൽക്കരണത്തിന്റെ ഗ്ലോബലൈസേഷന്റെ വാക്കാണ് Golden Shakehand. ആദ്യം തൊഴിലാളികൾക്കാണ് കൊടുത്തത്. എല്ലാം കൂടി കശാപ്പാണ്. അംഗനവാടികൾക്ക് പാലും ഷേക്ക്ഹാൻഡും. എവിടെപ്പോയി ആ പദ്ധതി ? കഴിഞ്ഞ സഭയിൽ എനിക്കും ശ്രീമതി ശ്രീമതി ടീച്ചർക്കും രേഖാമൂലം മറുപടി തന്നിരുന്നു. 20,000 അംഗനവാടികൾക്ക് അത് പ്രയോജനപ്പെടുമെന്ന്. ഇനി മിൽമ. കേരളത്തിലെ ക്ഷീരകർഷകർ പടുത്തുയർത്തിയ ഉജ്ജ്വലമായ സഹകരണ പ്രസ്ഥാനം തകർക്കുകയല്ലേ നിങ്ങൾ ? 49 ശതമാനം ഓഹരികൾ മിൽമക്ക്. 51 ശതമാനം ഓഹരികൾ NDDB എന്ന മദർ ഡയറിക്ക്. ആരാ ഈ NDDB? കേന്ദ്ര ഗവൺമെന്റ് ഈ NDDB ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ Multi National Company-കൾക്ക് വിറ്റുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മിൽമയും NDDB Mother Diary-യും വിദേശ കമ്പനികളുടേതാകുമ്പോൾ, കേരളത്തിലെ ക്ഷീരകർഷകരുടെ സഹകരണ സംഘങ്ങൾ മുഴുവൻ തകർത്തതിന്റെ മുഴുവൻ പാപഭാരവും പ്രിയപ്പെട്ട ഗൗരിയമ്മയിൽ ചാർത്തപ്പെടും, അതുകൊണ്ടാണ് പറയുന്നത്. ഈ 49 ശതമാനം ഓഹരികളെക്കുറിച്ച് നിങ്ങൾ എവിടെ ചർച്ച ചെയ്തു. ഈ സഭയിൽ ചർച്ച ചെയ്തോ ? ഈ സഭ അറിഞ്ഞോ ? നിങ്ങൾ അവിടെപ്പോയി ഒപ്പുവച്ചു. അതുകൊണ്ട് മിൽമയിൽ എന്ത് സംഭവിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നറിയാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. ഇവിടെ SC/ST വകുപ്പിനെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം ബഹുമാനപ്പെട്ട അനിൽകുമാർ പറഞ്ഞു. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. രാധാകൃഷ്ണൻ 5 വർഷക്കാലം ഈ വകുപ്പ് ഭരിച്ചപ്പോൾ കേരളത്തിലെ ജനങ്ങളിൽ എത്രമാത്രം മതിപ്പുണ്ടാക്കി എന്ന്. നിങ്ങൾ അത് നിഷേധിക്കുമായിരിക്കാം. സാമൂഹ്യ സാമ്പത്തിക സ്ഥിതിയിലുണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് ഒരു സർവേ നടത്തണമെന്ന് ഇവിടെ ശ്രീ. അനിൽകുമാർ പറഞ്ഞില്ലേ ? എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്ത് ശ്രീ. കെ. രാധാകൃഷ്ണൻ അതിന് മുൻകൈ എടുത്തു. സംവരണം നഷ്ടപ്പെടുമെന്ന് പറഞ്ഞ് അത് അട്ടിമറിച്ച് അത് പരാജയപ്പെടുത്തിയ ഡോ. എം. എ. കുട്ടപ്പൻ ഇപ്പോഴത്തെ വകുപ്പുമന്ത്രി അല്ലേ ? കഴിഞ്ഞ സഭയിൽ ഇരുന്നവർക്ക് അറിയാം. വേട്ടുവ സമുദായത്തെ സംബന്ധിച്ച്, ശ്രീ. പ്രതാപൻ ഇവിടെ രണ്ടു തവണ സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ഒരു സർട്ടിഫിക്കറ്റും കിട്ടുന്നില്ല. അതുകൊണ്ട് അടിയന്തരമായി മന്ത്രിതന്നെ കേന്ദ്രത്തിൽ പോകണം. എഴുതിയാൽപ്പോരാ. ഇതിനെ സംബന്ധിച്ച് പ്രത്യേകമായ സംരക്ഷണ വ്യവസ്ഥയ്ക്ക് പ്രൊവിഷനുണ്ട്. കേരളത്തിലെ ആയിരക്കണക്കിന് കുട്ടികളെ ബാധിക്കുന്ന പ്രശ്നമാണ്. കേരളത്തിലെ കാർഷികമേഖലയെ തകർത്ത്, കൃഷിക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിട്ട്, കേരളത്തിലെ കൃഷിയുമായി ബന്ധപ്പെട്ട മേഖലയെ മുഴുവൻ പിന്നോട്ട് തിരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഇന്നത്തെ ധനാഭ്യർത്ഥനകൾ അദ്ധ്വാനിക്കുന്നവരുടേയും, അവശരുടേയും, മിണ്ടാപ്രാണികളുടേയുമാണ്. ഈ ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്ക് തുടക്കംവച്ചത് പ്രിയപ്പെട്ട കുഞ്ഞിരാമനാണ്. അദ്ദേഹത്തിന്റെ പാർട്ടി കൊടുത്ത നിർദ്ദേശമനുസരിച്ചായിരിക്കാം ഒരു നയാപൈസപോലും ഇതിന് അനുവദിക്കരുതെന്ന് പറഞ്ഞ് അദ്ദേഹം കൺക്ലൂഡ് ചെയ്തത്. അവസാനം സംസാരിച്ച ശ്രീ. രാജേന്ദ്രൻ പറയേണ്ടത് പ്രതിപക്ഷത്തിനുവേണ്ടി പറഞ്ഞു ; അതിലൊന്നും തെറ്റില്ല. നമ്മുടെ കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും, സാമൂഹ്യക്ഷേമ വകുപ്പിലും ഈ നിലയിലുള്ള സമീപനം അങ്ങുമിങ്ങും നടത്തി പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ ഒരു കർഷക കുടുംബത്തിൽ ജനിച്ച് അഭിമാനത്തോടെ, ഒരു കർഷകനാണെന്ന് പറയാൻവെമ്പുന്ന ഒരുവനാണ്. എന്താണ് കാർഷിക മേഖലയിലെ ഇന്നത്തെ സ്ഥിതി ? അതിനുണ്ടായ കാരണങ്ങളെന്താണ് ? അതിനെക്കുറിച്ച് നമ്മൾ അറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന് നടിക്കുകയല്ലേ ? ബഹുമാനപ്പെട്ട ഗൗരിയമ്മ വിപ്ലവാത്മകമായ, ലോകത്തിന് മാതൃകയായ ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നു പാസ്സാക്കി, നമ്മൾ സന്തോഷിച്ചു. അത് ആവശ്യമായിരുന്നു. പക്ഷേ, അതിൽ ഭൂപരിധി വച്ചത് ഇന്ന് നമുക്ക് ഗുണമാണോ ദോഷമാണോ ? അത് ചിന്തിക്കേണ്ട അവസ്ഥയിലല്ലേ ? ഇന്നലെയുടെ കൃഷിക്കാരൻ ആരായിരുന്നു ? നെൽകൃഷി ചെയ്യുന്ന കർഷകരും അദ്ധ്വാനിക്കുന്ന പാവങ്ങളാണ് ഭൂപരിഷ്ക്കരണ നിയമം വന്ന് സീലിംഗ് ഏർപ്പെടുത്തിയതോടുകൂടി ആ നിർവ്വചനത്തിനുതന്നെ മാറ്റമുണ്ടായി. ആ മാറ്റം ഉണ്ടായപ്പോൾ പിന്നെ കേരളത്തിലെ കർഷകനായി

അറിഞ്ഞത് ആരെയാണ് ? റബ്ബർകൃഷിക്കാരനേയും തേയിലത്തോട്ടക്കാരനേയും നാണ്യവിള ഉൽപാദിപ്പിക്കുന്നവരെയുമാണ് പിന്നീട് കേരളത്തിൽ കർഷകരായി കണ്ടത്. ദിനങ്ങൾ വന്നുപോയിക്കൊണ്ടിരിക്കും. കുടുംബത്തിൽ ജനനവും മരണവും നടക്കും. ഭൂസ്വത്തിന് പുതിയ അവകാശികൾ വരും. ഭൂപരിഷ്ക്കരണ നിയമത്തോടനുബന്ധിച്ച് സീലിംഗ് വന്നു. ഇന്ന് എവിടെ എത്തി നിൽക്കുന്നു ? കൈവശത്തിനോ പരിമിതി. അതിനുശേഷം ഭൂമി തുണ്ടംതുണ്ടമായി. ഇന്ന് സർക്കാർ കണക്കനുസരിച്ച് ഒരു ലക്ഷത്തിലേറെ ഹെക്ടർ നിലം ഈ കൊച്ചു കേരളത്തിൽ കൃഷി ചെയ്യാതെ തരിശായി കിടക്കുന്നു. ഇത് ഉണ്ണാനിരിക്കുന്ന ആളുകളെ പട്ടിണിക്കിടുന്ന ഒരു പ്രവൃത്തിയല്ലേ ? തുണ്ടുഭൂമിയിൽ ഉപജീവനത്തിന് കൃഷി ചെയ്ത് വരുമാനം ഉണ്ടാക്കാൻ കഴിയുകയില്ല എന്നത് അടിസ്ഥാനപരമായ കാര്യമല്ലേ ? കായികാദ്ധ്വാനം ചെയ്യാൻ ആളുകളെ ഈ കൊച്ചു കേരളത്തിൽ കിട്ടുമോ ? അങ്ങനെ ജോലി ചെയ്യുന്ന ആളുകൾക്ക് മാന്യമായ വേതനം കൊടുക്കാൻ കഴിയുമോ ? ഇല്ല. ഇന്ന് യന്ത്രവൽക്കരണത്തിലൂടെ മാത്രമേ കാർഷികമേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിയൂ. സർ, അങ്ങ് കൃഷിവകുപ്പ് മന്ത്രിയായിരുന്ന ആളാണ്, കൃഷി വകുപ്പിനും അതുപോലെതന്നെ കൃഷിക്കും അഭിമാനവും വരുമാനവും ഉണ്ടാക്കാൻ അങ്ങ് ശ്രമിച്ചു. അങ്ങുപോലും ഉള്ളിന്റെയുള്ളിൽ അങ്ങയുടെ കുടുംബത്തിലെ ഒരു കുട്ടി കർഷകനായി ജീവിക്കണമെന്ന് ഇന്ന് ആഗ്രഹിക്കുമോ ? ഏതെങ്കിലും തുറയിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന ഏതെങ്കിലുമൊരാൾ സ്വബുദ്ധിയാൽ തന്റെ മകൻ ഒരു കർഷകനായി കഴിയണമെന്ന് ആഗ്രഹിക്കുമോ ? ഇല്ല. എന്തുകൊണ്ടാണ് ? അതേസമയം നമ്മുടെ ചെറുപ്പത്തിൽ എന്താണ് തൊഴിൽ ? ആരാണ് അച്ഛൻ ? എന്ന് ചോദിച്ചാൽ കർഷകനാണ് ; കർഷക കുടുംബമാണ് ; എന്നു പറഞ്ഞാൽ മറ്റെന്തെങ്കിലും തൊഴിലുണ്ടോ എന്നുകൂടിയേ ചോദിക്കുകയുള്ളൂ. അപ്പോൾ കാർഷികവൃത്തി മാന്യതയുള്ളതായിരുന്നു. പിന്നീട് എന്തെങ്കിലും തൊഴിലുണ്ടോ എന്നേ ചോദിക്കുകയുള്ളൂ. ഇപ്പോൾ മറ്റെന്തെങ്കിലും തൊഴിലും കൃഷിയും എന്ന അവസ്ഥയിലുമായി. അങ്ങനെ മറ്റു വരുമാനമുള്ളവർക്ക് കുടുംബത്തിന്റെ അന്തസ്സ് നിലനിർത്താൻ പാരമ്പര്യമനുസരിച്ചുള്ള കൃഷി ചെയ്യുക മാത്രമേ ഇന്നു കേരളത്തിൽ നമുക്ക് സാധിക്കുകയുള്ളൂ. ഈ നിലയിൽ കൃഷി ചെയ്തു മുന്നോട്ട് പോകാൻ കഴിയുമോ ? കഴിയുകയില്ല. ഇനിയെങ്കിലും ചിന്തിക്കേണ്ട അവസ്ഥയാണ്. ഇന്ന് യന്ത്രവൽക്കരണത്തിലൂടെ കൃഷി ചെയ്യണമെങ്കിൽ തുണ്ടുതുണ്ടു ഭൂമിയിൽ സാധ്യമല്ല. ഭൂപരിഷ്ക്കരണ നിയമം വന്നപ്പോൾ അത് മാതൃകാപരമായി കൈവശക്കാരന് ഭൂമികിട്ടാൻ പാട്ടം കൊടുക്കാൻ ഇല്ലാതാക്കാൻ, അധ്വാനിക്കുന്നവന് ഭൂമി കിട്ടാനൊക്കെയുള്ള നല്ല വശമായിരുന്നു അത്. പക്ഷേ, സീലിംഗിന്റെ കാര്യം വേണ്ടിയിരുന്നുവോയെന്നത് നമുക്ക് പുനർചിന്തനം നടത്തേണ്ടതായിട്ടുണ്ട്. ഇന്ന് കൃഷി ചെയ്യണമെന്നുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞത് ഒരു പാടശേഖരമെങ്കിലും വേണ്ടിയിരിക്കുന്നു. ആ പാടശേഖരം കിട്ടാത്ത കാലത്തോളം യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്ത് മുന്നോട്ട് പോകാൻ കഴിയുകയില്ല. കർഷകൻ എന്നെങ്കിലും പൂർവ്വികമായി യാചിക്കുന്നവനായിരുന്നോ ? ഇല്ലേ ഇല്ല. യാചിക്കുന്നവർക്ക് എപ്പോഴായാലും തന്റെ കൈയിൽ ഉള്ളത് കൊടുക്കുന്നവനായിരുന്നു. അതല്ലേ കേരളത്തിലെ കർഷകന്റെ ചരിത്രവും

LIBRARY ARCHIVES Kerala Legislative Assembly

പാരമ്പര്യവും ? ഇന്നത്തെ സ്ഥിതി ഞാൻ മുഴുവൻ പറയുന്നില്ല. കാർഷിക വികസന ബാങ്കിലെ കഴിഞ്ഞ ദിവസം കൊടുത്ത സ്റ്റേറ്റുമെന്റ് അനുസരിച്ച് 44 പ്രാഥമിക ബാങ്കുകളിൽ 1,418 കോടി രൂപയുടെ വായ്പ നില്പുണ്ട്. ഇത് ഒരു സ്ഥാപനത്തിലെ 44 ബ്രാഞ്ചിൽ മറ്റ് എത്രയോ സ്ഥാപനങ്ങളുണ്ട് ഇവിടെ ഇതുപോലെ. ഇതിലെല്ലാംകൂടി എടുത്താൽ ഇന്ന് കൃഷിയിലും അനുബന്ധ മേഖലയിലുമായി വായ്പകൾ എത്ര കോടിയുണ്ടാകുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. കാർഷിക വികസന ബാങ്കിൽ വായ്പ കൊടുക്കുന്നത് നബാർഡ് റീഫൈനാൻസ് ആണല്ലോ. കിട്ടാവുന്ന കുറഞ്ഞ പലിശയ്ക്ക് ഗഡുക്കളായി കെട്ടണം. എന്നിട്ടുപോലും ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 175 കോടി രൂപ ഗഡു കുടിശ്ശികയാണ്. എന്നുവച്ചാൽ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്ത ഒരു ദുസ്ഥിതി, കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്നവനാണ് കർഷകനെങ്കിലും ഇന്ന് ആ മരണവും പഴയ മരണംപോലെയല്ല. കടക്കെണിയിൽപ്പെട്ട മാനസികവ്യഥകൊണ്ട് ബുദ്ധിമുട്ടി മനംനൊന്തു മരിക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഇതുമുഴുവൻ വാങ്ങിയ വായ്പ കൃഷിയിൽ ഇറക്കിയോ വരുമാനമുണ്ടാക്കിയോ, ഉണ്ടായ ഒരു ഋണബാധ്യതയാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ, ഇത് ഈ സാമൂഹിക പരിവർത്തനത്തോടനുബന്ധിച്ച് പല അനുകരണങ്ങൾക്ക് വിധേയമായി വന്ന ഒന്നാണ്. ഏതായാലും കൃഷിയും അനുബന്ധമേഖലയും വൻകടക്കെണിയിലാണ്, കഴിയുംവേഗം ഈ കടക്കെണിയിൽ നിന്ന് അവരെ മോചിപ്പിച്ചുകൊണ്ടുവന്നല്ലാതെ നമുക്ക് മുന്നോട്ട് നീങ്ങാൻ കഴിയില്ല. അതിന് സഹകരണ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റുള്ളവരുമൊക്കെ വൺ ടേം സെറ്റിൽമെന്റും മറ്റ് ആനുകൂല്യങ്ങളുമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. അതൊന്നും വേണ്ടതുപോലെ ആയിട്ടില്ല. അതേക്കുറിച്ച് ആലോചിക്കണം. അതുമാത്രം ആലോചിച്ചാൽ പോരാ. അതു പ്രാവർത്തികമാക്കുന്നതോടൊപ്പം, കാർഷിക മേഖലയ്ക്ക് ആവശ്യമായ പണം നമുക്ക് പലിശരഹിത വായ്പയായി കൊടുക്കാൻ കഴിയണം. അത് എങ്ങനെ കഴിയും, ഈ കൊച്ചു കേരളത്തിൽ ? ചോദ്യം ഉന്നയിക്കാൻ എളുപ്പമാണ്. ഈ കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ ബഹുമാനപ്പെട്ട സ്പീക്കറായ അങ്ങ് തുടങ്ങിവച്ചതു തൊട്ടുതന്നെ ഇന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃഷി ആഫീസുകളുണ്ട്. ഏറ്റവും കുറഞ്ഞത് ഒരു കൃഷി ആഫീസിൽ, രണ്ടിൽ കൂടുതൽ അസിസ്റ്റന്റുമാർ, ഒരു പാർട്ട്ടൈം സ്വീപ്പർ തുടങ്ങിയവരുണ്ട്. അവരുടെ ഒരു വർഷത്തെ ശമ്പളം ഏതാണ്ട് 5 ലക്ഷം രൂപ വരും. അവർക്ക് നൽകുന്ന ശമ്പളവും ആനുകൂല്യങ്ങളും കൂടുതലാണെന്നല്ല ഞാൻ പറയുന്നതിനർത്ഥം. അങ്ങനെ വരുമ്പോൾ ഈ കൃഷി ആഫീസുകൾ നിലനിർത്താൻ വേണ്ടിവരുന്ന ചെലവ് തന്നെ 50 കോടി രൂപയിലേറെ വരും. ഇതു നല്ലതാണ്. പക്ഷേ, അതിനു തക്കവണ്ണം പ്രയോജനമുണ്ടോ ? കർഷകൻ കൃഷി ആഫീസിൽ പോകണമോ അതോ കൃഷി ആഫീസർ കർഷകനെ തേടി പോകണമോ ? കൃഷി ആഫീസ് കൃഷിക്കാരന് വേണ്ടിയോ അതോ കൃഷി ആഫീസിന് വേണ്ടി കർഷകനോ ? ഈ ചോദ്യം എല്ലാ മേഖലയിലുമുണ്ട്. പ്രത്യേകിച്ച് കാർഷികമേഖലയിൽ, കൃഷി ആഫീസിനുവേണ്ടിയുള്ളതല്ല, കർഷകനുവേണ്ടിയുള്ളതാണ് കൃഷി ആഫീസ് എന്ന് മനസ്സിലാക്കി ആ അവസ്ഥയിൽ നമുക്ക് പ്രവർത്തിച്ച് മുന്നോട്ട് പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞില്ലെങ്കിൽ പിന്നെ ഇതൊക്കെ അധിക ചെലവാണ്. അനാവശ്യമാണ്. ക്രിമിനൽ വേസ്റ്റാണ് എന്ന് പറയേണ്ടിവരും. ഈ ചോദ്യങ്ങൽ ജനങ്ങൾ ചോദിച്ചു തുടങ്ങിയിട്ടുണ്ട്. നിരവധി ആനുകൂല്യങ്ങൾ നമ്മൾ കൃഷിഭവനിൽക്കൂടി നൽകുന്നു. ഈ ആനുകൂല്യങ്ങൾ കുറവ് വരുത്തിയാണെങ്കിലും യഥാർത്ഥ വിനിയോഗത്തിന് പലിശ രഹിതവായ്പ കൊടുക്കേണ്ടിയിരിക്കുന്നു. യന്ത്രവൽക്കരണ കാര്യങ്ങളിൽ ആ പണം കൊടുത്ത് യന്ത്രങ്ങൾ വാങ്ങി ഉപയോഗിക്കുക സാധ്യമല്ല. സബ്സിഡൈസ് ചെയ്യേണ്ടിവരും. ഈ വക കാര്യങ്ങൾ അങ്ങനെ പോകുന്നു. അടിയന്തരമായി ചെയ്യേണ്ടുന്ന കുറെ ബാധ്യതകളുണ്ട്. മുൻകാലത്ത് നമ്മൾ തുടങ്ങിയതും യുവാക്കൾക്ക് പ്രോത്സാഹനമായി നമ്മൾ വച്ചതുമായ ഒരു സ്കീം ഇന്ന് നടക്കാതെ വികൃതമായി കിടക്കുന്നു. അത് ഒത്തിരി പണം ചെലവുള്ള താണ് ; സ്റ്റേറ്റിന് ബാധ്യതയുള്ളതാണ്. ആ ബാധ്യത ഏറ്റെടുത്ത് കുറ്റമറ്റ നിലയിൽ യുവാക്കൾക്ക് കൊടുത്ത ആ വാഗ്ദ്ധാനം പാലിക്കാനുള്ള ബാധ്യത നമുക്കുണ്ട്. കാർഷിക മേഖല വികൃതമാവുകയും, വികൃതമാക്കുകയും ചെയ്തത് ആരാണ് ? ഇവിടെ കീടനാശിനി തളിക്കാൻ ഞാനാണോ പറഞ്ഞത് ? അക്ഷര ജ്ഞാനമില്ലാത്തവരോ പറഞ്ഞത് ? അല്ല. കൃഷി ആഫീസർ പറഞ്ഞതാണ്. ഇതൊക്കെ ശാസ്ത്ര-സാങ്കേതികത്തിന്റെ ഭാഗമായി ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ പറഞ്ഞതാണ്. ഞങ്ങൾ ഈ മരുന്നുകളൊക്കെ തളിച്ചിട്ട് രാസവള പ്രയോഗം നടത്തിയിട്ട് ഇപ്പോൾ എന്തായി ? അതെല്ലാം ഇപ്പോൾ നമുക്ക് ഭീഷണിയായി. നമ്മുടെ നദികളും നമ്മുടെ സമുദ്രംതന്നെയും ഭീഷണിക്ക് വിധേയമായി നിൽക്കുന്നു. ഇവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിഷംകൊണ്ട് നിറഞ്ഞതാണ്. കഴിക്കാൻ പറ്റാത്തതായിട്ടുണ്ട്. ഈ ദുഃസ്ഥിതി മനസ്സിലാക്കി ജൈവ കൃഷിയിലേക്ക് നമ്മൾ വന്നില്ലെങ്കിൽ ഇനി നമുക്ക് നിലനില്പുണ്ടാവുകയില്ല. അതിന് തക്കവണ്ണമുള്ള പരിശീലനവും ഭൗതിക സൗകര്യങ്ങളുമൊരുക്കി കൊടുക്കേണ്ടത് അത്യാവശ്യമാണ്. അതിലൂടെ മാത്രമേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ.

മറ്റൊന്ന് കാർഷിക വിളകൾക്ക് ഉല്പാദനവുമായി ബന്ധപ്പെട്ട് വില കിട്ടുന്നില്ല. കർഷകർ ഒരു ചോദ്യം ഉന്നയിക്കുന്നുണ്ട്. സർക്കാർ ഉടമയിൽ മാതൃകാതോട്ടങ്ങളുണ്ട്. അത് ഇപ്പോൾ ജില്ലാ പഞ്ചായത്തിലേക്ക് മാറ്റിയിട്ടുണ്ട്. അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് എന്തുചെലവ് വരുന്നു. നിങ്ങളുടെ കൈയിൽ കണക്കുണ്ടല്ലോ. നിങ്ങൾ എന്നുവച്ചാൽ സർക്കാരിന്റെ കൈയിൽ അതിനനുസരണമായ വില ഞങ്ങൾക്ക് കൃഷിക്കാർക്ക് ലഭിക്കാൻ അർഹതയില്ലേ ? ആ വില തരിക എന്ന് കർഷകൻ ചോദിച്ചാൽ അത് അനീതിയല്ല. നീതിമാത്രമാണ്. അതുകൊണ്ട് വിപണിയിൽ വില മാന്ദ്യം വരുമ്പോൾ അത് പിടിച്ചുനിറുത്താൻ തക്കവണ്ണം നമുക്ക് സപ്പോർട്ട് പ്രൈസ് കൊടുക്കേണ്ടത് ആവശ്യമാണ്. ശ്രീമതി കെ. ആർ. ഗൗരിയമ്മ സമയോജിതമായി അത് കഴിഞ്ഞ വർഷം നെൽകൃഷിക്കാർക്ക് കൊടുക്കുകയുണ്ടായി. മുൻഗവൺമെന്റിന്റെ കാലത്ത് കൃഷ്ണൻ കണിയാമ്പറമ്പിൽ, അദ്ദേഹം എന്റെ മാന്യസുഹൃത്തായിരുന്നു, ആഗ്രഹങ്ങൾ ഒത്തിരിയുണ്ടായിരുന്ന, അദ്ദേഹത്തിന് പ്രഖ്യാപനങ്ങൾ നടത്താനല്ലാതെ മറ്റൊന്നും കഴിഞ്ഞില്ല. ഒരുകാര്യം കൂടി സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ രക്ഷിക്കണമെങ്കിൽ, ആ കുട്ടികൾക്ക് മാന്യമായ രീതിയിൽ വിദ്യാഭ്യാസം കൊടുക്കാൻ കഴിയണം. അവരുടെ റിസർവേഷന്റെ കാര്യത്തിൽ ഒരു മാറ്റത്തെക്കുറിച്ച് ചിന്തിക്കണം. ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ജോലി കിട്ടുക എന്ന തത്വം അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : Please resume your seat, This is not fair അനുവദിച്ചിരിക്കുന്ന സമയം എത്രയാണെന്ന് നേരത്തേ അറിയാം അതിനകത്തു നിന്ന് സംസാരിക്കണം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സന്തോഷത്തോടുകൂടി പിന്താങ്ങുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഞാൻ പറയാൻ തീരുമാനിച്ച കാര്യങ്ങളിൽ പലതും ഭരണകക്ഷിയിൽപ്പെട്ട ചില ആളുകൾ പറഞ്ഞു. അതുകൊണ്ട് ഞാൻ ആശങ്കയിലാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു വകുപ്പാണ് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്. ഇന്ന് ആ വകുപ്പ് അവരുടെ ക്ഷേമത്തിനുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. അവരുടെ അന്തകനായി ആ വകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ആദിവാസികൾക്ക് 5 ഏക്കർ ഭൂമി വീതം കൊടുക്കുമെന്ന് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പറഞ്ഞു. കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞു, ഒരു ഏക്കർ പോലും കൊടുക്കാൻ കഴിയില്ലായെന്ന്. ഇടുക്കി ജില്ലയിൽ 141 പേർക്ക് പട്ടയം കൊടുത്തു. അതിൽ 72 ആളുകൾ പട്ടയം കിട്ടിയ ഭൂമിയിൽ കൃഷി ചെയ്യാൻവേണ്ടി ചെന്നു. അവരോട് പറഞ്ഞു ഈ ഭൂമിയിൽ കയറരുത് എന്ന്. ആരാന്റെ ഭൂമിക്ക് പട്ടയം കൊടുത്ത് ആദിവാസികളെ വഞ്ചിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. ഭൂമിക്കുവേണ്ടി മുത്തങ്ങയിൽ സമരം നടന്നു. അതിന്റെ പേരിൽ പോലീസുകാരൻ വിനോദും ആദിവാസി ജോഗിയും കൊല്ലപ്പെട്ടു. ആദിവാസിയായ ജോഗിക്ക് ഈ സർക്കാർ എന്തു നൽകി ? പട്ടികജാതിക്കും പട്ടികവർഗ്ഗത്തിനും ഒട്ടനവധി സഹായ പദ്ധതികളുണ്ട്. ഏതെങ്കിലും ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസിയായ ജോഗിയുടെ കുടുംബത്തെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ ? ആദിവാസികളെ പറഞ്ഞ് പറ്റിക്കുകയാണ്. അങ്ങനെയാണ് അവർ ഈ സമരത്തിലേക്ക് എത്തിയത്. നാടൻ ഭാഷയിൽ പറഞ്ഞാൽ ആദിവാസികളെ കിണറ്റിലിറക്കി ഏണി എടുപ്പിച്ചു. മുത്തങ്ങയിൽ ആക്രമിക്കപ്പെട്ടവരെ സഹായിക്കാൻ ഒരു നടപടിയും എടുത്തില്ല. കുടിലുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്ത് നടപടിയാണ് ഈ ഗവൺമെന്റ് എടുത്തത് ? ആദിവാസി സ്ത്രീകൾ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടു. വൃന്ദാ കാരാട്ടിനോട് ഇത് ആദിവാസി സ്ത്രീകൾ പറഞ്ഞു.

മി. സ്പീക്കർ : എത്ര പ്രാവശ്യം എത്ര ദിവസം പറഞ്ഞു, ചുരുങ്ങിയ സമയത്തിൽ പുതിയ കേസ് വല്ലതും പറയൂ.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വൃന്ദാ കാരാട്ടിന് ആ ഭാഷ മനസ്സിലാകുമോ എന്ന് ഇവിടെ ചോദിച്ചു. ഇപ്പോൾ കേരള വനിതാ കമ്മിഷൻ കേന്ദ്ര വനിതാ കമ്മിഷന് അതിന്റെ റിപ്പോർട്ട് കൊടുത്തു, ആദിവാസി സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന്. മുഖ്യമന്ത്രിക്കും ഇതിന്റെ വ്യക്തമായ വിവരം വനിതാ കമ്മിഷൻ ചെയർപേഴ്സൺ കൊടുത്തിട്ടുണ്ട്. നമ്പിക്കൊല്ലി, പൊട്ടക്കുന്ന് പണിയർ കോളനിയിലെ മീനാക്ഷി എന്ന സ്ത്രീ പീഡിപ്പിക്കപ്പെട്ടു. അവരെ പട്ടികവർഗ്ഗ വകുപ്പിന്റെ ആളുകൾ തന്നെയാണ് ബത്തേരി ആശുപത്രിയിൽ കൊണ്ടുപോയത്.

LIBRARY ARCHIVES Kerala Legislative Assembly

ഊമയായ സ്ത്രീയെ ഡോർമെറ്ററിയിലിട്ട് പീഡിപ്പിച്ചു. ഇങ്ങനെ ആദിവാസികൾ പീഡിപ്പിക്കപ്പെട്ടപ്പോൾ, ആദിവാസികളെ പോലീസ് ആക്രമിച്ചപ്പോൾ അതിന്റെ കേസ് ആദിവാസികൾക്ക് എതിരായാണ്. കുട്ടികളും സ്ത്രീകളും ആക്രമിക്കപ്പെട്ടു. അവരെ ജയിലിലടച്ചു. ഇത് മനുഷ്യാവകാശ ലംഘനമാണെന്ന് സമൂഹമാകെ പറഞ്ഞു. കേന്ദ്ര വനിതാ കമ്മിഷൻ ഇതിനെ അപലപിച്ചു. ഈ വകുപ്പുമന്ത്രി ഇതിനെക്കുറിച്ച് ഒരക്ഷരം മിണ്ടിയില്ല. ആദിവാസികൾക്ക് സുന്ദര വാഗ്ദാനം നൽകി. ആദിവാസികൾക്കുവേണ്ടി ജാനു നടന്ന് പ്രസംഗിച്ചു. ആദിവാസി ജാനുവിന്റെ മോന്തയുടെ ഷേപ്പ് സർക്കാർ മാറ്റി. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ആദിവാസികൾക്ക് 3185 ഏക്കർ ഭൂമി കൊടുത്തു. യു.ഡി.എഫ്. അവർക്ക് നല്ല അടി കൊടുത്തു. ഈ വകുപ്പ് അഴിമതിവത്ക്കരിക്കപ്പെടുകയാണ്. പട്ടികജാതി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിനുവേണ്ടി 8 കോടി 15 ലക്ഷം രൂപ. കേരള സംസ്ഥാനത്ത് 36 കേന്ദ്രങ്ങൾ തെരെഞ്ഞെടുത്തു. 11 ജില്ലകളിലായി 15,244 കുട്ടികൾ പഠിക്കുന്നുവെന്നാണ് കണക്ക്. വകുപ്പുമന്ത്രി 17-6-03-ൽ തന്ന മറുപടിയാണ്. ഇതിൽ ഇ.ടി. & ടി. എന്ന ഒരു സ്ഥാപനമുണ്ട്. ഗവൺമെന്റ് അപ്രൂവ്ഡ് സ്ഥാപനമെന്നൊക്കെ പറഞ്ഞ് ഇന്ന് പത്രത്തിൽ ഒരു പരസ്യം വന്നിട്ടുണ്ട്. ഞാൻ അതിലേക്ക് പോകുന്നില്ല. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ഗവൺമെന്റ് അപ്രൂവ്ഡ് എന്നുപറഞ്ഞ് ബോർഡ് എഴുതി വയ്ക്കുന്നുണ്ട്. ഇ.ടി. & ടി. കേരള സംസ്ഥാനത്ത് 20 സ്ഥാപനങ്ങളിലാണ് ഇന്ന് ഈ കുട്ടികളെ പഠിപ്പിക്കുന്നത്. ആകെ 36 സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. അതിൽ 20-ഉം ഇ.ടി.& ടി. ആണ്. കേരള സംസ്ഥാനത്ത് 15,244 കുട്ടികളിൽ ഇ.ടി. & ടി. 12,762 കുട്ടികൾക്ക്. 8 കോടി 15 ലക്ഷം രൂപ ഈ കോഴ്സിനുവേണ്ടി മാറ്റിവയ്ക്കുമ്പോൾ ഇ.ടി. & ടി. 6,36,86,000 രൂപയാണ്. ഇതിലെ കുട്ടികളുടെ കണക്ക് വകുപ്പുമന്ത്രി തന്നിട്ടുണ്ട്. അതിൽ തൃപ്പൂണിത്തുറയിലെ ഒരു കേന്ദ്രത്തിൽ 2,766 കുട്ടികൾ പഠിക്കുന്നു എന്നാണ് പറയുന്നത്. മഹാരാജാസ് കോളേജിൽപ്പോലും ഇത്ര കുട്ടികൾ പഠിക്കുന്നില്ല. ഈ കേന്ദ്രത്തിൽ ഇപ്പോൾ പഠിക്കുന്നത് ശരാശരി 300 കുട്ടികളാണ്. രേഖയിൽ 2,766. ആയിരം സ്കയർഫീറ്റ് ഉള്ള ഒരു കെട്ടിടത്തിനു മുകളിൽ രണ്ട് റൂമുകളിലാണ് 20 കമ്പ്യൂട്ടറുകൾ വച്ച് ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നത്. ഈ സ്ഥാപനത്തിന് അനുവദിച്ചത് 91 ലക്ഷം രൂപ. ഈ സ്ഥാപനം തെരെഞ്ഞെടുക്കുന്നത് പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന താലൂക്ക് പട്ടികജാതി ഓഫീസറല്ല. ഡയറക്ടർ നേരിട്ട് പോയി ഈ സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയാണ്. കുട്ടികളെ തെരെഞ്ഞെടുക്കുന്നില്ല. കുട്ടികളുണ്ടെന്നു പറഞ്ഞ് സെന്ററിൽ പോയി കണക്കുണ്ടാക്കും. ഇവർക്ക് പണം കൊടുക്കുന്നതും താലൂക്ക് പട്ടികജാതി ഓഫീസറല്ല. ആ സെന്ററിനെ നേരിട്ട് തിരുവനന്തപുരത്തേക്ക് വിളിച്ചുവരുത്തുകയാണ്. എന്നിട്ട് ഡയറക്ടർ അവിടെ നിന്ന് ചെക്ക് എഴുതി കൊടുക്കുകയാണ്. വമ്പിച്ച അഴിമതി ; 3 കോടി രൂപയുടെ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ട് മന്ത്രി നടത്തിയിട്ടുള്ളത്. ഈ പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കണമെന്ന പേരിൽ ഇല്ലാത്ത കുട്ടികളുടെ പേർ എഴുതി കാശ് വെട്ടിച്ചെടുക്കുകയാണ്. ഇവിടെ ഈ വകുപ്പിൽ ഇതിന് നേതൃത്വംകൊടുക്കുന്ന മന്ത്രിയുടെ കൂടെ പ്രവർത്തിക്കുന്ന പ്രൈവറ്റ് സെക്രട്ടറിയുണ്ട്. പ്രൈവറ്റ് സെക്രട്ടറി വയനാട് ജില്ലാ ഐ.ടി.ഡി.പി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട് ഓഫീസറായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ നടപടി വന്നു. 64,672 രൂപയുടെ ക്രമക്കേട് സംബന്ധിച്ച് അന്നത്തെ ഷെഡ്യൂൾഡ് ട്രൈബ് ഡയറക്ടർ അന്വേഷണത്തിന് ഉത്തരവിട്ടു. അതിന്റെ രേഖയാണ്. (രേഖ സഭയിൽ ഉയർത്തിക്കാണിച്ചു) ആ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ആ ഉദ്യോഗസ്ഥനാണ് ഇപ്പോൾ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി. ഇദ്ദേഹവും ഡയറക്ടറേറ്റിലെ ഒരു ഉദ്യോഗസ്ഥനും കൂടി ഒരു വലിയ തിരിമറിക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല, കുട്ടികളുടെ ഡ്രൈവിംഗ് പരിശീലനത്തിന്റെ പേരിൽ ഓട്ടോറിക്ഷ ഡ്രൈവിംഗ്, ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ്, ഹെവി വെഹിക്കിൾ ഡ്രൈവിംഗ്; കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലും അംഗീകാരമില്ലാത്ത ഒട്ടനവധി സ്ഥാപനങ്ങളിൽ കുട്ടികളെ പഠിപ്പിക്കുന്നു എന്നാണ് കണക്ക്. കമ്പ്യൂട്ടർ പഠനത്തിന് ആരാണ് ഇവർക്ക് അംഗീകാരം കൊടുത്തത് ? അവിടെ എത്ര കുട്ടികൾ പഠിക്കുന്നു എന്നുള്ളത് സംബന്ധിച്ച് വ്യക്തമായ രേഖ വയ്ക്കാൻ മന്ത്രിക്ക് കഴിയുമോ ? അതേ രൂപത്തിലുള്ള അഴിമതി തന്നെയാണ് ഈ ഡ്രൈവിംഗ് പഠനരംഗത്തും ഉള്ളത്. അവിടെ ചില ആളുകൾക്ക് പഠിപ്പിക്കാൻ അംഗീകാരം കൊടുത്തു. അവർ കാശിനുവേണ്ടി ചെന്നു. കാശിനുവേണ്ടി ചെന്നത് ജില്ലാ പട്ടികജാതി ഓഫീസിലാണ്. കാശ് എഴുതാൻ 50 രൂപയുടെ എഗ്രിമെന്റ് വച്ചു. ആ എഗ്രിമെന്റ് ആ സ്ഥാപനത്തിന്റെ ഉടമ ഒപ്പിട്ട് കൊടുത്തു. ആ എഗ്രിമെന്റിന്റെ പുറത്ത് ജില്ലാ പട്ടികജാതി ഓഫീസർ agreement executed in my presence എന്നെഴുതി ഡേറ്റും ഇട്ടു. 10-4-2003. എന്നിട്ട് ജില്ലാ പട്ടികജാതി ഓഫീസർ പറഞ്ഞു അങ്ങനെയങ്ങ് പോകാൻ വരട്ടെ, ഇതിന്റെ 20 ശതമാനം കമ്മിഷൻ എനിക്ക് വേണം എന്ന്. കമ്മിഷൻ അപ്പോൾ കൊടുക്കാൻ കഴിയാത്തതുകൊണ്ട് ആ സ്ഥാപനത്തിന് കൊടുക്കാൻവേണ്ടി മാറ്റിവച്ച 1,67,760 രൂപ കൊടുത്തില്ല. ഇപ്പോഴും കൊടുത്തില്ല. ആ സ്ഥാപനത്തിന്റെ ലൈസൻസ് കട്ട് ചെയ്തു. കേരളത്തിൽ ഡ്രൈവിംഗ് പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും പത്തും പതിനഞ്ചും, ഇരുപതും ശതമാനം വീതം ജില്ലാ പഞ്ചായത്ത് ഓഫീസർ വാങ്ങി. ഇതിന്റെ വിഹിതം ഓഫീസിലേക്ക് എത്തിക്കുകയാണ്. ഇതല്ലേ സ്ഥിതി. രേഖ വച്ചാണ് പറഞ്ഞത്. കൃത്യമായി പത്രങ്ങളിലും ഉണ്ട്. ഇതിന്റെ് പുറത്ത് ജില്ലാ പട്ടികജാതി ഓഫീസർ ഒപ്പിട്ടിരിക്കുന്ന രേഖയാണ്. ഇതാണ് സ്ഥിതി ? ഇങ്ങനെ വമ്പിച്ച രൂപത്തിലുള്ള തിരിമറികൾ നമ്മുടെ സംസ്ഥാനത്ത് നടന്നു കൊണ്ടിരിക്കുകയാണ്. മാത്രമല്ല ഈ വിഭാഗത്തിനുവേണ്ടി അനുവദിക്കപ്പെട്ട, കേന്ദ്രഗവൺമെന്റ് കൊടുത്ത അരി പട്ടികവർഗ്ഗ കോളനികൾക്ക് എത്തിക്കേണ്ട അരി താലൂക്ക് ബ്ലോക്ക് ഉദ്യോഗസ്ഥൻമാർ വമ്പിച്ച മില്ലുകൾക്ക് മറിച്ചു വിൽക്കുന്നു. പട്ടികവർഗ്ഗ കോളനികളിൽ പട്ടിണി കിടന്ന് ആളുകൾ മരിക്കുന്നു. അവർക്ക് കിട്ടേണ്ട അരിയാണ് മറിച്ചു വിൽക്കുന്നത്. അങ്കമാലി, ചിങ്ങവനം, ഒലവക്കോട്, അറക്കുളം, പാലക്കാട് എന്നിവിടങ്ങളിലെ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് നേരിട്ട് മില്ലുകളിലേക്ക് അരി പോകുന്നു. ദുരിതാശ്വാസത്തിന്റെ ഭാഗമായി 13.80 കോടി രൂപയുടെ അരി വിതരണത്തിന് കൊടുത്തപ്പോൾ ആകെ വിതരണം നടത്തിയത് 50 ടൺ ആണ്. പാവപ്പെട്ട ആളുകൾക്കുള്ള അരിയാണ്. ഇങ്ങനെ വ്യാപകമായി അഴിമതിക്ക് വിധേയമായ മന്ത്രിക്ക് എതിരെ ശക്തമായ അന്വേഷണം നടത്തണം ;

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിപ്പ് വെളിച്ചത്ത് കൊണ്ടു വരണം. കൃഷി വകുപ്പിൽ പാലക്കാട് ജില്ലയിൽ പന്ത്രണ്ടായിരം ഏക്കർ കൃഷി നശിച്ചു. 1 കോടി രൂപയുടെ നഷ്ടം വന്നു. 11 കൃഷിക്കാർ ആത്മഹത്യ ചെയ്തു. ഇവിടെ വകുപ്പു മന്ത്രി 2-7-2003-ൽ കൊടുത്ത കണക്കുണ്ട്. ഇതിൽ 61.47 കോടി ഉറുപ്പിക നഷ്ടപ്പെട്ടു എന്നൊക്കെ. കൃഷി വകുപ്പിന് ഇങ്ങനെ ദുരിതം അനുഭവിക്കുമ്പോൾ ഒരു പ്രദേശത്തേക്ക് ഒരു പൈസ പോലും കൊടുക്കാൻ നടപടി സ്വീകരിച്ചില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

മി. സ്പീക്കർ : വെൽഫെയറിനെപ്പറ്റി പറയാനായിട്ടൊന്നും ഇല്ലല്ലോ ? There is nothing.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, വെൽഫെയറിനെ കുറിച്ച് പ്രത്യേകിച്ച് ഒന്നും പറയാനില്ല. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഡിമാന്റ് ചർച്ച നടത്തുമ്പോൾ ബന്ധപ്പെട്ട മന്ത്രി സഭയിൽ ഇല്ല. അതിന് മറുപടി പറയാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് പറയണം. അദ്ദേഹം എവിടെ പോയി എന്നറിയാൻ അവകാശമുണ്ട്.

ശ്രീ. നാലകത്തു സൂപ്പി : സർ, അദ്ദേഹം ലണ്ടനിൽ പോയതാണ്. ഇവിടെ എഴുതിക്കൊടുത്ത് അനുമതിയോടുകൂടിയാണ് പോയത്. എനിക്കാണ് ചാർജ്. അതുകൊണ്ട് മറുപടി പറയേണ്ടത് ഞാനാണ്.

മി. സ്പീക്കർ : അദ്ദേഹം എനിക്ക് എഴുതി തന്നിട്ട് തന്നെയാണ് പോയത്. ചുമതല ഇദ്ദേഹത്തിന് കൊടുത്തു എന്ന് എഴുതി തന്നിട്ടാണ് പോയത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : മുഖ്യമന്ത്രിയും, മറ്റ് മന്ത്രിമാരും കേരളം വിട്ടു പോകുമ്പോൾ അങ്ങയെ അറിയിച്ച്, ചുമതല ഏൽപ്പിച്ചിട്ടാണ് പോകാറുള്ളത്. അല്ലാതെ രഹസ്യമായിട്ടൊന്നും പോകാറില്ല. കെ. പി. രാജേന്ദ്രന്റെ സംശയം കേട്ടാൽ തോന്നും മന്ത്രിമാർ പോയത് സഭ അറിയാതെയാണെന്ന്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മന്ത്രിമാർക്ക് പോകേണ്ടിടത്തൊക്കെ പോകാം. പക്ഷേ,.....

മി. സ്പീക്കർ : ഇത് വലിയ കാര്യമാണോ.....(ബഹളം)..... (ബഹളം).....

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, അതിൽ കാര്യമില്ല. അറിയിപ്പ് ഉണ്ടായതാണ് അംഗീകാരത്തോടുകൂടി പോയതാണ്. ശ്രീ. കെ.പി. രാജേന്ദ്രൻ ഒരു കാര്യം പറഞ്ഞു. ഒരു കപ്പ് പാലും ഷേക്ക് ഹാന്റും എന്ന പദ്ധതിപ്രകാരമുള്ള പാൽ വിതരണം പരാജയപ്പെട്ടു എന്നുള്ള കാര്യം. പാൽ വിതരണ പദ്ധതി തടസ്സം ഇല്ലാതെ നടക്കുന്നുണ്ട്. മിൽമയ്ക്ക് പാൽ നൽകിയ വകയിൽ ഉള്ള സംഖ്യ ഉടനെ കൊടുത്തു തീർക്കാനുള്ള നടപടികൾ ഉണ്ടാകും..... (ബഹളം)..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പ് മന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ, പട്ടികജാതി പട്ടികവർഗ്ഗ സമുദായ ക്ഷേമവകുപ്പിനെക്കുറിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും പറഞ്ഞവർക്ക് നന്ദി രേഖപ്പെടുത്തുകയാണ്. എന്നെക്കുറിച്ച് ആക്ഷേപം ഉന്നയിച്ച കാര്യവും ഞാൻ ഉൾക്കൊള്ളുന്നു. അദ്ദേഹം പറഞ്ഞ ആരോപണത്തെ ഞാൻ നിഷേധിക്കുകയാണ്. അതിനെ സ്പോർട്ട്സ്മാൻ സ്പിരിറ്റിലൂടെ ഞാൻ കാണുകയും ചെയ്യുന്നു.....(ബഹളം).....

മി. സ്പീക്കർ : റണ്ണിംങ് കമന്ററിയൊന്നും ശ്രദ്ധിക്കേണ്ട. നിങ്ങൾ മറുപടി പറയുക.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഈ വകുപ്പ് ഒരു ക്ഷേമവകുപ്പാണ്. സമൂഹത്തിലെ ഏറ്റവും പാവങ്ങൾക്കു വേണ്ടിയുള്ള ഒരു ക്ഷേമ വകുപ്പാണ് ; പണം ചെലവാക്കാനുള്ള വകുപ്പാണ്. സംസ്ഥാന സർക്കാരിന് റവന്യൂ ഉണ്ടാക്കാനുള്ള ഒരു വകുപ്പല്ല. അതുകൊണ്ട് ഇൻഡസ്ട്രി പോലെയോ, ടൂറിസം പോലെയോ ഉള്ള ഒരു വകുപ്പായി ഇതിനെ കാണരുത് എന്ന് അപേക്ഷിക്കുകയാണ്. നൂറ്റാണ്ടുകളായി ആയിരത്താണ്ടു വർഷങ്ങളായി സാമൂഹ്യ സാമ്പത്തിക, വിദ്യാഭ്യാസ രംഗത്ത് പിന്നോക്കാവസ്ഥ അനുഭവിച്ചുകൊണ്ടിരുന്ന ജനതക്ക് വേണ്ടിയുള്ള വകുപ്പാണ്. വ്യക്തിക്ക് രോഗം ഉള്ളതുപോലെ സമൂഹത്തിന് രോഗം ഉണ്ട്. സാമൂഹിക, സാമ്പത്തിക, പിന്നോക്കാവസ്ഥ എന്ന രോഗം. സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്ന രോഗമുള്ള ജാതികളെ ഒരു ഷെഡ്യൂളിൽപ്പെടുത്തി, പട്ടികയിൽപ്പെടുത്തി. അതാണ് ഷെഡ്യൂൾഡ് കാസ്റ്റ് അല്ലെങ്കിൽ പട്ടികജാതി എന്നു പറയുന്നത്. അതുപോലെ സാമൂഹിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുള്ള ഗോത്ര സമുദായക്കാരെ ഒരു പട്ടികയിൽപ്പെടുത്തി. അതാണ് ഷെഡ്യൂൾഡ് ട്രൈബ് എന്നു പറയുന്നത്. നൂറ്റാണ്ടുകളോളം അവർക്ക് സഞ്ചാര സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല, സ്ക്കൂളിൽ കയറാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.....(ബഹളം).....

മി. സ്പീക്കർ : റണ്ണിംഗ് കമന്ററി ശ്രദ്ധിച്ചാൽ നിങ്ങൾ പാളിപ്പോകും.

ഡോ. എം. എ. കുട്ടപ്പൻ : സർ, 1935 വരെ അമ്പലത്തിൽ കയറാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. 1910-ലാണ് ആദ്യമായി സ്ക്കൂളിൽ കയറാൻ സ്വാതന്ത്ര്യം ഉണ്ടായത്. പരസ്പരം കാണാൻ പാടില്ല. തൊടാൻ പാടില്ല. അതുകൊണ്ടാണ് കേരളത്തിലെ സ്നേഹ ഗായകനായിരുന്ന മഹാകവി കുമാരനാശാൻ പാടിയത്. "നരന് നരൻ അശുദ്ധ വസ്തു പോലും. ധരയിൽ നടപ്പത് തീണ്ടലാണുപോലും. നരകമിവിടം ഹന്ത കഷ്ടം. ഹര ഹര ഇങ്ങനെ വല്ല നാടുമുണ്ടോ." എന്ന് അവർ തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽ പെട്ടാൽ ദോഷം ഉള്ളവരുമായിരുന്നു. 'അൺ ടച്ചബിൾസ്' ആയിരുന്നു. അങ്ങനെ പത്തു പന്ത്രണ്ടായിരം വർഷക്കാലം അനുഭവിച്ച കഷ്ടപ്പാട് മാറ്റാൻ വേണ്ടി സമൂഹം കൽപ്പിച്ചു നൽകിയ നഷ്ട പരിഹാരമാണ്, സമൂഹം നൽകിയ ചികിൽസയാണ് സംവരണം എന്നു പറയുന്നത്. സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ എന്ന രോഗം മാറ്റാനുള്ള ചികിൽസയാണ് ഈ സംവരണം എന്നു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതൊക്കെ പറഞ്ഞാൽ മറ്റൊന്നും പറയാൻ സമയം കിട്ടില്ല. 15 മിനിട്ടിനകത്ത് നിർത്തണം.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഈ സമൂഹം അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്നുള്ളതു തന്നെയാണ്. ഈ വകുപ്പിലൂടെ 1956 മുതലുള്ള കാലഘട്ടത്തിലെ ഏറ്റവും വലിയ സേവനം വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സേവനമാണ്. പൊതുവെ ഉള്ള ധാരണ ഈ വകുപ്പിലൂടെ ക്ഷേമം നൽകുന്നത് പട്ടികജാതി വർഗ്ഗക്കാർക്കു വേണ്ടി മാത്രമാണെന്നാണ്. മുന്നോക്ക സമുദായക്കാർക്കും, പിന്നോക്ക സമുദായക്കാർക്കും എസ്.സി/എസ്.ടി.കളിൽപ്പെട്ടവർക്കും ആനുകൂല്യം കൊടുക്കുന്നുണ്ട്. ഉദാഹരണത്തിന് കഴിഞ്ഞ വിദ്യാഭ്യാസവർഷം ഈ വകുപ്പുകളിലൂടെ 8,54,075 വിദ്യാർത്ഥികൾക്ക് ആനുകൂല്യം കൊടുത്തു. ഇതിൽ പ്രീ-മെട്രിക് തലത്തിൽ എസ്.സി/എസ്.ടി. ഒ. ഇ. സി. ഇനത്തിൽ 5,68,140 പേർക്ക് ആനുകൂല്യം കൊടുത്തപ്പോൾ പോസ്റ്റ് മെട്രിക്കിൽ ആനുകൂല്യം കൊടുത്തത് 2,85,927 പേർക്കാണ്. ഇതിൽ പട്ടിജാതി 89,577, പട്ടികവർഗ്ഗം 3,211, ഒ.ഇ.സി. 40,057 ഒ.ബി.സി. 70,202, എസ്.ഇ./ബി.സി. 10,494, ഫോർവേർഡ് കമ്മ്യൂണിറ്റി 65,386. അതിന്റെ അർത്ഥം മുന്നോക്കക്കാർക്കും കൂടിയുള്ള വകുപ്പാണ് എന്നതാണ്. എന്നാൽ വകുപ്പിന്റെ പേര് സർവ്വസമുദായക്ഷേമ വകുപ്പ് എന്നാക്കട്ടെ. വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി കഴിഞ്ഞ വർഷം പട്ടികജാതി വികസന വകുപ്പിൽ മാത്രമായി 92.22 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പട്ടികജാതിക്കാർക്കുവേണ്ടി 4.17 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2000 വർഷത്തെ പിന്നോക്കാവസ്ഥയാണ് ഈ പാവങ്ങൾക്കുള്ളത്. രണ്ടായിരം വർഷത്തെ വിദ്യാഭ്യാസ പാരമ്പര്യമുള്ള ജനതയും 90 വർഷത്തെ വിദ്യാഭ്യാസ പാരമ്പര്യമുള്ള ജനതയും തമ്മിൽ മൽസരിച്ചപ്പോൾ 1-ാം റാങ്ക് കിട്ടിയ കുട്ടിയുടെ മാർക്ക് 589. പട്ടികജാതിയിൽപെട്ട കുട്ടിയുടെ മാർക്ക് 579, ദിവ്യാ ദിവാകരൻ, കാണിക്കമാതാ സ്കൂൾ, പാലക്കാട്. കേവലം 10 മാർക്കിന്റെ കുറവ്. പട്ടികജാതിക്കാരിയായ ക്രിസ്റ്റ ആൻ ജേക്കബിന് 556 മാർക്ക്, കാർമൽ സ്കൂൾ. അതിന്റെ അർത്ഥം വർഷങ്ങളായി, നൂറ്റാണ്ടുകളായി പഠിക്കാൻ അവസരം നിഷേധിച്ച ഒരു ജനത, രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള വിദ്യാർത്ഥിയോട് മൽസരിക്കാൻ ത്രാണിയുണ്ടാക്കിയിരിക്കുകയാണ് എന്നാണ്. സമീപഭാവിയിൽ പട്ടികജാതിയിൽപെട്ട ആൾ ജനറൽ സെക്ടറിൽതന്നെ ഫസ്റ്റ് റാങ്ക് വാങ്ങാൻ സാദ്ധ്യത വന്നിരിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ 170-ഓളം ഐ.എ.എസ്സുകാരുണ്ട്. ഐ.എ.എസ്സ്-കാരിൽ നാൽപ്പത്തിരണ്ട് നാൽപ്പത്തി മൂന്നുപേർ എസ്.സി/എസ്.ടി.യിൽപെട്ട ഐ.എ.എസ്സുകാരാണ്. 14 ജില്ലാകളക്ടർമാരിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള 6 ജില്ലകളിലെ കളക്ടർമാർ എസ്.സി/എസ്.ടി-യിൽപെട്ടവരാണ്. ഈ വകുപ്പിന്റെ കീഴിൽ 25 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്. അതിൽ 6 സ്കൂളുകളിൽ ഇപ്രാവശ്യം എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയതിൽ 4 സ്കൂളുകളിൽ 100 ശതമാനമാണ് റിസൽറ്റ്. ഡിസ്റ്റിങ്ഷനും, ഫസ്റ്റ് ക്ളാസ്സും ഉൾപ്പെടെയാണത്. രണ്ട് എം.ആർ.എസ്-ൽ 90 ശതമാനമുണ്ട്. ഈ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് 1981 മുതൽ ഒരു ഐ.എ.എസ്. കോച്ചിംഗ് സെന്ററുണ്ട്. ആദ്യമായി കഴിഞ്ഞ പ്രാവശ്യം ഒരാൾ സിവിൽ സർവ്വീസ് പരീക്ഷ പാസ്സായിരിക്കുന്നു. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി ക്ഷേമത്തെക്കുറിച്ച് പലരും പറയുകയുണ്ടായി. ആദിവാസി ക്ഷേമത്തിൽ ഏറ്റവും വലിയ പ്രശ്നമായി ചൂണ്ടിക്കാണിക്കുന്നത് ഭൂമി പ്രശ്നമാണല്ലോ. ഈ കാലഘട്ടംവരെ കഴിഞ്ഞ 2001 ജനുവരി മുതൽ 1,429 കുടുംബങ്ങൾക്ക് 20,125.58 ഹെക്ടർ ഭൂമി കൊടുക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹം ഡൽഹിയിൽ പോയി പ്രധാനമന്ത്രിയേയും വനം-പരിസ്ഥിതി മന്ത്രിയേയും കണ്ടതിന്റെ അടിസ്ഥാനത്തിൽ തത്വത്തിൽ ആദിവാസികൾക്ക് വേണ്ടി വനഭൂമി തരാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അടുത്ത കാലത്തായി കേന്ദ്രത്തിൽ നിന്ന് രണ്ട് ഉദ്യോഗസ്ഥന്മാർ ഇവിടെ വന്ന് സ്ഥലപരിശോധന നടത്തി. ആ പരിശോധനയ്ക്കു ശേഷം ഞാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് കത്തെഴുതുകയുണ്ടായി. അദ്ദേഹം എനിക്ക് കഴിഞ്ഞ 1-ാം തീയതി മറുപടിക്കത്തെഴുതി. ഇവിടെ പലരും പറയുന്നു കേന്ദ്ര ഗവൺമെന്റ് ഭൂമി തരികയില്ലായെന്ന്. വനം മന്ത്രി എനിക്കെഴുതിയ കത്തിലെ അവസാനത്തെ ഒരു വാചകം ഞാൻ വായിച്ചോട്ടെ. However when the two members of the Forest Advisory Committee conducted a site inspection between 16th and 20th June 2003, it was found that the ground realities are in variance with the very crucial facts mentioned in the proposal. Therefore, the Committee has advised the State Government to modify the proposal. Further action in the matter would be taken on receipt of the revised proposal. കേരള ഗവൺമെന്റ് ഒരു പുതിയ പ്രോജക്ട് വയ്ക്കുമ്പോൾ അത് പരിഗണിക്കാമെന്ന് ഏറ്റവും അവസാനം കേന്ദ്ര പരിസ്ഥിതി മന്ത്രി പറഞ്ഞിരിക്കുകയാണ്. 1999 മാർച്ച് 5-ാം തീയതി അന്നത്തെ ഗവൺമെന്റിലെ മന്ത്രിമാർ റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇസ്മയിലും നിയമ വകുപ്പുമന്ത്രിയും ഡൽഹിയിൽപ്പോയി 10,000 ഹെക്ടർ വനഭൂമി ചോദിച്ചു. ഇതുവരെ കിട്ടിയിട്ടില്ല. ഇതു കൂടാതെ ഇന്ന് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട ചന്ദ്രനും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആവർത്തിച്ചാവർത്തിച്ച് പറയുന്നു, 1999-ലെ ബില്ലിന്റെ അടിസ്ഥാനത്തിൽ ആയിരക്കണക്കിന് ഏക്കർ കൊടുത്തുവെന്ന്. പ്രതിപക്ഷനേതാവിന്റെ പ്രസ്താവന ഞാൻ വായിക്കട്ടെ, ഇത് ദേശാഭിമാനി പത്രമാണ്. 1999 മാർച്ച് 8-ാം തീയതി ബിൽ പാസ്സാക്കിയശേഷം എൽ.ഡി.എഫ്. സർക്കാർ സ്വന്തം നിലയിൽ 5,000 ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തു. അട്ടപ്പാടിയിൽ 3,000 ഏക്കറും, കണ്ണൂരിൽ ആയിരം ഏക്കറും കോഴിക്കോട് കാസർകോഡ്, മലപ്പുറം ജില്ലകളിൽ ആയിരം ഏക്കറും എന്നാണ് പറഞ്ഞത്. ഇതൊരു വസ്തുതയാണ്. യഥാർത്ഥത്തിൽ പ്രതിപക്ഷനേതാവ് പറഞ്ഞത് വസ്തുതയ്ക്ക് വിരുദ്ധമായ കാര്യമാണ്. ഞാൻ കളക്ടർമാരിൽനിന്ന് റിപ്പോർട്ട് വാങ്ങി. കാസർകോഡ് കളക്ടറുടെ റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു No land has been distributed to the tribals after passing 1999 Act in Kasargod district. കോഴിക്കോട് കളക്ടർ- No land has been distributed in this district to Tribals after passing the Kerala Scheduled Tribes, Restriction on Transfer of lands and Restoration of Algenated Lands to Act-1999 കൊടുത്തിട്ടില്ല. മലപ്പുറം കളക്ടർ No land has been distributed to the Tribals in the district after passing the Act. ഇവിടെ ആകെ കുറെ ഭൂമി കൊടുത്തു. കണ്ണൂരിലും പാലക്കാട്ടും അൽപ്പം ഭൂമി കൊടുത്തു. ഞാൻ പറയാം, കേൾക്കണോ ? കണ്ണൂരിൽ ആകെ കൊടുത്തത്

LIBRARY ARCHIVES Kerala Legislative Assembly

തളിപ്പറമ്പിൽ പന്നിയൂർ വില്ലേജിൽ 25 ഫാമിലികൾക്ക് 29 ഏക്കർ കൊടുത്തു. ഒരു ആദിവാസിയും ഇപ്പോൾ പാർക്കുന്നില്ല. കളക്ടറുടെ റിപ്പോർട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഷോളയൂർ കോട്ടോപ്പാടം എന്നിവിടങ്ങളിലായി 114 ആദിവാസികൾക്ക് 123.17 ഹെക്ടർ കൊടുത്തു. ഇതുവരെ ഒരു ആദിവാസിയും താമസിച്ചിട്ടില്ല, കളക്ടർ റിപ്പോർട്ട് ചെയ്യുന്നു, അവിടെ പാറക്കെട്ടാണ് താമസമില്ല.

മി. സ്പീക്കർ : നിങ്ങൾ ദേശാഭിമാനിയിൽ വന്ന റിപ്പോർട്ടിനാണ് മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നത്. ദേശാഭിമാനിയിൽ വന്നത് ഇപ്പോൾ പറയേണ്ട കാര്യമെന്താണ് ? ഇവിടെ പറഞ്ഞതിന് മറുപടി പറയൂ. സമയം ലിമിറ്റഡാണ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഷോളയൂർ വില്ലേജിൽ നായനാർ ഗവൺമെന്റ് 361 ആദിവാസികൾക്ക് 40.36 ഹെക്ടർ ഭൂമിയുടെ പട്ടയം കൊടുത്തു. നായനാർ ഗവൺമെന്റ് ഇറങ്ങിപ്പോകുന്നതിനുമുമ്പ് 2001 മേയ് 5-ാം തീയതി ആ ഭൂമി മുഴുവൻ നിക്ഷിപ്ത വനഭൂമിയാണെന്ന് വിജ്ഞാപനം ഇറക്കി. ഇതൊരു വഞ്ചനയല്ലേ. ഇവിടെ മുത്തങ്ങാ സംഭവം.

മി. സ്പീക്കർ : ആരോപണത്തിന് മറുപടി പറയൂ. അല്ലെങ്കിൽ പറയാൻ സമയം കിട്ടില്ല.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഇവിടെ മുത്തങ്ങ സംഭവത്തെക്കുറിച്ച് പലരും പറയുകയുണ്ടായി. മുത്തങ്ങ സംഭവത്തിനുശേഷം കേന്ദ്ര എസ്.സി./എസ്.ടി. കമ്മിഷൻ വന്നു. ആ കമ്മിഷൻ പറഞ്ഞു സർക്കാർ നടപടി തൃപ്തികരമെന്ന്. മാത്രമല്ല ബി.എസ്. ശാസ്ത്രി സെൻട്രൽ ഗവൺമെന്റിനു കൊടുത്ത റിപ്പോർട്ടിൽ ഇങ്ങനെ എഴുതിയിരിക്കുന്നു ഇതുകൂടാതെ നായനാർ ഗവൺമെന്റിന്റെ ഭരണ കാലത്ത് വനത്തിൽ പാർക്കുന്ന ആദിവാസികൾക്ക് അവരുടെ കൈവശഭൂമിക്ക് പട്ടയം കൊടുത്ത് ഉത്തരവിറക്കി. പക്ഷെ, അത് നടപ്പാക്കിയില്ല. ഈ ഗവൺമെന്റാകട്ടെ റവന്യൂ, ഫോറസ്റ്റ്, ട്രൈബൽ എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തി വനത്തിൽ പാർക്കുന്ന മുഴുവൻ ആദിവാസികളുടേയും ഭൂമിക്ക് കൈവശരേഖ കൊടുക്കാനുള്ള നടപടി എടുത്തിരിക്കുകയാണ്. മൊത്തം ഏതാണ്ട് 701 സെറ്റിൽമെന്റുകളിലായി 21,665 ആദിവാസികൾ താമസിക്കുന്നു. അവരുടെ കൈവശം 26,290 ഹെക്ടർ ഭൂമിയുണ്ട്. ആ ഭൂമിക്ക് പടിപടിയായി കൈവശരേഖ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഉത്തരവ് ഇറക്കിയിരിക്കുന്നു. ഇവിടെ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സി.എഫ്. തോമസ് സൂചിപ്പിക്കുകയുണ്ടായി, അട്ടപ്പാടിയുടെ മാതൃകയിൽ വയനാട്ടിലെ ആദിവാസികൾക്ക് വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിനോടും എസ്.സി. ഡിപ്പാർട്ടുമെന്റിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. ആ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട വി.കെ. ചന്ദ്രൻ തന്ന ആക്ഷേപം ഞാൻ വായിക്കാം, 'സംസ്ഥാന പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി ചെലവഴിച്ച 8 കോടി രൂപയിൽ 6,37,000-ത്തിൽപരം രൂപ യാതൊരു നടപടിക്രമവും പാലിക്കാതെ അവിഹിതവും അനർഹവുമായി E T & T എന്ന സ്വകാര്യ കമ്പ്യൂട്ടർ സ്ഥാപനത്തിന് കൊടുത്തു' എന്നാണ്. എഴുതി തന്നത് നോക്കുമ്പോൾ എങ്ങനെയാണ് ഈ 3 കോടി രൂപ വരാൻ സാധിക്കുക ? എനിക്ക് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. വി. കെ. ചന്ദ്രന്റെ പ്രസംഗത്തിൽ 6 കോടി രൂപയുടെ അഴിമതി നടന്നു എന്നു പറഞ്ഞു.....(ബഹളം).....

മി. സ്പീക്കർ : നിങ്ങൾ എഴുതി കൊടുത്തതാണ് വായിച്ചത്.

ഡോ: എം. എ. കുട്ടപ്പൻ : സർ, ബഹുമാനപ്പെട്ട സ്പീക്കർക്ക് നോക്കാം. ബഹുമാനപ്പെട്ട അങ്ങ് നോക്കണം എന്താണ് ഇതിൽ പറഞ്ഞിരിക്കുന്നതെന്ന്. ഒന്നു വായിച്ചു നോക്കണം.

മി. സ്പീക്കർ : എഴുതി കൊടുത്തതാണ് വായിച്ചത്.

ഡോ : എം. എ. കുട്ടപ്പൻ : സർ, അങ്ങ് നോക്കണം. പട്ടികവർഗ്ഗ സമുദായക്കാർക്ക് ഇക്കാലമത്രയും കൂട്ട, വട്ടി നെയ്ത്തൊക്കെയായിരുന്നു ജോലി. അവർക്ക് ആധുനിക ട്രേഡിൽ പരിശീലനം കിട്ടിയിരുന്നില്ല. മുൻ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രി ആയിരിക്കുമ്പോഴാണ് കമ്പ്യൂട്ടർ പരിശീലനം ആരംഭിച്ചത്. ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രി ആയിരുന്നപ്പോൾ ഏതാണ്ട് 672 വിദ്യാർത്ഥികൾക്കുവേണ്ടി ചെലവഴിച്ചത് 110.62 ലക്ഷം രൂപ. അവിടെ E T & T ഉണ്ടായിരുന്നു. E R & D C ഉണ്ടായിരുന്നു. ഞാൻ കുറ്റം പറയുന്നില്ല. പട്ടികജാതി കുട്ടികൾക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് പരിശീലനം ആവശ്യമുണ്ട്. ഈ കാലമത്രയും കൂട്ട നെയ്ത്ത് വട്ടി നെയ്ത്ത് എന്നിവ ചെയ്തുകൊണ്ടിരുന്നു. അവർക്ക് വേറെ തൊഴിൽ ആവശ്യമുണ്ട്. 2002-2003 വർഷത്തേക്ക് പത്രപ്പരസ്യംവഴി യോഗ്യതയുള്ള പരിശീലന സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചു. 135 സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ലഭിച്ചു. സ്ഥാപനങ്ങളുടെ അക്രെഡിറ്റേഷൻ, നിലവിലുള്ള കോഴ്സുകൾ, സ്ഥലസൗകര്യം, കമ്പ്യൂട്ടറിന്റെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടേയും ലഭ്യത, പരിശീലകരുടെ യോഗ്യത തുടങ്ങിയവ ജില്ലാ ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തു. ഇൻഡ്യാ ഗവൺമെന്റിന്റെ വിവര സാങ്കേതിക വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നതും കേന്ദ്ര ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് നൽകുന്നതുമായ E T & T, E R & D C, C-DAC, C-DIT എന്നിവയുടെ കീഴിലുള്ള 36 സ്ഥാപനങ്ങളെ ഡയറക്ടർ തെരഞ്ഞെടുത്തു. പത്രപ്പരസ്യംവഴി 15,000-ത്തിൽപരം കുട്ടികളെ തെരഞ്ഞെടുത്തു. മൊത്തം നൽകേണ്ട ഫീസ് 8 കോടിയിൽ ചിലാനമാണ്. അതിന്റെ 75 ശതമാനം കൊടുത്തുതീർത്തിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനത്തിനായി സ്ഥാപനം തെരഞ്ഞെടുത്തതിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരമില്ലാത്ത കോഴ്സുകളാണ് നടത്തുന്നതെന്നുമുള്ള എസ്.സി./എസ്.റ്റി. പ്രൊട്ടക്ഷൻ കൗൺസിലിന്റെയും എസ്.സി./എസ്.റ്റി. സ്റ്റുഡന്റ്സിന്റെയും പരാതി കിട്ടിയിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലുള്ള E T & T എന്ന പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളതാണെന്നും അതുകൊണ്ടുതന്നെ പ്രസ്തുത സ്ഥാപനത്തിലെ കമ്പ്യൂട്ടർ പരിശീലനംകൊണ്ട് വിദ്യാർത്ഥികൾക്ക് യാതൊരു പ്രയോജനവും ഇല്ലെന്നുമാണ് പരാതിയുടെ ചുരുക്കം. 2000-2001-ലും 2002-2003-ലും E T & T സാങ്കേതിക സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഈ പരാതിയുടെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുവാൻ നേരത്തേതന്നെ സെക്രട്ടറിക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. അന്വേഷിക്കട്ടെ. ഇതിന്മേൽ എനിക്ക് യാതൊരു പങ്കുമില്ല..... (ബഹളം)..... പരിശീലനത്തിന് E T & T-യെ നിശ്ചയിച്ചത് ഡയറക്ടറേറ്റാണ്. സെക്രട്ടറി പരിശോധിക്കട്ടെ. എനിക്ക് ആക്ഷേപമില്ല. ഈ അഴിമതിക്കു ഞാൻ കൂട്ടുനിന്നു എന്നുപറയുന്നത് ഞാൻ നിഷേധിക്കുകയാണ്. അതിൽ എനിക്ക് യാതൊരു പങ്കുമില്ല. ഒരു ചെറിയ കഥ ഞാൻ പറയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട വി.കെ. ചന്ദ്രൻ ഉന്നയിച്ചിരിക്കുന്ന ആരോപണം ഉദ്യോഗസ്ഥർക്ക് എതിരായിട്ടല്ല ; മന്ത്രിക്ക് എതിരായിട്ടാണ്.

മി. സ്പീക്കർ : അതിനു മറുപടി പറഞ്ഞല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അദ്ദേഹത്തിന് എതിരെ ഉന്നയിച്ച ആരോപണം സംബന്ധിച്ച് ഒരു ഡയറക്ടർ അന്വേഷിക്കുക എന്നുപറയുന്നത് ഒട്ടും ശരിയല്ല.

മി. സ്പീക്കർ : ഡയറക്ടർ അല്ലല്ലോ അന്വേഷിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അങ്ങ് നീതിമാനാണെങ്കിൽ ഇതിൽ അങ്ങയുടെ കൈയ്ക്ക് യാതൊരു കറയും ഇല്ലെങ്കിൽ ഈ 3 കോടി രൂപയെ ,സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് അങ്ങ് തയ്യാറാകുമോ ?

മി. സ്പീക്കർ : അദ്ദേഹത്തിന് പങ്കില്ലെന്ന് പറഞ്ഞു.

ഡോ: എം.എ. കുട്ടപ്പൻ : സർ, 3 കോടി രൂപയുടെ ആക്ഷേപം ഞാൻ നിഷേധിക്കുന്നു.

Mr Speaker : Now you conclude.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. വി.കെ. ചന്ദ്രൻ എഴുതി തന്ന ആക്ഷേപം സ്പീക്കറുടെ കയ്യിലുണ്ട്. അതിൽ 6,37,000 രൂപയ്ക്ക് ഓർഡർ കൊടുത്തതിൽ 3 കോടി രൂപയുടെ അഴിമതി നടത്തി എന്നാണ് എഴുതി കൊടുത്തത്..... (ബഹളം).....

മി. സ്പീക്കർ : അവർ പറയുന്നത് എഴുതിത്തന്ന കാര്യമാണ്. എഴുതിത്തന്നത് 6,37,000 രൂപ എന്നാണ്. ഇത്രയേ അവർ പറയുന്നുള്ളൂ.

ഡോ : എം. എ. കുട്ടപ്പൻ : സർ, എന്നെക്കുറിച്ചുള്ള ആരോപണം പൂർണ്ണമായും ഞാൻ നിഷേധിക്കുകയാണ്. ഇനി ഇതിനെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവർക്ക് ലോക് ആയുക്തയിൽ പോകാവുന്നതാണ്. ഒരു ചെറിയ കഥ പറയുകയാണ്, മഹാഭാരതത്തിൽ ഒരു പ്രധാനപ്പെട്ട കഥയുണ്ട്..... (ബഹളം).....

സ്പീക്കർ : ഓർഡർ,....ഓർഡർ,.... പറയൂ.

LIBRARY ARCHIVES Kerala Legislative Assembly

ഡോ: എം. എ. കുട്ടപ്പൻ : സർ, മഹാഭാരത കഥയിലെ പാണ്ഡവരുടെ വനവാസകാലത്ത് പാഞ്ചാലിക്കും പാണ്ഡവർക്കും വല്ലാതെ ദാഹിച്ചു വലഞ്ഞു. ദാഹം മൂത്തുകഴിഞ്ഞപ്പോൾ അവർ ഒരിടത്ത് ഇരിക്കുകയായിരുന്നു..... (ബഹളം).....

Mr. Speaker : What is this ?

ഡോ: എം. എ. കുട്ടപ്പൻ : സർ, അപ്പോൾ വെള്ളം എടുക്കുവാൻവേണ്ടി ഭീമനെ അടുത്തുള്ള പൊയ്കയിലേക്ക് പറഞ്ഞുവിട്ടു. ധർമ്മദേവന്റെ നിർദ്ദേശപ്രകാരം ഒരു യക്ഷൻ കൊക്കിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു. ഞാൻ ഒരു ചോദ്യം ചോദിക്കാം ഉത്തരം പറഞ്ഞാൽ വെള്ളംതരാം, തെറ്റിയാൽ മരിക്കുമെന്നുപറഞ്ഞു. ഭീമനോട് ചോദ്യം ചോദിച്ചു. ഉത്തരം തെറ്റി ; അദ്ദേഹം മരിച്ചുവീണു. രണ്ടാമത് അർജ്ജുനനോട് ചോദ്യം ചോദിച്ചു. ഉത്തരം തെറ്റി ; അർജ്ജുനൻ മരിച്ചുവീണു. അങ്ങനെ നകുലനും സഹദേവനും യക്ഷന്റെ മുമ്പിൽ പ്രശ്നോത്തരിയിൽ തോറ്റുമരിച്ചുവീണു. അവസാനം ധർമ്മപുത്രർ ചെന്നു. ധർമ്മപുത്രരോട് ചോദ്യം ചോദിച്ചു. ആ വേളയിൽ ധർമ്മപുത്രർ ജയിച്ചു. സന്തുഷ്ടനായ യക്ഷൻ പറഞ്ഞു, ഞാൻ ഒരു വരംതരാം, ഈ നാലുപേരിൽ ഒരാളെ ജീവിപ്പിക്കാം. നാലുപേരെയും ജീവിപ്പിക്കുവാൻ ആവില്ലെന്നു പറഞ്ഞപ്പോൾ അദ്ദേഹം ആലോചിച്ചു, ആർക്കുവേണ്ടി പറയണമെന്ന്. യുദ്ധംവരാൻ പോവുകയാണ്. ഗദാധാരിയായ ഭീമനോ അല്ലങ്കിൽ വില്ലാളിവീരൻ അർജ്ജുനനോ, മൃദുലനായ നകുലനോ. അവസാനം അദ്ദേഹം എനിക്ക് നകുലനെ ജീവിപ്പിച്ചാൽ മതിയെന്ന് പറയുകയുണ്ടായി. അങ്ങനെ നകുലനെ ജീവിപ്പിച്ചു. സന്തുഷ്ടനായ യക്ഷൻ എല്ലാപേരെയും ജീവിപ്പിച്ചു. മനസ്സിലാക്കേണ്ടത്, ഭാരതീയ ധർമ്മം എന്നുപറയുന്നത് മൃദുലനെ സഹായിക്കലാണ്. നമ്മുടെ പൗരാണിക പാരമ്പര്യം അതാണ്. ഈ സമൂഹത്തിൽ പണിയെടുക്കുന്ന പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരെ സഹായിക്കുവാനുള്ള സന്മനസ് എല്ലാപേർക്കും ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു .....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹത്തിനു പറയുവാനുള്ളത് പറഞ്ഞു.

കൃഷിയും കയറും വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, കൃഷി വകുപ്പിൽ 2003-2004 വർഷത്തിൽ,.....(ബഹളം).....

മി. സ്പീക്കർ : പറയുവാനുള്ളത് കേൾക്കണം. കേൾക്കാതെ ബഹളം വയ്ക്കരുത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, നോൺ പ്ലാൻ ഇനത്തിൽ 110.57 കോടി രൂപയും പ്ലാൻ ഇനത്തിൽ 100,60,00,000 രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. സോയിൽ സർവ്വേയ്ക്ക് നോൺ പ്ലാൻ ഇനത്തിൽ 200.35 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 15.5 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. സോയിൽ കൺസർവേഷന് നോൺ പ്ലാൻ ഇനത്തിൽ 743.76 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 1397 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇതാണ് 2003-04

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ നോൺ പ്ലാൻ ഇനത്തിലും പ്ലാൻ ഇനത്തിലും കൃഷി വകുപ്പിന് ചെലവഴിക്കാനായി കൊടുത്തിരിക്കുന്ന തുക. ഇത് കൃഷി വകുപ്പിൽ കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടിയാണ്. നെൽകൃഷിക്ക് 2002-2003-ൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 3 കോടി രൂപയ്ക്ക് പുറമേ 2003-ൽ 40.66 കോടി രൂപയാണ് ഈ ഇനത്തിൽ കുടിശ്ശികയായി പ്ലാനിൽ വന്നിരിക്കുന്നത്. ഇലക്ട്രിസിറ്റിയ്ക്ക് കൊടുക്കുവാനുള്ളതും 2002-2003-ൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 3 കോടി രൂപയുടെ പ്രൊഡക്ഷൻ ഇൻസെന്റീവായിട്ടാണ് കൊള്ളിച്ചിരുന്നത്. അതിൽ 5 കോടി രൂപ കൂടെ പ്രൊഡക്ഷൻ ഇൻസെന്റീവായി കൊടുക്കുന്നതിനുവേണ്ടി നടപടി എടുത്തുവരുകയാണ്. അതിന്റെ കുടിശ്ശിക Production incentive പൂർണ്ണമായി തീർത്തു. നെൽകൃഷിക്ക് ഈ കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചത് വില്ലേജ്-പഞ്ചായത്തിന് 10.14 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 47.6 ലക്ഷം രൂപയുമാണ്. ആകെ 10 കോടി 61 ലക്ഷം രൂപ. സർ, 2000-ലെ വാർഷിക പദ്ധതിപ്രകാരം നെൽകൃഷി വികസന പരിപാടിക്ക് ഉൾക്കൊള്ളിച്ചിരിക്കുന്നത് 4166.80 ലക്ഷം രൂപയാണ്. താഴെപ്പറയുന്ന പരിപാടികൾക്കാണ് 4166.80 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിന്റെ ഉപയോഗം 65,000 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. 65,000 ഹെക്ടർ പ്രദേശത്ത് ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്താനുള്ള തീരുമാനം എടുത്തു. 2000 ഹെക്ടർ പ്രദേശത്ത് ജീവാണു വളപ്രയോഗം നടത്തുന്നതിനുള്ള നടപടി എടുത്തു. സംയോജിത കീടരോഗനിയന്ത്രണ പരിപാടികൾ പ്രോൽസാഹിപ്പിക്കാൻ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത പ്രത്യേക ഉൽപ്പാദനശേഷിയുള്ള ഇനം വിത്തുകൾ ഉപയോഗിക്കുന്നതിനുള്ള നടപടി എടുത്തു. പാടശേഖരം അടിസ്ഥാനത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റിയും മറ്റുള്ള നടപടികളുമെല്ലാം എടുക്കുന്നതിന്റെ ഫലമായി ഏതാണ്ട് 7.4 ലക്ഷം ടൺ നെല്ലുൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് 9.7 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ എടുത്തു. അതാണ് ഈ കൊല്ലത്തെ ടാർജറ്റ്. അതിനായി 2 ലക്ഷത്തിൽപ്പരം രൂപ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസിനും മറ്റു വിധത്തിലുള്ള സാങ്കേതികമായിട്ടുള്ള നടപടിക്രമങ്ങൾക്കും ചെലവാക്കിയിട്ടുണ്ട്. നെല്ലുൽപ്പാദനത്തിന്റെ കാര്യത്തിൽ ഒന്നും ചെയ്തില്ലായെന്നു പറയുന്നത് ശരിയല്ല. ഈ പ്രാവശ്യം 2 ലക്ഷം ടൺ നെല്ല് കൂടുതൽ ഉൽപ്പാദിപ്പിക്കണമെന്നാണ് ഗവൺമെന്റ് നിശ്ചയിച്ചിരുന്നത്. അതു സാധിച്ചെടുത്തു. അടുത്തത് തെങ്ങു കൃഷിയെ സംബന്ധിച്ചാണ്. ഇവിടെ പ്രധാനമന്ത്രി വന്നപ്പോൾ തെങ്ങിൽ ടെക്നോളജി മിഷൻ പ്രകാരം തെങ്ങുകൃഷി അഭിവൃത്തിപ്പെടുത്താമെന്ന് പ്രഖ്യാപനം ഉണ്ടായി. പ്രധാനമന്ത്രി ഇവിടെ വന്ന സന്ദർഭത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടില്ല, തെരഞ്ഞെടുപ്പുപോലും നടന്നിട്ടില്ല. ആ അവസരത്തിലാണ് പ്രധാനമന്ത്രി വന്ന് പ്രഖ്യാപനം നടത്തിപ്പോയത്. ടെക്നോളജി മിഷനുമായി തെങ്ങു കൃഷിയെ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കാനോ അല്ലെങ്കിൽ അത് ഏതു വിധത്തിൽ നേരിടണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാനോ തുനിഞ്ഞില്ല. തെങ്ങിന്റെ കാര്യത്തിൽ ഉല്പാദനക്ഷമതയിൽ മുന്നിൽ നിൽക്കുന്നത് തമിഴ്നാടിനേക്കാൾ മഹാരാഷ്ട്രയാണ്. 16,000-ത്തിൽപ്പരം

LIBRARY ARCHIVES Kerala Legislative Assembly

തേങ്ങയാണ് ഒരാണ്ടിൽ ഒരു ഹെക്ടറിൽ നിന്ന് കിട്ടുന്നത്. ഇവിടെ 5,000-ത്തിൽപ്പരവും. കേരളത്തിന്റെ തനതു കൃഷിയാണ് തെങ്ങുകൃഷി. തെങ്ങിന്റെ നാടാണ് കേരളം. കേരളത്തിൽ തെങ്ങുകൃഷിക്ക് രോഗം ബാധിച്ചിട്ട് ഏതാണ്ട് 100 കൊല്ലത്തോളമായി. തെങ്ങിന് വേരു ചീയൽ രോഗമാണ് പ്രധാനമായിട്ടുള്ളത്. കായംകുളം ഗവേഷണകേന്ദ്രം തെങ്ങിന്റെ വേരുചീയൽ മാത്രം ഗവേഷണം നടത്തി. അതിനുള്ള പ്രതിവിധി കണ്ടുപിടിക്കാനാണ് സ്ഥാപിച്ചത്. ഇത്രനാൾ ഗവേഷണം നടത്തിയിട്ടും രോഗപ്രതിരോധത്തിന് ഒന്നും കണ്ടുപിടിച്ചിട്ടില്ല. ഒരു കാലത്തും കണ്ടുപിടിച്ചിട്ടില്ല. പരിഹാരം കണ്ടുപിടിക്കാതെ വന്നതിന്റെ ഫലമായി കേരളത്തിൽ 5 ജില്ലകളിൽ തെങ്ങുകൃഷി നശിച്ചു ; ഉപേക്ഷിച്ചമട്ടായി. ഈ ഗവൺമെന്റ് തെങ്ങുകൃഷിയെ സംബന്ധിച്ച് എടുക്കേണ്ട നടപടികൾ എന്താണെന്നുള്ളതു കാണിച്ച് കേന്ദ്ര ഗവൺമെന്റിന് പരാതി കൊടുത്തു. പ്രോജക്ടുകൾ തയ്യാറാക്കിക്കൊടുത്തു. സെൻട്രൽ ട്രാവൻകൂറിലും കൊച്ചിയിലുമാണ് തെങ്ങ് രോഗം കൂടുതലുള്ളത്. എറണാകുളം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായി വേരുചീയൽ രോഗമുള്ളത്. ചാലക്കുടി പുഴയ്ക്ക് തെക്കും ആറ്റിങ്ങൽ ആറിന് വടക്കോട്ടുമുള്ള പ്രദേശങ്ങളിലാണ്. ഈ പ്രദേശത്തേക്കായി യാതൊരു സ്ക്കീമും സെൻട്രൽ ഗവൺമെന്റോ ടെക്നോളജി മിഷനോ വച്ചിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുകയും രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി രോഗമില്ലാത്ത തൈകൾ നടാൻ എടുത്ത നടപടികളുടെ അടിസ്ഥാനത്തിൽ രോഗം പ്രതിരോധിക്കാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. രോഗമുള്ള സ്ഥലങ്ങളിൽ മാത്രം തെങ്ങ് വെട്ടിമാറ്റുന്നതിനു വേണ്ടിയുള്ള സ്ക്കീമാണ് കേന്ദ്രം അനുവദിച്ചത്. അതാണ് നമുക്ക് ഇപ്പോൾ തന്നത്. ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തി. ഡിസ്ക്കഷനിൽ നമ്മൾ നിർബന്ധം പിടിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രിപ്പയർ ചെയ്ത് അയയ്ക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് 564 കോടി രൂപയുടെ ഒരു പ്രോജക്ട് അയച്ചുകൊടുത്തു. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി രോഗം പടരാത്ത തെങ്ങിൻതൈകൾ വച്ച് സംരക്ഷിക്കാൻ പദ്ധതി. മണ്ഡതി ബാധിച്ച തെങ്ങുകൾക്ക് മരുന്ന് തളിക്കുകയും വളമിടുകയും ചെയ്തുകൊണ്ട് നല്ല നിലയിൽ തെങ്ങുകൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ തെങ്ങിനെ സംരക്ഷിക്കാൻ ആവശ്യമായ നടപടികളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനേകം പ്രാവശ്യമുള്ള ഡിസ്ക്കഷനുശേഷം കേന്ദ്രം അറിയിച്ച നടപടി എന്താണെന്നു വച്ചാൽ അയച്ചുകൊടുത്ത പ്രോജക്ട് തുക കൂടുതലായിപ്പോയി, അതുകൊണ്ട് പ്രോജക്ട് അടങ്കൽ കുറച്ച് പ്രോജക്ട് മാറ്റി എഴുതി അയയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഇറിഗേഷനും മറ്റുമുള്ള ആനുകൂല്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് 261 കോടി രൂപയുടെ ഒരു പുതുക്കിയ പ്രോജക്ട് കേന്ദ്രത്തിന് അയച്ചുകൊടുത്തിരിക്കുകയാണ്. അത് ഡിസ്ക്കഷനുവേണ്ടി വരും, അല്ലെന്നല്ല പറയുന്നത്. ഡിസ്ക്കഷനായി പ്ലാനിംഗ് കമ്മീഷന് അയയ്ക്കാനാണ് പറഞ്ഞിരിക്കുന്നത്. പ്രോജക്ട് പ്ലാനിംഗ് കമ്മീഷന് അയച്ചിരിക്കുകയാണ്. പുറത്തുള്ള ഏതെങ്കിലും ഏജൻസിയെക്കൊണ്ടാണെങ്കിലും തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താൻ ഇത്തരം നടപടികൾ എടുക്കാതെ പറ്റില്ല. തേങ്ങയ്ക്ക് വില കൂടിയതുകൊണ്ട് കൃഷിക്കാർക്ക് അല്പം ഗുണമുണ്ടായിട്ടുണ്ട് എന്നത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കുന്നില്ല. തേങ്ങയുള്ളവർക്ക് ഗുണമുണ്ടായി. തെങ്ങിന് രോഗമില്ലാത്ത സ്ഥലങ്ങളിലുള്ളവർക്ക് ഗുണമുണ്ടായിട്ടുണ്ട്. അല്ലാത്ത പ്രദേശങ്ങളിൽ തെങ്ങിൽ തേങ്ങയില്ല. അതാണ് ശരി. തേങ്ങയ്ക്ക് വില കൂടിയത് നമ്മൾ വളരെ സാഹസികമായി കാര്യങ്ങൾ ചെയ്തതു കൊണ്ടുകൂടിയാണ്. അല്ലാതെ പ്രതിപക്ഷം പറയുന്നതുപോലെയല്ല. സ്പെഷ്യൽ പാക്കേജ് പോലുള്ള നടപടികൾ എടുത്തതിന്റെ ഫലമായി കൂടിയാണ് ഈ വിലക്കയറ്റം ഉണ്ടായത്. ശ്രീ. കുഞ്ഞിരാമൻ എവിടെയോ ഉള്ള ഒരു കണക്ക് ഇവിടെ കൊണ്ടുവന്നു വായിച്ചു. അതൊക്കെ പണ്ടുള്ള കണക്കാണ്. ഇപ്പോഴത്തെയല്ല. നല്ലപോലെ ഈ ഗവൺമെന്റ് ഈ വിലക്കയറ്റം ഉൾപ്പെടെ കാർഷികരംഗം സജീവമായത്. പണിതതുകൊണ്ടാണ് അതുകൊണ്ടാണ് വില കൂടി എന്നുള്ളത് യഥാർത്ഥ്യമാണ്. പക്ഷേ, കേരളത്തിലെ തെങ്ങു കൃഷിക്കാർ ഇന്നും ദുഃഖത്തിലാണ്. രോഗമുള്ള തെങ്ങുകൾ വെട്ടിമാറ്റി രോഗം ബാധിക്കാത്ത തൈകൾ പുതുയതായി വച്ചുപിടിപ്പിച്ച് ആവശ്യമായിട്ടുള്ള കൃഷി സമ്പ്രദായങ്ങളും നവീകരിച്ച് നടപടികൾ എടുത്തുകൊണ്ടു മാത്രമേ കാർഷിക രംഗത്തെ കാര്യങ്ങൾ നടത്തുകയുള്ളൂ. അതിനാവശ്യമായിട്ടുള്ള പ്രോജക്ടുകൾ അംഗീകരിക്കണം. കേന്ദ്രഗവൺമെന്റിനെ കൊണ്ട് അത് സംസ്ഥാന ഗവൺമെന്റിനു മാത്രം ചെയ്യാൻ സാധിക്കുന്ന പ്രവൃത്തിയല്ല. അത് കേന്ദ്രത്തിന് അയച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹായം അഭ്യർത്ഥിക്കുകയാണ്. രണ്ടാമത് നമ്മൾ അയച്ച പ്രോജക്ട് അംഗീകരിച്ചുകിട്ടും എന്നാണ് എന്റെ വിശ്വാസം. മൂന്നാമതായി നമ്മൾ എടുത്തിരിക്കുന്ന നടപടികൾ പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്താനാണ് സ്പൈസസ് രംഗവുമുണ്ട്. കുരുമുളകിനും രോഗമുണ്ട്. അതിന്റെ പ്രതിരോധപ്രവർത്തനം നടത്തുന്നതിനാവശ്യമായ മരുന്ന് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി കണ്ടുപിടിച്ചു. ആവശ്യമുള്ളത്ര മരുന്ന് കൂടുതൽ ഉല്പാദിപ്പിക്കണം. കുരുമുളകു കൃഷി തുടങ്ങിയ മറ്റു കൃഷികൾ വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കാൻ ബഡ്ജറ്റിൽ പ്രത്യേകമായിട്ടുള്ള തുക കൊള്ളിച്ചിട്ടുണ്ട്. രോഗം ബാധിക്കാത്ത നൂറ് ലക്ഷം കുരുമുളകു വള്ളികൾ ഉല്പാദിപ്പിച്ച് വിതരണം, 4300 ഹെക്ടർ പ്രദേശത്ത് കുരുമുളക് പുനരുദ്ധാരണം, 800 ഹെക്ടർ പ്രദേശത്ത് ജൈവ കുരുമുളകു കൃഷി പ്രോത്സാഹനം, കുരുമുളക് ഇടവിളയായി കൃഷി ചെയ്യുന്ന വിധം പ്രോത്സാഹിപ്പിക്കുന്നതിന് 3 ലക്ഷം വള്ളികൾ വിതരണം, 400 ഹെക്ടറിൽ സംയോജിത കീടരോഗ നിയന്ത്രണം എന്നീ പദ്ധതികൾ കൊണ്ട് ഉല്പാദനം 7,97,000 ടണ്ണാക്കി വർദ്ധിക്കുമെന്നാണ് കൃഷി വകുപ്പ് കണക്ക് പറഞ്ഞിരിക്കുന്നത്. അതിനാവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. മഞ്ഞൾ, ഇഞ്ചി തുടങ്ങിയ മറ്റു നടീൽ വസ്തുക്കൾക്കൊക്കെത്തന്നെ സഹായം കൊടുക്കത്തക്ക വിധത്തിൽ ഈ ബഡ്ജറ്റിൽ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർ, അതുപോലെ കശുമാവ് വികസനത്തിന് നമ്മുടെ നാട്ടിൽ കോർപ്പറേഷൻ തുറക്കുമെന്നു പറഞ്ഞിട്ട് കശുമാവില്ലാത്തതുകൊണ്ട് തുറക്കാതിരിക്കുകയാണ്. കശുമാവ് വികസനം കാര്യമായി എടുക്കണമെന്നുള്ള വിധത്തിൽ അതിനാവശ്യമായ നടപടികൾ എടുക്കാൻ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഇന്നിപ്പോൾ കണ്ടുപിടിച്ചിട്ടുള്ള പിരമിഡ് ടൈപ്പ് കശുമാവുകൾ വടക്കൻ ജില്ലകളെ കേന്ദ്രീകരിച്ച് 850 ഹെക്ടർ സ്ഥലത്ത് കൃഷി നടത്താനും 1860 ഹെക്ടർ സ്ഥലത്തെ

LIBRARY ARCHIVES Kerala Legislative Assembly

കശുമാവ് കൃഷിയുടെ പുനരുദ്ധാരണം നടത്താനും വേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. പച്ചക്കറി കൃഷിയെ സംബന്ധിച്ച് ഇവിടെ സംസാരിച്ച ആരോ 30 രൂപയായി, 20 രൂപയായി എന്നൊക്കെ പറഞ്ഞു. കേരളം എന്നും അന്യ ദേശത്തെ ആശ്രയിച്ചാണ് കഴിയുന്നത്. മുൻകാലത്ത് ഹോർട്ടി കൾച്ചർ ബോർഡും ഹോർട്ടി ക്രോപ്പുമൊക്കെയുണ്ട്. ഇവിടെത്തന്നെ കൃഷി വികസനത്തിനുവേണ്ടി കൃഷി വകുപ്പിൽനിന്നും 5 ഹെക്ടർ സ്ഥലത്തുവരെ കൃഷി ചെയ്യുന്നവർക്ക് 50,000 രൂപവരെ സൗജന്യമായി കൊടുക്കുന്നതിനുള്ള നടപടികളുണ്ട്. ഇവിടെ ഹരിതയുണ്ട്, ഇല്ലെന്നല്ല, പക്ഷേ ഇതൊക്കെയായിട്ടും കേരളത്തിനാവശ്യമായ പച്ചക്കറി ഇന്നും ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വി.എഫ്.പി.സി.കെ.യുടെ പ്രവർത്തനം മറ്റു ജില്ലകളിലേക്കുകൂടി വ്യാപിപ്പിച്ചു. നേരത്തേ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വ്യാപിപ്പിച്ചു ; അതിനും പുറമെ ഹോർട്ടി കോർപ്പിന്റേതായിട്ടുള്ള പ്രവർത്തനം സുഗമമാക്കാൻ, 'ഹോർട്ടി കോർപ്പ്-ന് നഷ്ടം വന്നത് മുമ്പു പറഞ്ഞതുപോലെ മേശപ്പുറത്തുവച്ചിട്ട് ആരെങ്കിലും വേണമെങ്കിൽ വാങ്ങിച്ചോളൂ എന്നു പറയുന്ന വിധത്തിലുള്ള ഒരു സ്ഥിതിവിശേഷമുണ്ടാകാതിരിക്കാൻ, അത് പുനഃസംഘടിപ്പിച്ച് ആവശ്യമായ വിധത്തിൽ ഇത് ലാഭകരമാക്കാൻ നടപടികളെടുത്തിട്ടുണ്ട്. ആ വിധത്തിൽ ഹോർട്ടി കോർപ്പും വി.എഫ്.പി.സി.കെ.യും അതുപോലെതന്നെ കൃഷിക്കാരുടെ സംഘടനകളുമൊക്കെക്കൂടി ചേർന്ന് ഞങ്ങളൊരു ടാർജറ്റുവച്ച് പച്ചക്കറി കൃഷി നടത്താൻ തീരുമാനമെടുത്തു. ഹോർട്ടി കോർപ്പ് പച്ചക്കറിക്കു വിലകൂടിയിരുന്ന അവസരത്തിൽ, അത് ലോറി പണിമുടക്കു സമയമാണ്. പിറ്റേദിവസംതന്നെ പണമില്ലാതിരുന്നിട്ടും ഗവൺമെന്റിനോട് ചോദിച്ച് 25 ലക്ഷം രൂപ വാങ്ങി ഉടൻതന്നെ മാർക്കറ്റിലിറങ്ങി. കുറെ നഷ്ടം വന്നു, ഇല്ലെന്നു പറയുന്നില്ല, ലോറി അടിച്ചുപൊട്ടിച്ച സ്ഥിതി വരെയുണ്ടായിട്ടുണ്ട്. എങ്കിൽപ്പോലും കൃഷിക്കാർക്ക് ആവശ്യമായ വിധത്തിലുള്ള നടപടികൾ എടുത്തതിന്റെ ഫലമായി വില കുറഞ്ഞു. മറ്റു വിധത്തിൽ പരാതി വരാതിരിക്കാൻ അന്ന് ഓരോ പ്രാവശ്യവും വാങ്ങിയതിന്റെ രസീതുകളും സൂക്ഷിക്കുന്നുണ്ട്. മുൻകാലത്ത് നമ്മുടെ നാട്ടിൽ ഇടവിള കൃഷിയുണ്ടായിരുന്നു. സാധാരണ എല്ലാ കൃഷിയും ചെയ്യും. തെങ്ങിൻ തോട്ടങ്ങൾക്ക് ഇടവിളയായി പയർ കൃഷി ചെയ്യുമായിരുന്നു. ആ സമ്പ്രദായം ഇപ്പോൾ പോയി, നമ്മുടെ നാട്ടിൽ അതില്ല. ഇടവിള കൃഷിയും അതുപോലുള്ള കൃഷികളും തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു. ആ വിധത്തിൽ മാത്രമേ പച്ചക്കറിയും നമുക്കാവശ്യമായിട്ടുള്ള സാധാരണ കാർഷികോല്പന്നങ്ങളും ഉല്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. നമുക്കാവശ്യമായതു മുഴുവൻ ഉല്പാദിപ്പിക്കാൻ സാധിക്കില്ല, തീരെ പാവപ്പെട്ട കൃഷിക്കാരനും, മൂന്നു സെന്റാണല്ലോ നമ്മൾ കൂടികിടപ്പ് പറഞ്ഞിരിക്കുന്നത്. അവിടെയൊക്കെ വരുന്ന സ്ഥലങ്ങളും ബാക്കിയുള്ളതുമൊക്കെ ഉപയോഗിച്ചാലും ഇന്നത്തെ നിലയിൽ നടക്കില്ല, കോർപ്പറേഷനിലും നഗരത്തിൽ ഒരു നാട്ടിൻപുറം എന്നുള്ള നിലയിൽ ഞങ്ങൾ എടുത്തിട്ടുണ്ട്. നഗരത്തിൽ ഉള്ള ഹൗസിംഗ് സംഘടനകൾ, [illegible] അസോസിയേഷനുകൾ എല്ലാംകൂടി ചേർന്ന് വീടു വൃത്തിയാക്കാനും വീട്ടിലുണ്ടാകുന്ന അഴുക്കുകൾ മാറ്റാനും അവിടെത്തന്നെ പച്ചപ്പു വച്ചു പിടിപ്പിക്കാനും നമ്മുടേതായിട്ടുള്ള എൻവിറോൺമെന്റും ഭംഗിയും നിലനിർത്താനും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ രീതിയിൽ നഗരത്തിൽ ഒരു നാട്ടിൻപുറം എന്നുള്ള സ്കീം ഞങ്ങൾ 13 ഹൗസിംഗ് കോളനിക്കാരെ പങ്കെടുപ്പിച്ച് പരീക്ഷണാർത്ഥം തുടങ്ങി. അതിനും പുറമെ പുഴുക്കളുപയോഗിച്ച് ബർമി കമ്പോസ്റ്റുണ്ടാക്കി ചപ്പുചവറുകൾ കുന്നുകൂടിവരാതെ, പുറത്തേക്ക് പോകാതിരിക്കാനുള്ള നടപടികളുംകൂടി കൂട്ടിച്ചേർത്ത്, കഴിഞ്ഞ ദിവസം ഇവിടെയുള്ള മുഴുവൻ ഹൗസിംഗ് സംഘടനകളും കൂടി എന്നെ വിളിച്ച് അവർക്ക് ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കണമെന്നു പറഞ്ഞു.....(ബഹളം).....ഇങ്ങനെ ധൃതി വച്ചാൽ പറ്റുമോ, കൃഷി എന്നു പറയുന്നത് വളരെയധികമുണ്ട്. നിങ്ങൾ ഓരോരുത്തരും പറഞ്ഞതിന് മറുപടി പറയണ്ടേ ? അഴിമതിയും മറ്റു കുറ്റങ്ങളും പറഞ്ഞതിനെല്ലാം മറുപടി പറയേണ്ടേ ? അതുംകൂടി കേൾക്കണം. അതിന് അങ്ങ് എനിക്ക് കുറച്ചു സമയം തരണം. കൃഷി നശിച്ചുപോയി എന്നാണല്ലോ ഇവിടെ പറഞ്ഞത് ? .....(ബഹളം).....എനിക്ക് വേറെ പണിയൊന്നുമില്ല, മന്ത്രിപ്പണിയേയുള്ളൂ. അത് നിങ്ങൾക്കൊക്കെ അറിയാവുന്നതാണ്. ഒരു പണി ഏല്പിച്ചാൽ അത് പാർട്ടി പണിയാണെങ്കിൽ പാർട്ടി പണി, അതുപോലെതന്നെ എം.എൽ.എ. പണിയാണെങ്കിൽ എം.എൽ.എ. പണി, അത്രയേയുള്ളൂ മറ്റ് യാതൊരു പണിയുമില്ല. അതുകൊണ്ട് ചെയ്യാനുള്ളത് ചെയ്യും. അതിനെക്കുറിച്ച് കേൾക്കുകയും വേണം.....(ബഹളം).....നിങ്ങൾക്ക് ആത്മാർത്ഥമായി നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമോ നിങ്ങളുടെ കാലത്തുണ്ടായിരുന്ന കൃഷി വകുപ്പും കൃഷിയിനങ്ങളുമാണ് കേരളത്തിന് ഇന്നുള്ളതെന്ന് ? നിങ്ങൾ നെൽക്കൃഷിക്കാരുടെ അടുത്ത് ഒന്ന് പോയിനോക്കൂ. പ്രൊക്യൂർമെന്റ് വന്നതുകൊണ്ട് നെല്ലിന്റെ വില 490 രൂപയുണ്ടായിരുന്നത് ഇപ്പോൾ 740 രൂപയായി. അത് നിസാരമല്ല.....(ബഹളം).....അപ്പോൾ കുറെ ബുദ്ധിമുട്ടിയാൽ കുറെ ഫലമുണ്ടാകും. അത് നമ്മെമാത്രം ആശ്രയിച്ചല്ല നിൽക്കുന്നത്. ഞാൻ ഓരോ കൃഷിയെപ്പറ്റിയും പറയുന്നില്ല. കാർഷിക രംഗത്ത് ഇന്നത്തെ നിലയിൽ ഓരോ വിഭാഗത്തിലും വേണ്ട നടപടികൾ എടുക്കുന്നുണ്ട്. ഞാൻ മന്ത്രിയായി അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൃഷിയുടെ പ്രധാന പ്രശ്നം എന്തായിരുന്നു ? വിലക്കുറവ്, വിളകൾക്കുള്ള ഉല്പാദനക്ഷമതക്കുറവ്, അതുപോലെതന്നെ വിളകളെ ബാധിക്കുന്ന രോഗങ്ങൾ. ഗവേഷണങ്ങളും ബാക്കിയുള്ളതും നടത്തിയാൽ അതിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനു വേണ്ടിയുള്ള നമ്മുടെ ഓഫീസുകളുടെ ദൗർബല്യവും, രണ്ടുകൂട്ടരും തമ്മിലുള്ള ബന്ധത്തിന്റെ കുറവും ഉണ്ട്. ആരോ ഇവിടെ മണ്ണിന്റെ കാര്യം പറഞ്ഞു, മണ്ണ് ആരെങ്കിലും പരിശോധിച്ചിട്ടുണ്ടോ ? ....(ബഹളം).... സർ, അങ്ങെനിക്ക് കുറച്ച് സമയം തരണം.....(ബഹളം).....

മി. സ്പീക്കർ : മറ്റുള്ളവരെ കൺട്രോൾ ചെയ്യുന്നതുപോലെ ചെയ്യുന്നില്ല, പക്ഷേ ഒന്ന് ചുരുക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, മണ്ണിന്റെ ഗുണമേന്മയെപ്പറ്റി പറയുകയാണെങ്കിൽ അത് നശിച്ചു, മണ്ണിൽ കൃഷി നടത്താൻ സാധിക്കാത്തതായിട്ടുള്ള ഒരു സ്ഥിതിയുണ്ട്. മണ്ണിന്റെ എല്ലാ വീര്യവും പോയി, അതാണ് സ്ഥിതി. ഈ സ്ഥിതി നേരിടാൻ ഗവൺമെന്റെടുത്ത നടപടികളെന്താണ്? ഈ പരിതഃസ്ഥിതികൾ എങ്ങനെ നേരിടും ? ഈ പരിതഃസ്ഥിതികൾ നേരിടാൻ,

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ ആരോ ഇവിടെ സംസാരിച്ചപ്പോൾ ഡബ്ല്യു.ടി.ഒ. എഗ്രിമെന്റ് വന്നു എന്നുള്ള വിധത്തിലാണ് വർത്തമാനം. 1995-ലാണ് ആ എഗ്രിമെന്റ് ഒപ്പിട്ടത്, ഞാൻവരുന്നത് 6 കൊല്ലം കഴിഞ്ഞ് 2001-ലാണ്. കൃഷിയെ ബാധിക്കുന്ന എഗ്രിമെന്റാണ് ഡബ്ല്യു.ടി.ഒ. എന്നു പറഞ്ഞു. ആ എഗ്രിമെന്റ് കൃഷിയെ എങ്ങനെ ബാധിക്കും ? അത് നമ്മുടെ കൃഷി സ്ഥലങ്ങളെ എങ്ങനെ ബാധിക്കും ? അതിന്റെ നിലവാരമെന്താണ് ? കേരളത്തിൽ മറ്റു വിളകളെല്ലാം പുറത്തുകൊണ്ടു പോകുന്നതുപോലെയല്ല, നാണ്യവിളകളാണ്. അതുകൊണ്ട് ഡബ്ല്യു.ടി.ഒ. ഇവിടെയുള്ള കൃഷിക്കാരെ എങ്ങനെ ബാധിക്കും ? അതിന്റെ ഗുണകരമായിട്ടുള്ള വശങ്ങൾ അഭിവൃദ്ധിപ്പെടുത്താനും ദോഷകരമായിട്ടുള്ളത് കുറയ്ക്കാനുമാണ് ശ്രമിക്കുന്നത്. ഞാൻ ശാസ്ത്രജ്ഞയല്ല, അതുപോലെ മറ്റു വിധത്തിലുള്ള സാങ്കേതിക ജ്ഞാനമുള്ളയാളുമല്ല. അതുകൊണ്ട് ഞങ്ങൾ ആലോചിച്ചു. സ്വാമിനാഥൻ റിപ്പോർട്ട് ഈ കൊല്ലം ജനുവരിയിലാണ് കിട്ടുന്നത്. അതിനിടയ്ക്ക് ഒരു ഇടക്കാല റിപ്പോർട്ടു കിട്ടി. ഇടക്കാല റിപ്പോർട്ട് വാങ്ങിയത് എന്തിനാണെന്നോ ? ദോഹ കോൺഫറൻസിനുമുമ്പ് ഇത് സഹായകരമായിട്ടുള്ള വിധത്തിൽ കേന്ദ്ര ഗവൺമെന്റിന് ഉപയോഗിക്കാനാണ്. അവർക്കത് അയച്ചുകൊടുത്തു. ഞാൻ നേരത്തേ ഡൽഹിയിൽ ഒരു കോൺഫറൻസിനു പോയിരുന്നു. അവിടെ വച്ച് അജിത് സിംഗുമായി സംസാരിച്ച് എഗ്രിമെന്റായി. റിപ്പോർട്ട് ഞാൻ അയച്ചു കൊടുക്കാമെന്നു പറഞ്ഞു. അതുകൊണ്ട് ഇടക്കാല റിപ്പോർട്ട് വാങ്ങി. ദോഹ കോൺഫറൻസിൽ നമ്മുടെ കൃഷിക്കാരെ രക്ഷിക്കാൻ എന്താണ് മാർഗ്ഗം, എന്തൊക്കെ നടപടികളാണ് ആവശ്യമായും എടുക്കേണ്ടത്. എന്നുള്ളതിനെ സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ കാര്യങ്ങൾ നടപടികൾ ഉൾക്കൊള്ളിച്ച ശുപാർശകൾ അയച്ചു കൊടുത്തു. രണ്ടാമതു റിപ്പോർട്ട് കിട്ടി. അതു കൃഷി വകുപ്പിനെ മാത്രം ബാധിക്കുന്നതല്ല. ഹെൽത്ത്, ഇൻഡസ്ട്രി, അതുപോലെ പല വകുപ്പുകളേയും ബാധിക്കുന്ന കാര്യങ്ങൾ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നതു സംബന്ധിച്ച ശുപാർശകൾ ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്യാനാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയെ വച്ചത്. സമയബന്ധിതമായി ആ റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാന ത്തിൽ കുറെ കാര്യങ്ങൾ ചെയ്തു. കാർഷിക യൂണിവേഴ്സിറ്റിയൊക്കെ അതിന്റെ ഭാഗമായിട്ടാണ് Virtual University-യ്ക്ക് നടപടിയായത് അതു നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കാൻ തീരുമാനിച്ചതും നടപടി തുടങ്ങിയതും Swaminathan Commission പിന്നീടാണ്. എത്രയും വേഗം ശുപാർശകൾ നടപ്പിലാ ക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ആരംഭിച്ചു കഴിഞ്ഞു. രണ്ടാമത്തെ കാര്യം, ഉല്പാദനക്കുറവിനെ സംബന്ധിച്ച്, ബയോ ടെക്നോളജിയും ഐ.ടി.-യും ഉപയോഗിച്ച് ഇതു എങ്ങനെ പരിഹരിക്കാം. അതിനുവേണ്ടി ഐ.സി.എ.ആർ.-ന്റെ മുൻ ചെയർമാനായിരുന്ന ഡോ. ചോപ്ര അധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചു. കെ. പി. പി. നമ്പ്യാർ ഐ.ടി.-യുടെ ചീഫ് ആയും ഒരു കമ്മിറ്റി സംഘടിപ്പിച്ചിട്ടുണ്ട്. ബയോ ടെക്നോളജിയും ഐ.ടി.-യും ഉപയോഗിച്ചുകൊണ്ടുള്ള സാങ്കേതിക വിദ്യ കൃഷിക്കാരിൽ എത്തിക്കുന്നതിനു ഉല്പാദന വർദ്ധനവ്, രോഗപ്രതിരോധം ഇവയ്ക്കാവശ്യമായ വിജ്ഞാന വ്യാപനവും Space ഉൾപ്പെടെ III ITMK-യുടെ ടെക്നോളജി ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായും ചാനലുകളിൽ കൂടി കർഷകരിൽ അന്നന്ന് കൃഷി വിജ്ഞാനം എത്തിക്കുന്നതിന് നടപടികളെടുത്തു വരുന്നു. ദിവസവും അര മണിക്കൂർ കൃഷി വാർത്തകൾ ചാനലിൽ കൂടി ഉണ്ടായിരിക്കണം. കാർഷിക വില നിലവാരം രോഗത്തിനുള്ള പ്രതിവിധി മാർക്കറ്റ്, കാലാവസ്ഥ അടക്കം സമയം ഇന്ന കൃഷി, ഇന്ന മണ്ണിൽ എന്നു തുടങ്ങി കൃഷിക്കാർ അറിഞ്ഞിരിക്കേണ്ട മുഴുവൻ കാര്യങ്ങളും അറിയുന്നതിനുവേണ്ടിയുള്ള ഒരു കൃഷിപാഠം ദിവസവും കൃഷിക്കാരെ അറിയിക്കും ആ റിപ്പോർട്ട് ഞങ്ങൾ അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കിസാൻ പ്രോജക്ട് നടപ്പാക്കാൻ തീരുമാനിച്ച MOU ഒപ്പു വച്ചു. തിരുവനന്തപുരത്ത് 10 കൃഷി ഭവനുകൾ അതു പരിശോധിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തു വരുന്നു. രണ്ടു മാസത്തിനകം ഇവിടെ നിന്നും ഏഷ്യാനെറ്റിന്റെ ചാനലുകളിൽകൂടി കൃഷിക്കാർക്ക് കിട്ടേണ്ടതായിട്ടുള്ള കാർഷിക വിവരങ്ങൾ കിട്ടുന്നതിനുള്ള നടപടികളായി ചോപ്രാ കമ്മിറ്റി ബയോ ടെക്നോളജി ഉപയോഗിച്ച് എടുക്കേണ്ട നടപടികൾ, അതിൽ ടിഷ്യൂ കൾച്ചറിന്റെ പ്രാധാന്യം Tissue Culture Plant ആവശ്യത്തിന് ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ Productivity വർദ്ധിപ്പിക്കാൻ മറ്റേതൊക്കെ വിധത്തിലുള്ള നടപടികൾ എടുക്കണം എന്നതിനെ സംബന്ധിച്ച് ചോപ്രാ അദ്ധ്യക്ഷനായ Biotechnology Wing-ഉം റിപ്പോർട്ട് തന്നിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൈനലായി കിട്ടിയ റിപ്പോർട്ട് അടിസ്ഥാനമാക്കി എടുക്കേണ്ട നടപടികളെ സംബന്ധിച്ച് തീരുമാനമായി. അതിനുവേണ്ടിയുള്ള നീക്കവും നടന്നുവരുന്നു. ഇതിനും പുറമേ സോയിൽ സർവ്വേ നടത്തുന്നുണ്ട്. 1990-കളിൽ തുടങ്ങിയതാണ് സോയിൽ സർവേ. വെറുതെ അങ്ങനെ അത് നീണ്ടുപോയി. സോയിൽ സർവ്വേ കൃഷിയെ സംബന്ധിച്ചു പ്രധാനമായതിനാൽ ടൈം ഷെഡ്യൂളിൽ തീർക്കാൻ നടപടികൾ എടുത്തു. കൊല്ലത്തും ആലപ്പുഴയിലും സോയിൽ മാപ്പ് പ്രിപ്പെയർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ പ്രിപ്പെയർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുമായിട്ടുള്ള കോൺഫറൻസുകൾ നടന്നു. ഏതു മണ്ണിൽ ഏതു കൃഷി, ഏതൊക്കെ ചേരുവകൾ വേണം. എന്തൊക്കെ ഒഴിവാക്കണം അതിനാവശ്യമായ നടപടികൾ എന്തൊക്കെയാണ്.- അതിനാവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് എടുത്തുകഴിഞ്ഞു. അതാണ് എനിക്ക് ഇതിനെപ്പറ്റി പറയാനുള്ളത്. അതുപോലെ പഞ്ചായത്തിന്റെ യോഗം വിളിച്ചാൽ വളരെ കുറച്ചു എം.എൽ.എ.-മാരെ പങ്കെടുക്കുന്നുള്ളു. സോയിൽ മാപ്പ് പ്രിപ്പറേഷൻ പഞ്ചായത്തു കോൺഫറൻസുകൾ ഇവ കൃഷിയെ സംബന്ധിച്ച് പ്രധാനമാണ്. ഏതു കൃഷി ഏതു മണ്ണിൽ മണ്ണിന്റെ നിലവാരം ഇവകൾ കണ്ടുപിടിച്ചാൽ കൃഷി എളുപ്പമായി. മണ്ണിന്റെ നിലവാരം മനസ്സിലാക്കാൻ ജില്ലകളിൽ മണ്ണു പരിശോധനാ നടപടി എടുത്തു കഴിഞ്ഞു. ഏതു മണ്ണിൽ ഏതു കൃഷി എങ്ങനെ ചെയ്യണം അതിനാവശ്യമായിട്ടുള്ള സഹായങ്ങൾ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനുംപുറമേ നമ്മൾ സാധനങ്ങൾ മാർക്കറ്റു ചെയ്യുമ്പോൾ പല കാര്യങ്ങളും ശ്രദ്ധിക്കണം. എനിക്കുള്ള ഒരു കുറ്റം ഞാൻ പറയാം. സാധനങ്ങൾ നേരെ ചൊവ്വേ നോക്കാത്തതാണ്. Agricultural Export Zones നമ്മുടെ നാട്ടിൽ നടപ്പാക്കുന്നതിന് നമ്മൾ താമസിച്ചു പോയി. കാര്യങ്ങൾ അറിഞ്ഞു, ഇന്നതുപോലെയാണ് ചെയ്യേണ്ടത് എന്നു മനസ്സിലാക്കാൻ ഒരു കൺസൾട്ടൻസിയെ വച്ചു ഒരു പ്രോജക്ട് ഉണ്ടാക്കിച്ചു. ആ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട് ചർച്ച ചെയ്ത് ഞങ്ങൾ അംഗീകരിച്ചു. കേന്ദ്രത്തിലും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി. പഴങ്ങൾക്കും പച്ചക്കറികൾക്കും Agricultural Export Zones നടപ്പിലാക്കാൻ കരാർ ഒപ്പുവച്ചു. അതുപോലെ പച്ചക്കറി എത്ര സ്ഥലത്ത് ഇക്കൊല്ലം കൃഷി ചെയ്യണം, ഈ പദ്ധതി തീർക്കുന്നതിനുമുമ്പ് എത്ര ഉണ്ടാക്കണം എന്നുള്ളതിനെ സംബന്ധിച്ചുള്ള ബഡ്ജറ്റ് പ്രൊവിഷൻ മാറ്റേണ്ടതു മാറ്റി. അതിനാവശ്യമായിട്ടുള്ള നടപടികൾ എടുത്ത് വർക്ക്, തുടങ്ങിക്കഴിഞ്ഞു. ശ്രീ. കെ. നാരായണക്കുറുപ്പ് സംസാരിച്ചപ്പോൾ പറഞ്ഞു പഴയ കൃഷിയാണ് നല്ലത് എന്ന്. പഴയ കൃഷി രീതികൾ നമ്മൾ എടുക്കണം. പുതിയതായിട്ടുള്ള കണ്ടുപിടിത്തങ്ങൾ ഈ കാലത്തു കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ നേരിടുന്നതിനുവേണ്ടിയും കൃഷി സമ്പുഷ്ടമാക്കുന്നതിനു വേണ്ടിയുമുള്ള നടപടികളാണ് എടുത്തിരിക്കുന്നത്.

മൃഗസംരക്ഷണ രംഗത്തും ഡയറി രംഗത്തും പ്രധാനമായും പറഞ്ഞത് മിൽമയെക്കുറിച്ചാണ്. അങ്ങാണ് മിൽമ എന്നു പറയുന്ന സ്ഥാപനം തിരുവനന്തപുരത്ത് തുടങ്ങിയത്. അതു കേരളത്തിലൊട്ടാകെ വ്യാപിപ്പിച്ചത് ഞാനുമാണ്. ഞാൻ വ്യാപിപ്പിച്ച ആ സ്ഥാപനം നശിപ്പിക്കാൻ ഞാൻ NDDB-യ്ക്ക് കൂട്ടു നിൽക്കുന്നു എന്നാണ് പറയുന്നത്. ഏതാണ്ട് എന്തോ ഞാൻ ചെയ്തു എന്നാണ് പറയുന്നത്. അറിഞ്ഞുകൂടെങ്കിൽ മനസ്സിലാക്കിക്കോ NDDB ആണ് Mother Diary എന്ന subsidary-യുടെ കേന്ദ്ര സ്ഥാപനം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പാൽ ഓടയിൽ ഒഴുക്കലായിരുന്നു. പഴയ കേരള ഗവൺമെന്റുമായി NDDB-യും കുര്യനും അമൂലുമൊക്കെ പിണങ്ങി നിൽക്കുന്ന കാലമായിരുന്നു. ഞാൻ വിളിച്ചിട്ടാണ് അവർ ഇവിടെ വന്നത്. ഇവിടെ പാൽ ഒഴുക്കിക്കളയാതിരിക്കാൻ നമുക്ക് 35 കോടി രൂപയുടെ പില്ലിംഗ് പ്ലാന്റും ഡയറി പ്ലാന്റും ഡെവലപ്മെന്റിനു വേണ്ടിയുള്ള സഹായവും അവർ തന്നു. എറണാകുളത്തെ യൂണിയന് ഈ പണം ഉപയോഗിക്കാൻ കഴിഞ്ഞില്ല. മറ്റു രണ്ടു യൂണിയനുകളും ഇതെടുത്തു. ചില്ലിംഗ് പ്ലാന്റുകളുടെയും ഡയറി പ്ലാന്റുകളുടേയും കപ്പാസിറ്റി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ എടുത്തു. നമുക്ക് എതിരായി നിൽക്കുന്ന സ്ഥാപനമാണ് NDDB എന്ന് വിശ്വസിച്ചുവരുന്നു. അവർ തന്നെയാണ് ഇപ്പോൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി രോഗം ഇല്ലാത്ത നാടാക്കണമെന്നു പറഞ്ഞുകൊണ്ട് അതിനാവശ്യമായിട്ടുള്ള 32 കോടി രൂപ സഹായമായി, ഫ്രീയായി നമുക്ക് Deseas free zone ഉണ്ടാക്കാൻ തന്നിരിക്കുന്നത്. നമ്മൾ വളരെ കുറച്ചു പൈസ ഉപയോഗിച്ചാൽ മതി NDDB ആണ് അതിനുവേണ്ടിയുള്ള പണം മുഴുവനും Technical know-low-ഉം നമ്മൾക്ക് തരുന്നത്. നമ്മൾ ഉദ്യോഗസ്ഥരെ കൊടുത്താൽ മതി. Mother food diary-ഉം Milma-യുമായിട്ടുള്ള കരാറിൽ ആദ്യം എനിക്കും സംശയമുണ്ടായിരുന്നു. ഇല്ലെന്നു ഞാൻ പറയുന്നില്ല. പാൽ വിതരണമാണ് അവർ ഏറ്റെടുത്തിരിക്കുന്നത്. നമുക്ക് പൈസ കിട്ടുന്നതും നമ്മൾ കാശുണ്ടാക്കുന്നതും ആ രംഗത്തിൽക്കൂടിയാണ്. എനിക്ക് ആദ്യം സംശയമുണ്ടായിരുന്നു. ഞാനും അവരുമായി ചർച്ച ചെയ്തു. ആ എഗ്രിമെന്റിൽ രണ്ടു കൂട്ടർക്കും ഇഷ്ടമില്ലെങ്കിൽ അപ്പോൾ പിരിഞ്ഞു പോകാനുള്ള വ്യവസ്ഥകൾ വച്ചിട്ടുണ്ട്. NDDB ഒരു കേന്ദ്ര സ്ഥാപനമാണ്. അമൂലായി തുടങ്ങി NDDB ആയി മാറിയ ഒരു സ്ഥാപനം, പാൽ വിതരണ രംഗത്ത് NDDB-യുടെ ഇതുവരെയുള്ള അവരുടെ പ്രവർത്തനങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

മുതലാളിമാർക്ക് എതിരായുള്ള പോരാട്ടം, ആ പോരാട്ടവും പാൽ കർഷകരെ സഹായിക്കുന്നതിനുള്ള നടപടികളും വച്ചു നോക്കുകയാണെങ്കിൽ അവരെ അവിശ്വസിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. ആ നിലയിൽ അവരുമായി ഒരു എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. ആ എഗ്രിമെന്റ് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നുമുണ്ട്. safety clause ആയിട്ട് ഇത്രയും ആളുകൾ എതിരു പറഞ്ഞു. ശ്രീ. കുര്യനും കൂടി എതിരു പറഞ്ഞു. ഞാനും ശ്രീ. കുര്യനുമായി അദ്ദേഹം ഇവിടെ വന്നതിനുശേഷം സംസാരിച്ചു. ഇവിടെ വന്നതിനുശേഷം അദ്ദേഹം ഇതിനെതിരായി ഒരു പ്രസ്താവനയും നടത്താതെയാണ് പോയത്. രണ്ടു ദിവസം ഇവിടെ താമസിച്ചതിനുശേഷമാണ് പോയത്. പാലക്കാട് വന്നപ്പോൾ പറഞ്ഞത് ഇവിടെ വന്നപ്പോൾ പറഞ്ഞില്ല. ഏതായാലും ഇവിടത്തെ മിൽമയ്ക്കും ക്ഷീരകർഷകർക്കും അസ്വീകാര്യമായിട്ടുള്ള വിധത്തിലുള്ള ഒരു സ്ഥിതി വിശേഷമുണ്ടായാൽ രണ്ടു കൂട്ടർക്കും മാറത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കും. അതിനുള്ള വ്യവസ്ഥകൾ ആ കരാറിലുണ്ട്. ഞങ്ങൾ ഒരുപാട് കാര്യങ്ങൾ ഈ രംഗത്ത് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ കൃഷിയിൽ സ്ത്രീകളുടെ പങ്കിനെക്കുറിച്ച് പറഞ്ഞിട്ടില്ലായിരുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ ഒരു ഐറ്റമാണ് Women in Agriculture Programme. ഞാൻ പാലക്കാട് പോയി 2250 വീട്ടുകാർക്ക് ഒന്നിച്ച് Floriculture നടത്തുന്നതിനാവശ്യമായ പണം കൊടുത്തു. ഒരു ലക്ഷം സ്ത്രീകൾക്ക് തൊഴിൽ കൊടുക്കത്തക്ക വിധത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ നടപടിയെടുത്തിട്ടുണ്ട്. അതു നടത്തണമെന്നാണ് ആഗ്രഹം. തൊഴിലെന്നു പറഞ്ഞാൽ കുടുംബ വരുമാനമാണ്. അല്ലാതെ അയ്യായിരവും പതിനായിരവും രൂപ കിട്ടുമെന്നല്ല പറയുന്നത്. ഇന്നത്തെ നിലയിൽ തേനീച്ച വളർത്തൽ, പച്ചക്കറി വികസനം Floriculture നമ്മൾ കൊടുക്കുന്നതായിട്ടുള്ള മെഷീനറികൾ ഉണ്ടല്ലോ അതുപയോഗിക്കാനും അങ്ങനെ സ്ത്രീകളെ ഉല്പാദന മേഖലയുടെ ഭാഗമാക്കാനും കൃഷിക്കാരെന്നുള്ള നിലയിൽ അവരുടേതായ സ്വന്തം പ്രാവീണ്യം നടപ്പിലാക്കുന്നതിനും വേണ്ടി Women in Agriculture Programme നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശ്രീ. ജോർജ് പറഞ്ഞ കാര്യം കൂടി പറയാം. ജോർജ് എന്നും വന്ന് എന്നെ ശല്യപ്പെടുത്തും. അതെന്താണെന്നു വച്ചാൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിലെന്നു പറഞ്ഞു കൊണ്ട് ഒരു സ്കീം ശ്രീ. ജോർജ് മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നിരുന്നു. ഞാൻ അതൊക്കെ വായിച്ചു നോക്കി. അവർക്ക് പെൻഷനും ശമ്പളവുമൊക്കെ കൊടുക്കാൻ വിഷമമായിരിക്കും. എന്താണെന്നു വച്ചാൽ ഇത്രയും തുക ലജനാവിൽ നിന്നും കൊടുക്കാൻ സാധിക്കുകയില്ല. പക്ഷേ, ചെറുപ്പക്കാരായിട്ടുള്ള കൃഷിയിൽ സ്നേഹമുള്ള ആഗ്രഹമുള്ള പ്രാവീണ്യമുള്ള ചെറുപ്പക്കാർക്ക് ഈ തരിശായി കിടക്കുന്ന സ്ഥലം മെക്കനൈസ് ചെയ്ത് കൃഷി നടത്തുന്നതിനാവശ്യമായ ഒരു ലക്ഷം യുവാക്കളെ നെല്ലുല്പാദന മേഖലയിൽ ആദ്യമെടുത്തുകൊണ്ടുള്ള പരിപാടി ഇക്കൊല്ലം സ്റ്റാർട്ടു ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മൃഗസംരക്ഷണത്തെ കുറിച്ച് ഒന്നും പറഞ്ഞില്ല എന്തെങ്കിലും കാര്യങ്ങൾ അതിനെക്കുറിച്ച് അറിയണമെങ്കിൽ ചോദിച്ചാൽ മറുപടി തരാം. എല്ലാവരുടേയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ അംഗീകരിച്ച് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2.00 P.M.]

184/2013

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സർവ്വശ്രീ. മത്തായി ചാക്കോ, കെ.പി. രാജേന്ദ്രൻ, എം. കുമാരൻ, കെ.പി. സതീശ് ചന്ദ്രൻ, എ.കെ. ബാലൻ, കെ.കെ. ജയചന്ദ്രൻ, ടി.പി. രാമകൃഷ്ണൻ, പി. ജയരാജൻ, എം.വി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, ടി. കെ. ബാലൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ. സി.കെ. നാണു, ഡോ. തോമസ് ഐസക്, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ XXVാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപം നിരാകരിക്കപ്പെട്ടിരിക്കുന്നു.

പട്ടികജാതി /പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമ ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 75

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ
5. " സി. ടി. മുഹമ്മദ് അലി
6. " എ. പി. അനിൽകുമാർ
7. " കെ. ബാബു
8. " ബാബു ദിവാകരൻ
9. " പി. കെ. കെ. ബാവ
10. " ടി. വി. ചന്ദ്രമോഹൻ

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ.കെ. എ. ചന്ദ്രൻ
12. " എം. എ. ചന്ദ്രശേഖരൻ
13. " ഡൊമിനിക് പ്രസന്റേഷൻ
14. " കെ. ബി. ഗണേഷ് കുമാർ
15 " എം. പി. ഗംഗാധരൻ
16. " പി. പി. ജോർജ്
17. " ജോർജ് ജെ. മാത്യു
18. ശ്രീമതി കെ. ആർ. ഗൗരിയമ്മ
19. ശ്രീ. എം. എം. ഹസ്സൻ
20. " വി. കെ. ഇബ്രാഹീം കുഞ്ഞ്
21. " ടി. എം. ജേക്കബ്
22. " ജോണി നെല്ലൂർ
23. " ജോസഫ് എം. പുതുശ്ശേരി
24. " പി. ജെ. ജോയി
25. " വർക്കല കഹാർ
26. " കെ. കെ. നായർ
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
29. " ലൂഡി ലൂയിസ്
30. " സി. മമ്മൂട്ടി
31. ശ്രീമതി മേഴ്സി രവി
32. ശ്രീ. കെ. മുഹമ്മദാലി
33. " ഇ. ടി. മുഹമ്മദ് ബഷീർ
34. " കെ. മോഹൻ കുമാർ
35. " എ. കെ. മണി
36. " സി. മോയിൻകുട്ടി
37. " ആര്യാടൻ മുഹമ്മദ്
38. " സി. പി. മുഹമ്മദ്
39. " എം. കെ. മുനീർ

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. എം. മുരളി
41. " ടി. എച്ച്. മുസ്തഫ
42. " കെ. നാരായണക്കുറുപ്പ്
43. " എഴുകോൺ നാരായണൻ
44. " ഉമ്മൻചാണ്ടി
45. " എം. കെ. പോൾസൺ മ
46. " ടി. എൻ. പ്രതാപൻ
47. " ജി. പ്രതാപവർമ്മ തമ്പാൻ
48. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. " ടി. യു. രാധാകൃഷ്ണൻ
50. ശ്രീമതി രാധാരാഘവൻ
51. ശ്രീ. എം. വി. രാഘവൻ
52. " തേറമ്പിൽ രാമകൃഷ്ണൻ
53. " യു. സി. രാമൻ
54. " തമ്പാനൂർ രവി
55. " റോഷി അഗസ്റ്റിൻ
56. " ടി. പി. എം. സാഹിർ
57. " എൻ. ശക്തൻ
58. " കെ. ശങ്കരനാരായണൻ
59. ശ്രീമതി മാലേത്ത് സരളാ ദേവി
60. ശ്രീ. വി. ഡി. സതീശൻ
61. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
62. ശ്രീ. കെ. കെ. ഷാജു
63. " കടവൂർ ശിവദാസൻ
64. ശ്രീമതി ശോഭനാ ജോർജ്
65. ശ്രീ. നാലകത്ത് സൂപ്പി
66. " കെ. സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

67. ശ്രീ. ഡി. സുഗതൻ
68. " എ. സുജനപാൽ
69. " സി. എഫ്. തോമസ്
70. " പി. ടി. തോമസ്
71. " തോമസ് ഉണ്ണിയാടൻ
72 " ഉമേഷ് ചള്ളിയിൽ
73. " എം. എ. വാഹീദ്
74. " കെ. സി. വേണുഗോപാൽ
75. " ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 31

1. ശ്രീ. മഞ്ഞളാംകുഴി അലി
2. " എ. എ. അസീസ്
3. " കോടിയേരി ബാലകൃഷ്ണൻ
4. " എ. കെ. ബാലൻ
5. " ടി. കെ. ബാലൻ
6. " ബിനോയ് വിശ്വം
7. " വി. കെ. ചന്ദ്രൻ
8. " വി. ചെന്താമരാക്ഷൻ
9. " ടി. കെ. ദേവകുമാർ
10. " പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. കെ. കെ. ജയചന്ദ്രൻ
13. " എം. വി. ജയരാജൻ
14. " പി. ജയരാജൻ
15 ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. " കെ. വി. കുഞ്ഞിരാമൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. കോവൂർ കുഞ്ഞുമോൻ

19. ശ്രീ. വി. കെ. സി. മമ്മത്കോയ

20. " കെ. പി. മോഹനൻ

21. " പിരപ്പൻകോട് മുരളി

22. " സി. കെ. നാണു

23. ഡോ. എ. നീലലോഹിതദാസൻ നാടാർ

24. ശ്രീ. കെ. രാധാകൃഷ്ണൻ

25. " മാങ്കോട് രാധാകൃഷ്ണൻ

26. " എൻ. രാജൻ

27. " കെ. പി. രാജേന്ദ്രൻ

28. " ടി. പി. രാമകൃഷ്ണൻ

29. " സാജുപോൾ

30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

31. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : പ്രമേയത്തെ

അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 31

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : സർവ്വശ്രീ. മഞ്ഞളാംകുഴി അലി, എം. കുമാരൻ, കോവൂർ കുഞ്ഞുമോൻ, കോടിയേരി ബാലകൃഷ്ണൻ, ടി.കെ. ബാലൻ എ. കെ. ബാലൻ, വി. ചെന്താമരാക്ഷൻ, കെ. പി. രാജേന്ദ്രൻ, ടി.കെ. ദേവകുമാർ, കെ. കെ. ജയചന്ദ്രൻ, പി. ജയരാജൻ, എം.വി. ജയരാജൻ. കെ.വി. കുഞ്ഞിരാമൻ, മത്തായി ചാക്കോ, കെ. രാധാകൃഷ്ണൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, കെ.പി. മോഹനൻ, സി. കെ. നാണു ഡോ. തോമസ് ഐസക്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി) :

അനുകൂലിക്കുന്നവർ - 75

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദുറബ്ബ്
4. " കെ. അച്ചുതൻ
5. " സി. ടി. മുഹമ്മദ് അലി
6. " എ. പി. അനിൽകുമാർ
6. " ഇ. എം. അഗസ്തി
7. " കെ. ബാബു
8. " ബാബു ദിവാകരൻ
9. " പി. കെ. കെ. ബാവ
11. " കെ. എ. ചന്ദ്രൻ
12. " എം. എ. ചന്ദ്രശേഖരൻ
13. " ഡൊമിനിക് പ്രസന്റേഷൻ
14. " കെ. ബി. ഗണേഷ് കുമാർ
15 " എം. പി. ഗംഗാധരൻ
16. " പി. പി. ജോർജ്
17. ശ്രീ. ജോർജ് ജെ. മാത്യു
18. ശ്രീമതി കെ. ആർ. ഗൗരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. എം. എം. ഹസ്സൻ
20. " വി. കെ. ഇബ്രാഹീം കുഞ്ഞ്
21. " ടി. എം. ജേക്കബ്
22. " ജോണി നെല്ലൂർ
23. " ജോസഫ് എം. പുതുശ്ശേരി
24. " പി. ജെ. ജോയി
25. " വർക്കല കഹാർ
26. " കെ. കെ. നായർ
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
29. " ലൂഡി ലൂയിസ്
30. " സി. മമ്മൂട്ടി
31. ശ്രീമതി മേഴ്സി രവി
32. ശ്രീ. കെ. മുഹമ്മദാലി
33. " ഇ. ടി. മുഹമ്മദ് ബഷീർ
34. " കെ. മോഹൻ കുമാർ
35. " എ. കെ. മണി
36. " സി. മോയിൻകുട്ടി
37. " ആര്യാടൻ മുഹമ്മദ്
6. " സി. പി. മുഹമ്മദ്
38. " എം. കെ. മുനീർ
39. " എം. മുരളി
40. " ടി. എച്ച്. മുസ്തഫ
41. " കെ. നാരായണക്കുറുപ്പ്
42. " എഴുകോൺ നാരായണൻ
43. " ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
45. " ടി. എൻ. പ്രതാപൻ
46. " ജി. പ്രതാപവർമ്മ തമ്പാൻ
47. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീമതി രാധാരാഘവൻ
50. ശ്രീ. എം. വി. രാഘവൻ
51. " തേറമ്പിൽ രാമകൃഷ്ണൻ
52. " യു. സി. രാമൻ
53. " തമ്പാനൂർ രവി
54. " റോഷി അഗസ്റ്റിൻ
55. " ടി. പി. എം. സാഹിർ
56. " എൻ. ശക്തൻ
58. " കെ. ശങ്കരനാരായണൻ
59. ശ്രീമതി മാലേത്ത് സരളാ ദേവി
60. ശ്രീ. വി. ഡി. സതീശൻ
61. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
62. ശ്രീ. കെ. കെ. ഷാജു
63. " കടവൂർ ശിവദാസൻ
64. ശ്രീമതി ശോഭനാ ജോർജ്
65. ശ്രീ. നാലകത്ത് സൂപ്പി
66. " കെ. സുധാകരൻ
67. " ഡി. സുഗതൻ
68. " എ. സുജനപാൽ
69. " സി. എഫ്. തോമസ്
6. പ്രൊഫ. കെ. വി. തോമസ്
70. ശ്രീ. പി. ടി. തോമസ്
71. " തോമസ് ഉണ്ണിയാടൻ
72. " ഉമേഷ് ചള്ളിയിൽ

184/2013

LIBRARY ARCHIVES Kerala Legislative Assembly

73. ശ്രീ. എ. എ. വാഹീദ്

74. " കെ. സി. വേണുഗോപാൽ

75. " ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 31

1. ശ്രീ. മഞ്ഞളാംകുഴി അലി

2. " എ. എ. അസീസ്

3. " കോടിയേരി ബാലകൃഷ്ണൻ

4. " എ. കെ. ബാലൻ

5. " ടി. കെ. ബാലൻ

6. " ബിനോയ് വിശ്വം

7. " വി. കെ. ചന്ദ്രൻ

8. " വി. ചെന്താമരാക്ഷൻ

9. " ടി. കെ. ദേവകുമാർ

10. " പി. സി. ജോർജ്

11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ

12. ശ്രീ. കെ. കെ. ജയചന്ദ്രൻ

13. " എം. വി. ജയരാജൻ

14. " പി. ജയരാജൻ

15 ഡോ. കെ. സി. ജോസഫ്

16. ശ്രീ. വി. സി. കബീർ

17. " കെ. വി. കുഞ്ഞിരാമൻ

18. " കോവൂർ കുഞ്ഞുമോൻ

19. " വി. കെ. സി. മമ്മത്കോയ

20. " കെ. പി. മോഹനൻ

21. " പിരപ്പൻകോട് മുരളി

22. " സി. കെ. നാണു

23. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. രാധാകൃഷ്ണൻ

25. " മാങ്കോട് രാധാകൃഷ്ണൻ

26. " എൻ. രാജൻ

27. " കെ. പി. രാജേന്ദ്രൻ

28. " ടി. പി. രാമകൃഷ്ണൻ

29. " സാജുപോൾ

30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

31. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 31

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : സർവ്വശ്രീ. കെ.വി. കുഞ്ഞിരാമൻ, എം. കുമാരൻ, കെ.പി. മോഹനൻ, മഞ്ഞളാംകുഴി അലി, ടി.കെ. ബാലൻ, എ.കെ. ബാലൻ വി. ചെന്താമരാക്ഷൻ, കെ. കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, കെ. രാധാകൃഷ്ണൻ, ടി.പി. രാമകൃഷ്ണൻ, കെ.പി. സതീശ് ചന്ദ്രൻ, സി.കെ. നാണു, ഡോ. തോമസ് ഐസക്, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപം നിരാകരിക്കപ്പെട്ടിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സർവ്വശ്രീ. കെ. പി. മോഹനൻ, മത്തായി ചാക്കോ, കെ. പി. രാജേന്ദ്രൻ, എം. വി. ജയരാജൻ, ടി. കെ. ബാലൻ, പി. ജയരാജൻ, എം. കുമാരൻ, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, കെ. കെ. ജയചന്ദ്രൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ, സി. കെ. നാണു, ഡോ. തോമസ് ഐസക്, ഡോ. എ. നീലലോഹിത ദാസൻ നാടാർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

അറിയിപ്പ്

മി. സ്പീക്കർ : ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് പടർന്നു പിടിച്ച പല മനുഷ്യജീവനുകൾ അപഹരിച്ച, പനിയെ സംബന്ധിച്ച് റൂൾ 58 അനുസരിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് ഒരു നോട്ടീസ് തന്നിട്ടുണ്ട്. അതുപ്രകാരം ചർച്ച ഞാൻ അനുവദിച്ചു. നാളെ ഉച്ചയ്ക്കുശേഷം മൂന്നര മണിക്ക് വീണ്ടും സഭ സമ്മേളിച്ച്, സഭയുടെ അനുവാദത്തോടുകൂടി ഈ വിഷയത്തെ കുറിച്ച് ഒരു മണിക്കൂർ ചർച്ച ചെയ്യുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(10-7-2003 വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി നിയമസഭ ഉച്ചക്കുശേഷം 2.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly